# ബ്റാഹിമുബ്നു അദ്ഹം.



AMINA BOOK STALL
TRICHUR-1

പി.ബി. അബ്ദുല്ല

1469

ഹസ്രത്തു്

# ഇബ്റാഹിമുബ്നഅദ്ഹം

45699

പി. ബി. അബ്ദുല്ല

വില: **1-50**

ആമിനാ ബുക്കു് സ്റ്റാൾ,
തൃശ്ശൂർ-1

NATIONAL BOOK STALL
KOTTAYAM

Malayalam

**HASRAT EBRAHIMIBNU ADHHAM**

History

by

P. B. ABDULLA

Frist Edition Copies 1200

September 1969

Price Rs. 1-50

Copy Right to Publishers

Printed At:

Amina Printers, Trichur- 1

Published by:

AMINA BOOK STALL,

Trichur-1. S. India

ഹസ്രത്ത്

# ഇബ്‌റാഹിമുബ്‌നു അദ്ഹം

ജീവചരിത്രം

പി. ബി. അബ്ദുല്ല.

വില: **1-50**

പ്രസാധകർ:

**ആമിനാ ബുക്ക് സ്റ്റാൾ,**

തൃശ്ശൂർ-1.

ബ്രാഞ്ച്: മസ്ജിദ്ബസാർ, കോഴിക്കോട്-1.

ഒന്നാംപതിപ്പ് കോപ്പി 1200
1969 സെപ്തമ്പർ
അവകാശങ്ങളെല്ലാം ആമിനാബുക്ക്സ്റ്റാളിന്നു്
അച്ചടി:
ആമിനാ പ്രിൻേറഴ്സ്, തൃശ്ശൂർ-1.

# റഊസുസ്സാഹിദീൻ: ഇബ്രാഹിം
# ഇബ്നു അദ്ഹം (റ)

സർവ്വആലത്തേയും സംരക്ഷിക്കുന്ന പരിശുദ്ധനായ റബ്ബിനത്രെ! സവ്വസ്തുതിയും!

ലോകത്തിലെ ഇരുളിനേയും, മ്ലേഛതയെയും അകററുവാൻ ഭൂജാതനായ മുസ്തഫാ റസൂൽകരീം (സ) തിരുമേനിക്കും, താരങ്ങളായി പ്രശോഭിക്കുന്ന നബിയുടെ കുടുംബാദികൾക്കും അല്ലാഹുവിൻെറ സമാധാനം ഉണ്ടാകട്ടെ! ആമീൻ!!

ഹിജറ, ഉദ്ദേശം 100നും 200നും മദ്ധ്യെ, ഏഷ്യാ ഭൂഖണ്ഡത്തിൽ 'ബൽഖ്' (ബുഖാറാ) എന്നൊരു രാജ്യം ഉണ്ട്. ചരിത്രാരംഭകാലത്തു് ഉമറുൽഫാറൂഖ് (റ) ൻെറ വംശത്തിൽപെട്ട, അദ്ഹം എന്നുപേരായ ഒരു 'ഫഖീർ'

ആ രാജ്യത്തിൻെറ ഒരു ഭാഗത്തുള്ള ഒരു കാട്ടിൽ ഒരു ചെറിയ കുടിലിൽ താമസിച്ചുകൊണ്ടിരുന്നു.

തൻെറ നിത്യജീവിതത്തിനു് ദിവസവും നാലണ മാത്രം ആഗ്രഹിച്ചിരുന്ന ഈ ഫഖീർ, വിറക് വെട്ടലാണു് തൻെറ തൊഴിലായി സ്വീകരിച്ചിരുന്നതു്. ദിവസവും രാവിലെ തൻെറ കുടിലിൽനിന്നു് പുറപ്പെട്ടു, സന്ധ്യയാകുന്നതോടുകൂടി, ജോലിയും കഴിഞ്ഞു് തിരിച്ചുവരിക പതിവായിരുന്നു. ഒരിക്കൽ അദ്ഹം (റ) വിറക് വെട്ടുന്നതിനായി, ബൽഖിലെ തലസ്ഥാനനഗരിയിൽക്കൂടി നടന്നുപോകുമ്പോൾ ആ പാതയുടെ ഒരു ഭാഗത്തു് ഒരു ജനസഞ്ചയം ഘോഷയാത്രയായി പോകുന്നതുകണ്ടു. ഇതെന്തായിരിക്കാമെന്നറിയുവാനുള്ള ജിജ്ഞാസയോടുകൂടി അദ്ഹവും (റ) ആ ജനസഞ്ചയത്തിൻെറ പുറകിൽ നടന്നുതുടങ്ങി. 'ബൽഖിലെ'ബാദ്ഷായുടെ മകളായ രാജകുമാരി, കുളിക്കുവാൻ പരിവാരങ്ങളോടുകൂടി പോകുകയാണെന്നുള്ള വിവരം അറിഞ്ഞുകൊണ്ടിരിക്കുമ്പോൾ, പെട്ടന്നു്, പരിവാരങ്ങളുടെ മദ്ധ്യത്തിൽ ഒരുവഴി പ്രത്യക്ഷമാകുകയും രാജകുമാരിയെ വഹിച്ചുകൊണ്ടിരുന്ന പല്ലക്കിൻെറ ഒരു 'പട്ടത' കാററുമൂലം പൊങ്ങുകയും, അതിൽ അലങ്കരിക്കപ്പെട്ട സുന്ദരിയായ രാജകുമാരിയെ അദ്ഹമിനു കാണുവാൻ സന്ദർഭം ലഭിക്കുകയും ചെയ്തു. തൽസമയം മുതൽ ആ രാജകുമാരിയിൽ ആഗ്രഹം ജനിച്ച അദ്ഹം ആ സുന്ദരിയെ വിവാഹം ചെയ്യുന്നതിനു്ന്നാവശ്യമായ നടപടികൾ സ്വീകരിച്ചു. അനേകം 'ഒസീറന്മാരാൽ' ഉയർന്ന പദവിയിൽ പരിലസിക്കപ്പെട്ടി

രുന്ന ബൽഖിലെ ബാദുഷായുടെ കീഴിൽ അനേകം ചെറുരാജാക്കന്മാർ ഉണ്ടായിരുന്നു. അധികാരംകൊണ്ടും രാജപദവികൊണ്ടും പരാക്രമശാലിയും സുപ്രസിദ്ധനുമായ ബാദുഷായുടെ മകളെ വിവാഹം ചെയ്യുവാനുള്ള ആലോചനയ്ക്കുപോലും തന്റെ കീഴിലുള്ള രാജാക്കന്മാർ ധൈര്യപ്പെട്ടിരുന്നില്ല. രാജകുമാരിയിൽ ആവേശം ജനിച്ചിരുന്ന അദ്ഹമിന്നു്, ബാദുഷായുടെ രാജപദവികളൊന്നും തടസ്സമായി തോന്നിയില്ല. ആയതിനാൽ, അദ്ഹം തന്റെ ആഗ്രഹനിവൃത്തിക്കായി പലരേയും സമീപിച്ചു അദ്ഹമിന്റെ ആഗ്രഹം അറിഞ്ഞ ചിലർ, അദ്ദേഹത്തെ ഭ്രാന്തനായും, മററു ചിലർ മൂഢനായും കരുതി. വേറെ ചിലർ അദ്ദേഹത്തെ ഉപദ്രവിക്കുകയും അപഹസിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞ ചില ഉദ്യോഗസ്ഥന്മാർ അദ്ഹമിനെ ഭയപ്പെടുത്തി. ഇവയിലൊന്നും യാതൊരു കുലുക്കവും സംഭവിക്കാതെ, അദ്ഹം തന്റെ ഉറച്ചതീരുമാനത്തിൽ അന്വേഷണം തുടർന്നു കൊണ്ടിരുന്നു. ഒടുവിൽ ഒരാൾ അദ്ഹമിനോടു ഇപ്രകാരം പറഞ്ഞു. 'ബൽഖിലെ ബാദുഷാ, കൊല്ലത്തിൽ ഒരിക്കൽ ജനങ്ങളുടെ സങ്കടങ്ങൾ നേരിട്ടു ഗ്രഹിക്കുവാൻ, പരിവാരസമേതം ഈ നഗരത്തിന്റെ അടുത്തുള്ള ഒരു മൈതാനിയിൽ എഴുന്നുള്ളുന്നതും അവിടെ ഇരുന്നു സങ്കടങ്ങൾ കേൾക്കുന്നതുമാകുന്നു. തൽസമയം നിങ്ങൾക്ക് നിങ്ങളുടെ സങ്കടം തിരുമുൻപിൽ ഉണർത്തിക്കുവാൻ സാധിക്കും.' ഇതുകേട്ടു സന്തോഷത്തോടും, ആവേശത്തോടും കൂടി അദ്ഹം വീണ്ടും അദ്ദേഹത്തോടു ഇപ്രകാരം ചോദി

ച്ചു, 'ബാദുഷായുടെ അടുത്തവരവ് എപ്പോഴാണു്?' 'ഇനി ഒരു മാസമേഉള്ളുവെന്നു് അദ്ദേഹം ഉത്തരം പറഞ്ഞു.' ഇതുകേട്ട സംതൃപ്തനായ അദ്ഹം തൻെറ ജോലിക്ക്പോകുവാൻ ആരംഭിച്ചു. നിശ്ചയിക്കപ്പെട്ട ദിവസം, പരിവാരസമേതം, അലങ്കരിക്കപ്പെട്ട പല്ലക്കിൽ, ബാദുഷാ' മൈതാനിയിൽ തയ്യാറാക്കിയിട്ടുള്ള സിംഹാസനത്തിൽ ആസനസ്ഥനായി. തൻെറ പ്രധാന 'ഔസീററന്മാർ' ബാദുഷായുടെ ഇരുഭാഗത്തും, മററ 'ഒസീദന്മാരും, വൻകിടഉദ്യോഗസ്ഥന്മാർ അകന്നും, ഇരിപ്പുറപ്പിച്ചു. പട്ടാളമേധാവികളായ 'കമാണ്ടരിൻചീഫും,' 'ലഫ്ററനൻറ്മാരും, ക്യാപ്ററന്മാരും, കരിവീരന്മാരുടെയും അശ്വങ്ങളുടെയും മുകളിൽ അണിനിരന്നു് ജനസഞ്ചയത്തെ സഗൌരവം നോക്കികൊണ്ടിരുന്നു. ഇവരുടെ ഇരുപാർശ്വങ്ങളിലുമായി ആയുധധാരികളായ പട്ടാളക്കാർ കൽപനകേൾക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു നിലകൊണ്ടു.

ബാദ്ഷാ (എല്ലായിടത്തും) സങ്കടക്കാരുടെ സങ്കടങ്ങൾ ഓരോന്നും കേൾക്കുകയും അവയ്ക്കു് പരിഹാരം കല്പിച്ചയക്കുകയും ചെയ്തുകൊണ്ടിരുന്നു. അപ്രകാരമുള്ള സങ്കടനിവാരണങ്ങളുടെ പര്യവസാനത്തിൽ, ഒരു ഫഖീർ നിൽക്കുന്നതു് ബാദുഷായുടെ ദൃഷ്ടിയിൽപെട്ടു. ആ ഫഖീറിൻെറ സങ്കടം എന്താണന്നു് അറിഞ്ഞുവരുവാൻ ബാദുഷാ തൻെറ ഒസീറിനോടു ആജ്ഞാപിച്ചു. അദ്ഹമിൻെറ സമീപത്തുവന്നു സങ്കടം എന്താണെന്നു ഒസീർ ചോദിച്ചു. 'ഞാൻ ബാദുഷായുടെ മകളിൽ 'ആശിഖാ'യി തീർന്നിരിക്കുകയാണു. അവളെ എനിക്കു്

വിവാഹം ചെയ്തുതരുവാൻ ബാദുഷായോടു പറയണം എന്നു് അദ്ഹം നിർഭയം അറിയിച്ചു. ഭയത്തോടും, ഗൌരവത്തോടുംകൂടി ഒസീർ, അദ്ഹമിനെ അവിടെനിന്നു് ആട്ടികളയുവാൻ ശ്രമിച്ചുവെങ്കിലും അദ്ഹം പോകാതെ അവിടെതന്നെനിന്നു. ഫഖീർ അവിടെതന്നെ നിൽക്കുന്നതായി വീണ്ടും ബാദുഷകണ്ടു 'എന്താണു് ആ ഫഖീറിൻെറ സങ്കടം എന്നു ബാദുഷാ, ഒസീറിനോടു ചോദിച്ചു. ആ ഫഖീറിൻെറ സങ്കടം തിരുമുമ്പിൽ ഉണർത്തിക്കുവാൻ എൻെറ നാവു് അനുവദിക്കുന്നില്ലെന്നു ഒസീർ ഉത്തരം നൽകി. ബാദുഷ, അദ്ഹമിനെ നേരിട്ടു വിളിക്കുകയും, സങ്കടം കേൾക്കുകയും ചെയ്തപ്പോൾ ബാദുഷാ ഏതാനും നിമിഷം തലകുനിച്ചു് മിണ്ടാതിരുന്നു. അല്പസമയം കഴിഞ്ഞു അദ്ഹമിൻെറ കുലവും, കുടുംബവും മററും ചോദിച്ചു. ഒടുവിൽ ബാദുഷാ ഇപ്രകാരം അരുൾ ചെയ്തു. 'ഒരാഴ്ചകഴിഞ്ഞശേഷം നിങ്ങൾ കൊട്ടാരത്തിലേക്കു വരിക. അവിടെവച്ചു കാര്യങ്ങൾ സംസാരിക്കാം.' ബാദുഷായും പരിവാരങ്ങളും പിരിഞ്ഞു. ഒരാഴ്ച കഴിഞ്ഞപ്പോൾ അദ്ഹം കൊട്ടാരത്തിൽ ചെന്നു് ബാദുഷായുമായി സംഭാഷണം ആരംഭിച്ചുകൊണ്ടിരിക്കുമ്പോൾ, മകൾ മരണമടഞ്ഞുവെന്ന വിവരം ബാദുഷാക്കു് ലഭിക്കുകയും, ബാദുഷാ തൽസ്ഥാനത്തേക്കു് ഓടിപ്പോകുകയുംചെയ്തു. ധാരാളം ജനങ്ങൾ ഓടികൂടിയതിൻെറ പിറകിൽ, അദ്ഹമും അസഹനീയമായ ദു:ഖത്തോടുകൂടി പാഞ്ഞെത്തി. തൻെറ സ്നേഹാധിക്യത്താൽ ശിരസ്സു് തല്ലി രക്തം ഒഴുക്കി. രാജകുമാരിയുടെ

മൃതദേഹം ഖബറിൽ അടക്കി, ജനങ്ങൾ പിരിഞ്ഞുപോയപ്പോൾ അദ്ഹം, ഖബർതിരഞ്ഞെടുത്തു മൃതശരീരത്തോടു സങ്കടങ്ങൾ പറഞ്ഞുതുടങ്ങി. സന്ധ്യാസമയത്തു് ആ വഴിയെവന്ന ചില യാത്രക്കാരിൽ ഒരാൾക്കു് തീ ആവശ്യം വന്നു. കാടിന്റെ ഒരു ഭാഗത്തു് നെരിപ്പോടിൽ 'തീ' കണ്ടു് സമീപിച്ച യാത്രക്കാരൻ മൃതദേഹം കണ്ടപ്പോൾ അത്ഭുതപ്പെട്ടു, മററു സ്നേഹിതന്മാരെ വിവരം അറിയിച്ചു. മൃതദേഹത്തിനടുത്തു വന്നവരിൽ ഒരാൾ 'ഹഖീം' അഥവാ ഒരു വൈദ്യനായിരുന്നു. ഹഖീം മൃതദേഹത്തെ സൂക്ഷ്മമായി പരിശോധിച്ചശേഷം ഇപ്രകാരം പറഞ്ഞു:—'ഈ ശരീരം മൃതപെട്ടതല്ല, ബോധക്കേടു കൊണ്ടു കിടക്കുകയാകുന്നു. മരിച്ചുവെന്നു വിചാരിച്ചു 'ഖബറടക്കം ചെയ്തുപോയതാണു്. ഇവളെ സ്നേഹിച്ചിരുന്ന ആരോ ഈ ശരീരത്തെ ഇപ്രകാരം ഇവിടെ വെച്ചതായി തോന്നുന്നു' ഉടനെ 'ഹഖീം' തന്റെ കീശയിൽനിന്നു ഒരു ഡെപ്പി എടുത്തുതുറന്നു, മരുന്നെടുത്തു്, 'ബിസ്മി' ചൊല്ലി മൂക്കിൽ മണപ്പിച്ചു. തത്സമയം, അല്ലാഹുവിന്റെ 'ഖുദാത്തു്'കൊണ്ടു അവൾ കണ്ണുതുറന്നു നോക്കി. യാതൊരു പരിചയവുമില്ലാത്ത രണ്ടുപേർ അവളുടെ മുൻപിൽ നിൽക്കുന്നതു്കണ്ടു ലജ്ജിച്ചു്, കമഴ്ന്നു കിടന്നുകൊണ്ടു് ഇപ്രകാരം ചോദിച്ചു. 'നിങ്ങൾ ആർ? ഞാൻ എവിടെ ഇരിക്കുന്നു? ഇതു് ആരുടെ വീടു്? എന്റെ വീട്ടിൽനിന്നും ഈ സ്ഥലത്തേക്കു് എന്നെ കൊണ്ടുവന്നതു് ആരു്? കൊട്ടാരത്തിൽനിന്നും എന്നെ അകററി, ഈ കാട്ടിൽകൊണ്ടുവന്നു ഇപ്രകാരം മരിച്ച ശരീരത്തിനു്

പൊതിയുന്ന തുണികൾ ധരിപ്പിച്ചതു് ആർ?' ഇവയ്ക്കുള്ള കാരണം എന്താണെന്നു പതറിയ ശബ്ദത്തോടുകൂടി അവൾ ആരാഞ്ഞു. 'നിൻെറ ചരിത്രം എന്താണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. അല്ലാഹു എല്ലാം അറിയുന്നവനാകുന്നു. ഞങ്ങൾ വഴിയാത്രക്കാർ മാത്രമാണു്. വഴിതെററി ഇവിടെ വരുവാൻ ഇടയായതാണു്. ഞങ്ങൾ വരുമ്പോൾ നെരിപ്പോടിൽ തീ കണ്ടു. ഞങ്ങളിൽ ഒരാൾക്ക് തീ ആവശ്യം വന്നു. അവൻ ഈ നെരിപ്പോടോടടുത്തപ്പോൾ ഒരു മൃതശരീരം അടുത്തുകിടത്തിയിരിക്കുന്ന വിവരം ഞങ്ങളോടു പറഞ്ഞു. ഈ വിവരം അറിഞ്ഞു ഞങ്ങളും വന്നുനോക്കി, നിനക്ക് ബോധക്കേടു മാത്രമാണെന്നു ഗ്രഹിച്ചപ്പോൾ നിനക്ക് മരുന്നുമണപ്പിച്ചു. ഉടനെ നിനക്ക് ബോധം വരുകയും, ഇപ്രകാരം ഞങ്ങളോടു ചോദിക്കുകയും ചെയ്തു. അല്ലാഹുവിൻെറ 'ഖുദറത്തു'കൊണ്ടു് ഈ മരുന്നിനാൽ നിനക്ക് ചോദിക്കുവാൻ സന്ദർഭം ലഭിക്കുകയും ചെയ്തു.' അല്ലാതെ മററൊന്നും ഞങ്ങൾക്കറിഞ്ഞുകൂടന്നു അവർ പറഞ്ഞു. നീ ആർ? ആരുടെ മകൾ? നിൻെറ സ്ഥിതിഗതികൾ എന്തു്? എന്നു അവർ അവളോടുചോദിച്ചു. ഈ അവസരത്തിൽ ഇവരുടെ സംഭാഷണം മറവിൽ നിന്നിരുന്ന അദ്ഹം കേട്ടു. ഏററവും സംസ്കാരരൂപത്തിൽ അവൾ അവരോടു സമാധാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, അദ്ഹം അവരെ ഒന്നു് എത്തിനോക്കി. തൽസമയം അവളുടെ മുൻപിൽരണ്ടു 'സാലിഹായ'വർ നിൽക്കുന്നതായി അദ്ദേഹം കണ്ടു. ഉടനെ അദ്ഹം അടുത്തുചെന്നു അവർക്ക് സെലാംചൊ

ല്ലി, അവിടെതന്നെ നിലകൊണ്ടു. ഇവളെ സ്നേഹിച്ചിരുന്ന മനുഷ്യൻ ഇദ്ദേഹമായിരിക്കുമെന്നു അവർ ഊഹിച്ചു. ഇവളെ സ്നേഹിച്ചിരുന്നവൻ ഇദ്ദേഹമായതുകൊണ്ടായിരിക്കാം ഇപ്രകാരം 'ഖബറിൽ'നിന്നു പുറത്ത് എടുത്തുവെയ്ക്കുവാൻ കാരണമെന്നും അവർ ധരിച്ചു. ഒടുവിൽ അവർ ഇപ്രകാരം അദ്ഹമിനോടു ചോദിച്ചു.' അല്ലയോ യുവാവെ നിങ്ങൾ ആർ? ഇവൾ ആരുടെ മകൾ? ഇവളുടെ സ്ഥിതി എന്ത്? നിങ്ങളുടെ സ്ഥിതിഎന്ത്? ഇവയെല്ലാം വിശദമായി ഞങ്ങൾക്ക് ഗ്രഹിക്കാവുന്നവിധം പറഞ്ഞുതരണം.' ഇതിനുത്തരമായി അദ്ഹം അവരുടെ ചരിത്രം ആദ്യംമുതൽ അവസാനംവരെയ്ക്കും പറഞ്ഞുകേൾപിച്ചു. അദ്ഹമിൻെറ ഈ സംഭവ വിവരങ്ങൾ കേട്ടു, അവർ രണ്ടുഃപരും വളരെ അത്ഭുതപ്പെട്ടു. അദ്ഹമിൻെറ സംസാരം കേട്ടുകൊണ്ടിരുന്ന അവൾ ആശ്ചര്യപ്പെട്ടു, ലജ്ജകൊണ്ടു കൈകടിച്ചു ഇപ്രകാരം വിചാരിച്ചു, "ഇദ്ദേഹം, ഇപ്രകാരം എന്നെ സ്നേഹിച്ചിരുന്നില്ലെങ്കിൽ, എൻെറ ശരീരം ഖബറിൽ കിടന്നു പുഴക്കൾക്ക് ഇരയാകുമായിരുന്നു. ഞാൻ ജീവിക്കുവാൻ പരിശുദ്ധറബ്ബ് ഇദ്ദേഹത്തെ കാരണക്കാരനാക്കിയിരിക്കുന്നു. അദ്ഹം അവരെ രണ്ടുപേരെയുംനോക്കി പറഞ്ഞു. 'നിങ്ങൾ, 'നിക്കാഹ്" ചെയ്തുതരുക. അല്ലാഹു നിങ്ങൾക്ക് നന്മചെയ്യട്ടെ." അദ്ഹമിൻെറ ആവശ്യത്തോടു അവർ അനുകൂലിച്ചു. അപ്പോൾ, സാക്ഷിയായി നിന്നുകൊണ്ടു അവർ രണ്ടുപേരും അവൾക്ക് നിക്കാഹ് ചെയ്തുകൊടുത്തു. പിന്നീടു അവർ രണ്ടുപേരും സ്ഥലം വിട്ടു.

അനന്തരം അവർ ദമ്പതിമാരായി കുറെക്കാലം ആ കാട്ടിൽതന്നെ താമസിച്ചുകൊണ്ടിരുന്നു. അങ്ങനെ താമസിച്ചുകൊണ്ടിരിക്കുന്നകാലത്തു ഇബ്രാഹിമിനെ ഗർഭം ധരിച്ചു. പത്തുമാസം തികഞ്ഞു, കുട്ടിയെ പ്രസവിച്ചു. ആ കുട്ടി ചെറുപ്രായത്തിൽതന്നെ ഇബ്രാഹീംനബി (അ) യുടെ ഭാവനയിലും സൽഗുണങ്ങളിലും വളൎന്നുവന്നു. അതുകൊണ്ടു ആ കുട്ടിക്ക് ഇബ്രാഹിം എന്നു നാമകരണം ചെയ്തു. അപ്രകാരം കുട്ടി വളൎന്നു കുറച്ചായപ്പോൾ 'ബൽഖ്', പട്ടണത്തിലെ ഒരു 'മദ്റസയിൽ, കുട്ടിയെ, ഖുർആൻ പഠനത്തിന് വേണ്ടി ചേർത്തു എന്നാൽ കുട്ടിയുടെ പിതാവായ അദ്ഹം കുട്ടിയെ രാവിലെ മദ്റസയിൽ കൊണ്ടുപോകുകയും, വൈകുന്നേരം അദ്ദേഹം മടങ്ങുമ്പോൾ കൂട്ടികൊണ്ടുപോകുകയും പതിവായിരുന്നു. അപ്രകാരം കുട്ടി പഠിപ്പ് തുടൎന്നുകൊണ്ട് പോകുകയും ഒരു ദിവസം 'ബൽഖിലെ' ബാദുഷാ, മദ്റസയുടെ സമീപത്തുകൂടി, വരുമ്പോൾ ഇബ്രാഹീം എന്ന കുട്ടി ഖുർ-ആൻ ഓതികൊണ്ടിരുന്നു. കുട്ടിയുടെ ഖുർ-ആൻ വായന ബാദുഷാ കേൾക്കുകയും, അതു തൻെറ മകളുടെ ശബ്ദംപോലെ ബാദുഷായ്ക്കു് തോന്നിയ ഉടനെ അദ്ദേഹം കുതിരപ്പുറത്തുനിന്നു് താഴെ ഇറങ്ങി, മദ്റസയുടെ അടുത്തുചെന്നു കുട്ടിയെ കണ്ടു അപ്പോൾ തൻെറ മകളുടെ സർവ്വസ്വരൂപവും കുട്ടിയിൽ കണ്ടപ്പോൾ, കുട്ടിയെ കെട്ടിപ്പുണൎന്നു. അനന്തരം അതു ആരുടെ കുട്ടിയാണെന്നു 'ഉസ്താദി'നോടു ചോദിച്ചു. അദ്ഹം എന്ന ഒരു ഫഖീറിൻെറ കുട്ടിയാണതെന്നും, ഈ കുട്ടിയെ ഈ മദ്

റസയിൽ ചേർത്തിട്ട ഇന്നേയ്ക്കു് ഒരു വർഷമായെന്നും ഉസ്താദ് ബാദുഷായോടു മറുപടി പറഞ്ഞു. അതു ശ്രവിച്ചപ്പോൾ ബാദുഷായ്ക്കു്, മുൻപ് നടന്ന സംഭവങ്ങളെല്ലാം ഓർമ്മയായി. ആ സംഭവത്തിൽ 'ഒസീർ' ചെയ്യതീരുമാനങ്ങളും, മകളുടെ മരണവും മററും ഓർത്തു ബാദുഷാ വളരെ വ്യാകുലനായി. കുട്ടിയോടു ഇപ്രകാരമുള്ള ഒരതിരററ സ്നേഹം തൻെറ അന്തരംഗത്തിൽ ഉണ്ടാകുവാൻ എന്തെങ്കിലും രഹസ്യം ഇതിൽ ഉണ്ടായിരിക്കണമെന്നു ബാദുഷായ്ക്കു് ബോദ്ധ്യം വന്നു. ഉസ്താദിൻെറ അനുമതിയോടുകൂടി, കുട്ടിയെ, കൊട്ടാരത്തിലേക്ക് കൂട്ടികൊണ്ടുപോയി. കുട്ടി കൊട്ടാരത്തിൽവന്ന സമയം ബാദുഷായുടെ ഭാര്യ, തൻെറ മകളുടെ സർവ്വസാരൂപവുമുള്ളതു് കുട്ടിയിൽ കണ്ടു. മതിമറന്നു, തൽസമയം നിലം പതിച്ചു. ആ കൊട്ടാരത്തിൽ, വിലാപബഹളത്താൽ സ്ത്രീകൾ നിറഞ്ഞു. ഇവരിൽ ഒരാൾ കുട്ടിയുടെ മാതാപിതാക്കന്മാരുടെ പേർ ആരാഞ്ഞു. പിതാവ് അദ്ഹമെന്നും, മാതാവ് ബാദുഷായുടെ മകളുടെ പേരുമാണെന്നു പറഞ്ഞു. രണ്ടു വർഷം വരെ അദ്ഹം അവർകൾ ബാദുഷായുടെ മകളെ വിവാഹചെയ്യുവാൻ നടന്ന ചരിത്രം എല്ലാവർക്കും അറിയാമായിരുന്നു. കുട്ടിയുടെ മാതാവിൻെറയും പിതാവിൻെറയും പേരുകൾ കേട്ടപ്പോഴും, കുട്ടിയുടെ സാരൂപവും, ശബ്ദവും ഗ്രഹിച്ചപ്പോഴും ബാദുഷായ്ക്കും, ഭാര്യയ്ക്കും, കുട്ടി അവരിൽനിന്നുള്ളതാണെന്ന ധാരണ വർദ്ധിച്ചു അന്യകുട്ടികളോടു യാതൊരു സ്നേഹവും കാണിക്കാതിരുന്ന ബാദുഷായുടെ ഭാര്യ, ഈ കുട്ടിക്ക് ഭക്ഷണം

പാകം ചെയ്ത്, സ്വന്തം കയ്യുകൊണ്ട് ഭക്ഷിപ്പിക്കുകയും, നല്ല വസ്ത്രാഭരണം ചെയ്തുകൊടുക്കുകയും, ബാദുഷായും ഭാര്യയും ഓരോന്നും ആ കുട്ടിയോടു സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അനന്തരം ബാദുഷാ ഒററയ്ക്കിരുന്നു, ആ കുട്ടിയെപററി പല വിധത്തിലുമുള്ള ചിന്തകളിലും മുഴുകി. ഒടുവിൽ ഇപ്രകാരം ഉറപ്പിച്ചു. 'അദ്'ഹമിനോടു മകളുടെ കാര്യങ്ങളെ സംബന്ധിച്ചു ചോദിക്കാം. അദ്ദേഹം നല്ല മനുഷ്യനായതുകൊണ്ടു സത്യമേ പറയൂ.' ആയതിനാൽ കൊട്ടാരഉദ്യോഗസ്ഥന്മാരോടു ഇപ്രകാരം കൽപ്പിച്ചു. 'കുട്ടിയെ കൊണ്ടുപോകുവാൻവേണ്ടി ഇവിടെ വരുന്ന ഫഖീറിനെ നിങ്ങൾ തിരിച്ചയക്കരുത്. ആ ഫഖീറിനെ എൻെറ സമീപത്തേയ്ക്ക് ബഹുമാനപുരസ്സരം കൂട്ടികൊണ്ട് വരിക.' ബാദുഷാ കുട്ടിയുടെ പിതാവായ അദ്'ഹമിനേയും പ്രതീക്ഷിച്ചിരിപ്പായി. പതിവ് പ്രകാരം, അദ്'ഹം, വൈകുന്നേരം കുട്ടിയെ കൂട്ടികൊണ്ടുപോകുവാൻ, മദ്'റസയിൽ ചെന്നു. കുട്ടിയെ അവിടെ കണ്ടില്ല. അദ്'ഹം ഉസ്താദിനോടു ചോദിച്ചു. 'ഓ! ഉസ്താദേ' എൻെറ കുട്ടി, ഇബ്രാഹീം എവിടെ?' ഉസ്താദ് മറുപടിപറഞ്ഞു. 'ഇന്നു ഇവിടെ ഈ രാജ്യത്തിലെ ബാദുഷാ വന്നപ്പോൾ, ഇബ്രാഹിമിനെ കണ്ടു, വളരെ ആഗ്രഹത്തോടുകൂടി കൊണ്ടുപോയി.' അനന്തരം അദ്'ഹം, ഡർബാർ ഉദ്യോഗസ്ഥന്മാരേകണ്ടു ഇപ്രകാരം പറഞ്ഞു. 'നിങ്ങൾ ബാദുഷായുടെ അടുത്തുചെന്നു, ഇബ്രാഹിമിൻെറ ബാപ്പ വന്നിരിക്കുന്നുവെന്നു പറഞ്ഞു, കുട്ടിയെ ഇങ്ങോട്ടു കൂട്ടികൊണ്ടിവരിക' ഈ വാർത്ത അറിഞ്ഞ ഉടനെ ബാദുഷാ വളരെ ബഹുമാനത്തോടും, വി

നയത്തോടുംകൂടി അദ്ഹമിനെ കൊണ്ടുപോയി, ബാദു ഷായുടെ സമീപത്തിരുത്തി. ഏററവും സന്തോഷത്തോടുകൂടി ബാദുഷാ ഇപ്രകാരം അരുൾ ചെയ്തു. 'അല്ലാഹുവിൻെറ ദാസാ! നാം ചോദിക്കുന്ന സംഗതികൾ അല്ലാഹുവിൻെറ നാമത്തിൽ സത്യമായ വിധത്തിൽ എന്നോടു പറയണം. 'ഈ കുട്ടിയുടെ മാതാവിൻെറ പേരെന്ത്? ആമാതാവു ആരുടെ മകൾ? അദ്ഹം മറുപടി പറഞ്ഞു 'ഈകുട്ടിയുടെ മാതാവ് താങ്കളുടെ മകളാകുന്നു. താങ്കളുടെ മകളെ ഞാൻ വിവാഹം ചെയ്യുന്നതിനു വളരെ ആശിച്ചിരുന്നു. ഞാനവളിൽ ആഷിക് ആയിരുന്നു.' ബാദുഷാ, ഈ സംഗതി കേട്ടു വളരെ ആശ്ചര്യപ്പെട്ടു് ഇപ്രകാരം ചോദിച്ചു. 'അവൾ മരണമടഞ്ഞു, ഞങ്ങൾ അവളെ ഖബറടക്കം ചെയ്തു. അതും പോകട്ടെ, വളരെ കാലവുമായി. ഇതു എപ്രകാരം സംഭവിച്ചുവെന്നു പറയുക.' അദ്ഹം നടന്ന എല്ലാവിവരവും വിശദമായി കേൾപ്പിച്ചു. അത്ഭുതപ്പെട്ടും, സന്തുഷ്ടനായും അല്ലാഹുവിനു് ബാദ്ഷാ സുജൂദുചെയ്തു്. അനന്തരം ബാദ്ഷായും ഭാര്യയും പരിവാരസമേതം അദ്ഹം താമസിക്കുന്ന സ്ഥലത്തേയ്ക്കു എഴുന്നുള്ളി. ഇപ്രകാരം താമസസ്ഥലത്തെത്തിയപ്പോൾ ആദ്യം ബാദ്ഷായും ഭാര്യയും അദ്ഹമിൻെറ വീട്ടിൽ പ്രവേശിച്ചു. അപ്പോൾ മകൾ നമസ്കരിച്ചുനിൽക്കുന്നതായി കണ്ടു. നമസ്കാരം കഴിഞ്ഞശേഷം മാതാപിതാക്കന്മാർ വന്ന വിവരം അദ്ഹം ഭാര്യയെ അറിയിച്ചു. ഉടനെ മകൾ വളരെ ബഹുമാനത്തോടും ആദരവോടുംകൂടി മാതാപിതാക്കന്മാരുടെ കൈകാലുകൾ ചുംബിച്ചു. മകൾ ധരിച്ചിരുന്ന വസ്ത്രമെല്ലാം പഴകിയതും തുന്നിപിടിപ്പിച്ചി

രുന്നതുമായിരുന്നു. മാതാവു ഇതു കണ്ടപ്പോൾ വളരെ ഖേദിച്ചു. ഈ വസ്ത്രങ്ങളെല്ലാം കളഞ്ഞു്, രാജോചിതമായ വസ്ത്രങ്ങളും ആഭരണങ്ങളും ധരിപ്പിച്ചു, കുട്ടിയെയും തന്റെ ഭാൎയ്യയെയും മക്കളെയും പല്ലക്കിൽ കയററി, ബാദ്ഷായും അദ്ഹവും വണ്ടിയിലും കയറി കൊട്ടാരത്തിലേയ്ക്കു പരിവാരങ്ങളോടുകൂടി മടങ്ങി. അപ്രകാരം മൂന്നു ദിവസം കഴിഞ്ഞപ്പോൾ അദ്ഹമിന്നു് കൊട്ടാരത്തിലെ താമസം ഇഷ്ടപ്പെടാതെ വന്നതിനാൽ തന്നെ തന്റെ പഴയ കുടിലിലേക്കു് പറഞ്ഞയക്കുവാൻ അനുവാദം ആവശ്യപ്പെട്ടു. 'എന്റെ ഭാൎയ്യയെ ഒരു വെള്ളാട്ടിയുടെ സ്ഥാനത്തും, എന്റെ കുട്ടിയെ ഒരു ദാസന്റെ നിലയിലും കരുതി കൊൾക. ഞാൻ വല്ലപ്പോഴും ഇവിടെവന്നു അവരെ കണ്ടുകൊള്ളാം എന്നു അദ്ഹം പറഞ്ഞു. അപ്രകാരം പോകരുതെന്നു ബാദുഷാ നിർബന്ധമായി അദ്ഹമിനോടു പറഞ്ഞുവെങ്കിലും കേൾക്കാതെ അദ്ദേഹം പുറപ്പെട്ടു. എപ്പോഴെങ്കിലും, തോന്നുമ്പോൾ, അദ്ഹം രണ്ടു ദിവസം താമസിച്ചും കുട്ടിയേയും, ഭാൎയ്യയേയും കണ്ടു പോകുക പതിവായിരുന്നു. ഇപ്രകാരം അദ്ഹമിന്റെ മരണംവരേ നടന്നുകൊണ്ടിരുന്നു. ബാദുഷാ, ഇബ്രാഹിമിനെ തന്റെ മക്കളേക്കാൾ കാൎയ്യമായി രക്ഷിച്ചുകൊണ്ടിരുന്നു. ഒരു നിമിഷംപോലും ബാദുഷായുടെ സമീപത്തുനിന്നു അകന്നുനിൽപാൻ ഇബ്രാഹിമിനെ അനുവദിച്ചിരുന്നില്ല. അനന്തരം ഇബ്രാഹിമിന്നു് ബാദുഷായുടെ സർവ്വ അധികാരങ്ങളും, രാജപദവിയും ഏൽപിച്ചു് ബാദുഷാ അല്ലാഹുവിനു് മാത്രം വണക്കം ചെയ്യുവാൻ ആരംഭിക്കുകയും ചെയ്തു

## രണ്ടാം ഭാഗം

# സുൽത്താൻ ഇബ്രാഹിം ഇബ്നി അദ്ഹ(റ)മിൻെറ കുലം

സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ മാതാപിതാക്കന്മാരുടെ പേരുകളും കുലവും വിവരിക്കുന്ന ഭാഗമാകുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു.

'മനുഷ്യരേ അല്ലാഹു ഒരു സ്ത്രീയിൽനിന്നും ഒരു പുരുഷനിൽനിന്നും സൃഷ്ടിച്ചു. എന്നാൽ അവർ തമ്മിതമ്മിൽ അറിയുവാൻവേണ്ടി ചില കുലങ്ങളും കുടുംബങ്ങളും നൽകിയിരിക്കുന്നു. എന്നാൽ ബഹുമാനിക്കപ്പെടുന്നവർ തഖ്‌വാ' ചെയ്യുവരെത്ര! നിശ്ചയമായും അല്ലാഹുതആല ഓരോരുത്തരുടെയും കർമ്മങ്ങളേയും, തന്ത്രങ്ങളേയും അറിയുന്നവനാണ്.' ആദമിൻെറ സന്തതികൾക്ക് സ്വന്തമായ പേരും കുടുംബവുമുണ്ട്. ഇമാമുൽഹാഫിള് യൂസഫ് അബുൽഹജ്ജാജ് (റ) എന്നവരുടെ 'തഖ്ദീമൽ കമാൽ എന്ന കിതാബിൽ, അദ്ഹമിൻെറ സന്താനമായ ഇബ്രാഹിം (റ) 'ഇസ്തിക' ഗോത്രത്തിൽ പെട്ടയാളനും, 'നിസാർ' ഗോത്രത്തിൽപെട്ടതാണെന്നും 'തമീം

ഗോത്രത്തിൽപെട്ടവരെന്നും, 'അറബിഗോത്രത്തിൽപെട്ട തായിരുന്നുവെന്നും പറഞ്ഞുകാണുന്നു. ഉലൈൽഇബ്ന് നിമൂസാ (റ) എന്നവർ, പറയുന്നു "ഇബ്രാഹി (റ) മിന്റെ മാതാപിതാക്കന്മാർ ഇബ്രാഹിം (റ) മിനെ അദ്ദേഹത്തിന്റെ മാതാവ് ഗർഭംധരിച്ചിരുന്നവസരത്തിൽഹജ്ജ് ചെയ്‌വാൻ പോയിരുന്നു. തൽസമയം കഅബത്തിൽകണ്ടു മുട്ടുവാനിടയായ സാലിഹായവരോടു, ഗർഭിണിയായ തന്റെ കളത്രം പ്രസവിക്കുന്ന കുട്ടി ഒരു സാലിഹായപുത്രനായിരിക്കുവാൻ അല്ലാഹുവിനോടു പ്രാർത്ഥിക്കണമെന്നു ആഭ്യർത്ഥിച്ചു. അപ്രകാരമുള്ള സാലിഹീങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി ഔലിയാക്കൾക്കെല്ലാം അഗ്രഗണ്യനായ സുൽത്താൻ ഇബ്രാഹിം(റ) ഭൂതലത്തിൽ ജാതനായി. അബുൽഖാസിമുൽ ഖുശൈറി (റ) അവർകളുടെ രിസാലായിൽ ഇപ്രകാരം പറയുന്നു "ഇബ്രാഹിം (റ) അവരുടെ പിതാവ്, അദ്ഹം അവരുടെ പിതാവ് മൻസൂർ ബൽഖാ രാജ്യത്തിൽപെട്ട 'ഖവ്വർ' എന്ന പട്ടണത്തിലെ രാജാവിന്റെ സന്തതികളിൽ ഒരാളായിരുന്നു." ഇമാം സക്കരിയാ (റ) എന്നവർ പറയുന്നു "ബെൽഖ്, രാജ്യം ഏഷ്യയിലെ ഒരു വലിയ രാജ്യം ആയിരുന്നു. ഉസ്മാൻ ഇബ്നി അഫ്ഫാൻ (റ) അവരുടെ ഖലീഫത്തു് കാലത്താണ് ഈ രാജ്യം ഇസ്ലാമിന്റെ ഭരണത്തിലും അധീനത്തിലും വന്നതു്. ഫരീദുദ്ദീൻ അത്താർ (റ) തദ്കിറത്തുൽ അവ്ലിയാ എന്ന കിതാബിൽ, ഇബ്രാഹിം (റ) എന്നവർ ബൽഖിലെ അമീറായിരുന്നുവെന്നും, സമീപരാജ്യമായ ശീമരാജ്യവും അവർക്കധീനമായിരു

ന്നു വെന്നും പറയുന്നു. സുൽത്താൻ ഇബ്രാഹിം (റ) അവർകൾ കുതിരസവാരിചെയ്യുമ്പോൾ നാൽപതു സ്വർണ്ണവടിക്കാരും, തമ്പേറ് കൊട്ടുകാരും അലങ്കാരമായി കുതിരയ്ക്കു് മുൻപായിപോകാറുണ്ടു്. ഏഷ്യയിൽ അന്നു 4440 പള്ളികളുണ്ടായിരുന്നു. അവിടെ ഓരോ പള്ളികളിലും ഖുത്തുബ സമയങ്ങളിൽ ഖത്തീബന്മാർ ഇദ്ദേഹത്തിൻെറ പേര് ചേർത്തു് 'ഓതുക' പതിവായിരുന്നു. അദ്ദേഹം താൻ രാജപദവിയിൽ ഇരുന്നകാലത്തു് തന്റെ അധികാരത്തിൻ കീഴിൽ പന്തീരായിരം ഉയന്ന ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. സുൽത്താൻ ഇബ്രാഹിം (റ) വേട്ടയാടുവാൻ പോകുന്നവസരങ്ങളിൽ നാനൂറയുവാക്കന്മാർ ആയുധപാണികളായി അദ്ദേഹത്തെ അനുഗമിക്കാറുണ്ടായിരുന്നു. ഉയന്നതരം പട്ടുകൊണ്ടുള്ള കൂടാരങ്ങളും, മററ രാജോചിതമായ എല്ലാത്തരം ഉയന്ന വസ്തുക്കളും അദ്ദേഹം എഴുന്നുള്ളുമ്പോഴെല്ലാം കൊണ്ടുപോകാറുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മകൻെറ പേര് ഇബ്നു്മുബാറക്ക് എന്നായിരുന്നു. ജുനൈദുൽ ബഗ്ദാദി (റ) പറയുന്നു. "സുൽത്താൻ ഇബ്രാഹിം (റ) തരീഖത്തിൻെറ ജ്ഞാനത്തിൽ ഏററവും ഉയന്ന പദവി ലഭിച്ച ഒരാളായിരുന്നു" ഷെയിഖ് അത്താർ (റ) പറയുന്നു. "സുൽത്താൻ ഇബ്രാഹിം (റ) ജ്ഞാനത്തിലും പ്രവത്തിയിലും ഉയർന്ന പദവിയിലായിരുന്നു. ബൂലൈൻ ഇബ്നി ഇയാലിൻെറ മുരീദായിരുന്നു." സുഫിയാനിസ്സൗരി (റ) അബൂഹനീഫ (റ) ഇവരുടെയെല്ലാം സുഹൃത്തുക്കളുമായിരുന്നു. അബൂഹനീഫ (റ) അദ്ദേഹത്തി

ൻെറ സഹാബത്തോടു ഒരിക്കൽ, ഇബ്രാഹിം ഇബ്നി അദ്ഹം നമ്മുടെ നേതാവാണെന്നു പറയുകയുണ്ടായി. സഹാബത്തു് ചോദിച്ചു:—"അവർ നമ്മുടെ നേതാവാണെന്നു പറയുവാൻ കാരണമെന്തു്? ഞങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹം വളരെ താഴ്ന്നയാളായിട്ടാണു് തോന്നിയിട്ടുള്ളതു്." അബൂഹനീഫ മറുപടി പറഞ്ഞു:— "ഇബ്രാഹിം ഇബ്നി അദ്ഹം അല്ലാഹുവിനു് മാത്രം 'ഖിദ്മത്തു്' ചെയ്യുന്നു, നാമാകട്ടെ നമ്മുടെ ശരീരങ്ങൾക്കു് 'ഖിദ്മത്തു്' ചെയ്യുന്നു. ആയതിനാൽ അദ്ദേഹം നമ്മുടെയെല്ലാം നേതാവാകുന്നു."

## ഭാഗം മൂന്ന്

### സുൽത്താൻ ഇബ്രാഹിം (റ) ഈ ലോകം ത്യജിക്കുവാനുണ്ടായ കാരണങ്ങളും അദ്ദേഹത്തിൻെറ ത്യാഗവും

അല്ലാഹു ഖുർആനിൽ ഇപ്രകാരം പറയുന്നു "നിങ്ങൾ ചെയ്യുന്ന ഏതു പ്രവൎത്തിക്കും അല്ലാഹു അറിഞ്ഞു ഫലം നൽകുന്നതാകുന്നു." ഈ ആയത്തിൻെറ വെളിച്ചത്തിൽ സുൽത്താൻ ഇബ്രാഹിം(റ) അവൎക്കുണ്ടായിരുന്നതെല്ലാം അല്ലാഹുവിൻെറ മാൎഗ്ഗത്തിൽ ചിലവ് ചെയ്തു വളരെ ഉയൎന്ന പദവിയിൽ എത്തി. സെയ്യിദ് അത്താർ (റ) തദ്കിറത്തുൽ അവുലിയാ എന്ന കിത്താബിൽ പറഞ്ഞതുതന്നെ ഞാനും പ്രസിദ്ധമാക്കി കൊള്ളുന്നു.

സുൽത്താൻ ഇബ്രാഹി (റ) അവർകൾ ബൽഖിലെ ബാദുഷാ ആയിരുന്നു. അന്നുണ്ടായിരുന്ന രാജാക്കന്മാരേക്കാൾ ഉയൎന്ന പദവി അദ്ദേഹത്തിനുണ്ടായിരുന്നു. അപ്രകാരം താൻ തൻെറ നാല്പതു മുഴം വിസ്തീൎണ്ണമുള്ള ത

ൻെറ സിംഹാസനത്തിലിരുന്നു കൊണ്ട് ഒരു ദിവസം അല്ലാഹുവിൻെറ 'ലിഖാനെ പററിയും അല്ലാഹുവിൻെറ മഹത്വത്തെപററിയും ഏകാന്ത ചിന്തയിൽ മുഴകിയി രിക്കുകയായായിരുന്നു. തൽസമയം മാളികമുകളിൽ ഒരു മനുഷ്യൻെറ കാലടി ശബ്ദം കേൾക്കുകയുണ്ടായി. അ ദ്ദേഹം തലയുയർത്തി ഇപ്രകാരം ചോദിച്ചു:-ആരാതു്? പരിചയമില്ലാത്ത ഒരു ഫക്കീർ മറുപടിപറഞ്ഞു. "ഒരു ഫക്കീറാകുന്നു." "നീ എന്തിനു് ഇവിടെ വന്നു? എന്നു ബാദുഷാ ചോദിച്ചു. എൻെറ ഒരു കഴുതയെ കാണാതെ പോയി. ഒരുപക്ഷേ ഇവിടെ ഉണ്ടായിരി ക്കുമെന്നുദ്ദേശിച്ചു വന്നതാകുന്നു." ഇതിനു പ്രത്യുത്ത മായി, ആശ്ചര്യത്തോടുകൂടി ഇപ്രകാരം പറഞ്ഞു "എടാ വിവരമില്ലാത്തവനെ, ഈ മാളികമുകളിൽ നിൻെറ കഴു ത വരുമോ? എങ്ങനെ വരും? ഫഖീർ മറുപടിപറഞ്ഞു. 'എടാ! മതിമറന്ന ഇബ്രാഹീമേ! ആശ്ചര്യപ്പെടേണ്ട നീ തനിയെ ഈ മാളികയിലിരുന്നുകൊണ്ട് അല്ലാഹുവി ൻെറ 'ലിഖായെ' നിനക്കു് ലഭിക്കുമെങ്കിൽ എനിക്കു് കഴുതയെയും കിട്ടും." ഇത്രയും പറഞ്ഞുകൊണ്ടു ഫക്കീർ അപ്രത്യക്ഷമായി. ഫക്കീറിൻെറ സംസാരം, അദ്ദേഹ ത്തെ നേരംപുലരുന്നതുവരെ, ചിന്താകുലനാക്കിതീർത്തു. അന്നു ബാദുഷായ്ക്കു് നിദ്രപോലും ഉണ്ടായിരുന്നില്ല. നേ രം പുലൎന്നശേഷം ബാദുഷാ അവർകൾ പുറത്തു ഒരു സ്ഥ ലത്തു വന്നിരുന്നു. ഉദ്യോഗസ്ഥന്മാരും, സേവകന്മാരും മററും അദ്ദേഹത്തെ ചുററിയിരുന്നു. അങ്ങനെയിരി ക്കുമ്പോൾ ഒരു അപരിചിതൻ ബാദുഷായുടെ സമീപ

ത്തുകൂടി, യാതൊരു ആദരവും കൂടാതെ, നടന്നുകൊണ്ടി രുന്നു. അവിടെ ഉണ്ടായിരുന്നവരാരുംതന്നെ ആ അപ രിചിതനെ ചോദ്യം ചെയ്തില്ല. ഇബ്രാഹിം ഇബ്നി അദ്ഹം ഈ മനുഷ്യനെ കണ്ടപ്പോൾ ഇപ്രകാരം ചോ ദിച്ചു "ഹേ! മനുഷ്യാ! നീ എന്നേ നോക്കു! നീ എ ന്തിനുവന്നു?" ഉടനെ അപരിചിതൻ മറുപടി പറഞ്ഞു. ഞാൻ കുറച്ചു വിശ്രമിക്കണമെന്നുദ്ദേശിച്ചുനോക്കുമ്പോൾ ഇവിടെ ഒരു സത്രം കണ്ടു. എന്നാൽ അല്പം വിശ്രമിച്ചു കഴിച്ചുകൂടാമെന്നുദ്ദേശിച്ചാണ് ഇവിടെ കടന്നത്. ഇ തു കേട്ടഉടനെ ഇബ്രാഹിം ഇബ്നു അദ്ഹം പറഞ്ഞു. ഇതു സത്രമല്ല. ഇതു എൻെറ രാജകൊട്ടാരമാണ്. നീ എന്തൊരു വിഡ്ഢിത്തരമാണ് പറയുന്നത്? ഫഖീർ- "നിങ്ങൾക്ക് മുൻപ് ഈ മാളികയിൽ ആരായിരുന്നു താമസിച്ചിരുന്നത്? 'എൻെറ പിതാവ്' എന്നു പറ ഞ്ഞു. അദ്ദേഹത്തിനു മുൻപ് ആരായിരുന്നു?" അദ്ദേ ഹത്തിൻെറ പിതാവ്' എന്നു മറുപടി പറഞ്ഞു. ത ത്സമയം ആഗതനായ മനുഷ്യൻ ഇബ്രാഹിം ഇബ്നു അ ദ്ഹമിനെ നോക്കിക്കൊണ്ടു് പറഞ്ഞു, നിങ്ങൾ പറയു ന്നു ഇതു സത്രമല്ലെന്നു. ഒരാൾ വരുന്നു, മറെറാരാൾ പോകുന്നു. ഇപ്രകാരം പലരും വന്നു താമസിക്കുകയും പോകുകയും ചെയ്യുന്നു. ഒരു സത്രത്തിൻെറ പ്രയോജ വും ഇതുതന്നെയാണ്. അനന്തരം ഫഖീർ സ്ഥലം വി ട്ടു. ഈ സംഭവവും ഇബ്രാഹിമിനെ വളരെ ചിന്തിപ്പി ച്ചു. വളരെ വ്യാകുലചിത്തനായിതീർന്ന അദ്ഹമി ൻെറ ഹൃദയത്തിന് ഒരു ശമനം വരുത്തുവാൻ അദ്ദേ

45699

ഹം വേട്ടയ്ക്കൊരുങ്ങി. തന്റെ ജവാദു എന്ന കുതിരപ്പുറത്തുകയറി താനും തന്റെ സൈന്യങ്ങളുമായി പുറപ്പെട്ടു. കാട്ടിൽ എത്തി. താൻ ഏകനായി കാട്ടിൽ പല ഭാഗവും സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ഭാഗത്തുനിന്നു് ഒരു ഗൌരവസ്വരത്തിൽ ഒരു ശബ്ദം കേട്ടു. "ഹേ! ഇബ്രാഹിമേ! മരണം നിന്നെ വ്യാകുലപ്പെടുത്തുന്നതിനു് മുൻപായി, നീ തന്നത്താൻ ക്ലേശിതനാകുക" ഇതു അധികം പ്രാവശ്യം കേട്ടു. ഇതുകേട്ടു വിഷണ്ഡനായി ഒരു സ്ഥലത്തിരിക്കുമ്പോൾ, ഒരു മാൻ ആ വഴി കടന്നുപോകുന്നതു് കണ്ടു ആ മൃഗത്തെ വേട്ടയാടുവാൻ ഇബ്രാഹിം അടുത്തപ്പോൾ ആ മാൻ പാഞ്ഞുകളഞ്ഞു. പിന്നാലെ അദ്ദേഹവും അതിനെ തുടന്നു. മാൻ ഓടി ഒരു സ്ഥലത്തു രക്ഷപ്പെട്ടു. അതേ സ്ഥലത്തു അദ്ദേഹവും ചെന്നു ചേന്നു. ഉടനെ മാൻ തിരിഞ്ഞു അവരെനോക്കി ചില ശബ്ദങ്ങളിട്ടു. അതു് ഇപ്രകാരം ഗ്രഹിക്കപ്പെട്ടു. "ഹേ! ഇബ്രാഹീമേ നീ എന്നെവേട്ടയാടുവാൻ വന്നിരിക്കുകയാണോ? എന്നാൽ ഞാൻ നിന്നെ വേട്ടയാടുവാൻപോകുകയാണു്. അപ്പോൾ നീ എങ്ങനെ എന്നെ വേട്ടയാടും? അല്ലാഹുവിനെ നീ മറന്നു ഭൌതികസുഖം ആഗ്രഹിച്ച് ജീവിക്കുവാനാണോ നീ സൃഷ്ടിക്കപ്പെട്ടതു്? ഭൌതികസുഖങ്ങളുടെ ഉറവിടമായി രൂപാന്തരപ്പെട്ട ആ ഹൃദയത്തിൽ നിന്നു് അവയെ നിശ്ശേഷം വററിച്ച് കളയുവാനത്രെ, പരിശുദ്ധനായ റബ്ബ്", ഇപ്രകാരമുള്ള സംഭവങ്ങൾ മൂലം ഇബ്രാഹീം ഇബ്നി അദ്ഹമിനെ ചിന്താകുലനാക്കിതീത്തതു്.

അനന്തരം, സംഭവങ്ങളുടെ യാഥാത്ഥ്യം ഗ്രഹിച്ച് സുൽത്താൻ ഇബ്രാഹീം ദുഃഖപീഡിതനായി, കണ്ണുനീർ

വീഴ്ത്തി. സർവ്വസുഖങ്ങളും പരിത്യജിച്ച്, അല്ലാഹുവി ൻെറ പ്രീതിക്ക് വേണ്ടിമാത്രം ജീവിക്കുവാൻ തീരുമാ നിച്ചശേഷം അദ്ദേഹം യാത്രതിരിച്ചു. പോകുന്നവഴി, തൻെറ പിതാവിൻെറ ആടുകളെ മേച്ചുകൊണ്ടിരുന്ന ഒരു ഇടയനെ കാണുകയും, തൻെറ വിലയേറിയ വസ്ത്ര ങ്ങൾ ഇടയനു കൊടുക്കുകയും, ഇടയൻ ധരിച്ചിരുന്ന ക മ്പളിവസ്ത്രം അദ്ദേഹം ധരിച്ചശേഷം അവിടെനിന്നും പു റപ്പെട്ടു. റൌളർ റയാഹീൽ എന്ന കിതാബിൽ ഇപ്ര കാരം പറയുന്നു:–അഹമ്മദി ഇബ്നി അബ്ദില്ലാഹിൽ മു ഖദ്ദീസ്സ (റ) ഇബ്രാഹിമുമായി സ്നേഹിച്ചിരുന്നു. ഒരവസ രത്തിൽ ഇബ്രാഹിമിനെ നോക്കി. “നിങ്ങൾ ഈ സ്ഥി തിയിൽ ആയിതീർന്നതിന് പ്രേരകമായ സംഭവമെ ന്തു്? എന്നു ചോദിച്ചു. മറുപടിയായി അദ്ദേഹം പറ ഞ്ഞു, “പ്രിയ സഹോദര, ‘ഫനായായ’ അഥവാ നശ്വ രമായ ഈ ഭൌതികലോകത്തിലെ രാജപദവി ഉപേക്ഷി ച്ച് എന്നന്നേയ്ക്കും സുഖം അനുഭവിച്ച് ജീവിക്കാവുന്ന ആ പരലോക രാജധാനിയിൽ താമസിപ്പാൻ എൻെറ ഹൃദയം ആഗ്രഹം കൊണ്ടിരുന്നു. ഞാൻ സിംഹാസന ത്തിൽ ഇരിക്കുമ്പോൾ വളരെ അകലെയായി ഒരു ഫ ഖീറിനെ കണ്ടു. ആ ഫഖീർ തൻെറ കയ്യിലുണ്ടായിരു ന്ന റൊട്ടിയുമായി, സമീപവനത്തിൽ സ്ഥിതിചെയ്യുന്ന ഒരു നദിയിൽപോയി, റൊട്ടി വെള്ളത്തിൽമുക്കി ഉപ്പും ചേർത്തു തിന്നശേഷം കുറെ വെള്ളവും കുടിച്ച് ദാഹശമ നം വരുത്തി. പിന്നീടു, ഞാൻ ഇരുന്നിരുന്ന സ്ഥലത്തു വന്നുചേർന്നു. ശക്തിയായ വെയിൽകൊണ്ടു ചുട്ടുപഴ

ത്ത ആ മണൽത്തിട്ടിൽ കിടന്നു് നിദ്രാധീനനായി. ഇവയെല്ലാം ഞാൻ, സൂക്ഷ്മമായി ശ്രദ്ധിച്ചിരുന്നു. അൽപസമയം കഴിഞ്ഞു, ഞാൻ എൻെറ സേവകന്മാരിൽ ഒരാളെ വിളിച്ചു. "ആ വെയിലിൽ കിടന്നുറങ്ങുന്ന ഫഖീർ ഉറക്കത്തിൽനിന്നു് ഉണൎന്നു എഴുനേൽക്കുന്നതുവരെ, നീ അവിടെ കാത്തുനിൽക്കുക. അയാൾ എഴുനേററാൽ ഇവിടെ കൂട്ടികൊണ്ടുവരണമെന്നു് ആജ്ഞാപിച്ചു. ഫഖീർ എഴുനേൽക്കുന്നതുവരെ സേവകൻ അവിടെ കാത്തുനിന്നു, ഉണൎന്നു എഴുന്നേററപ്പോൾ "ഹേ! ഫഖീറെ! ഈ കാണുന്ന മാളികയിലേക്കു് നിങ്ങളെ കൂട്ടികൊണ്ടു് ചെല്ലുവാൻ രാജാവ് എന്നോടു ആജ്ഞാപിച്ചിരിക്കുന്നു." ഇതു കേട്ടപ്പോൾ ഫഖീർ, ബിസ്മില്ലാഹി ഒബില്ലാഹിത്തവക്കൽത്തുഇല്ലാബില്ലാഹിൽ അലിയ്യുൽ അലീം" എന്നു ചൊല്ലികൊണ്ടു അവിടെനിന്നും എഴുനേററു നടന്നു് എൻെറ അടുക്കൽവന്നു. ഫഖീർ സലാം ചൊല്ലി 'ഞാൻ സലാം മടക്കി.' ഇരിക്കുവാൻ ഫഖീറോടു കല്പിച്ചു. ഫഖീർ അവിടെ ഇരുന്നു. അപ്പോൾ ഞാൻ അയാളെനോക്കി, ഇങ്ങനെ ചോദിച്ചു. "ഹേ! ഫഖീറേ! ആ റൊട്ടിയും ഉപ്പുംതിന്നു വെള്ളവും കുടിച്ചപ്പോൾ വിശപ്പും ദാഹവും തീൎന്നോ? ആ ചുട്ടുപഴുത്തുകിടന്നിരുന്ന സ്ഥലത്തു ഉറങ്ങിയപ്പോൾ നീ തൃപ്തനായോ?" 'തൃപ്തനായി' എന്നു ഫഖീർ പറഞ്ഞു, 'നല്ലതുതന്നെ, ഇനി നിങ്ങൾക്കു് പോകാം. എന്നുത്തരവുകൊടുത്തതനുസരിച്ചു് അയാൾ പോയി.' പിന്നെ ഞാൻ എൻെറ ശരീരത്തെനോക്കി, ഹേ! ശരീരമേ! കണ്ണുകൊ

ണ്ടു കണ്ടതും, ചെവികൊണ്ടുകേട്ടതുമായ കാഴ്ചയെന്തു്? മരണം നിന്നെ പിടികൂടുന്നവസ്ഥയ്ക്കു്, ഈ ലോകത്തിൽ നിനക്കുള്ള സ്ഥാനമെന്തു്? നിൻെറ ദുൻയാവുകൊണ്ടു നിനക്കു എന്തു രക്ഷലഭിക്കും? ആ ഫഖീർ നിന്നെക്കാളും വളരെ സുഖമായിരിക്കുന്നു. നിനക്കു യാതൊരുവിധ തൃപ്തിയും ഇല്ല. അനന്തരം അല്ലാഹുവിനോടു തൗബചെയ്തു. അന്നുരാത്രി ഉടനെ കമ്പിളി കൊണ്ടുള്ള ജുബ്ബായും തൊപ്പിയും ധരിച്ചു, കാലിൽ ഒന്നുമില്ലാതെ അല്ലാഹുവിൻെറ പൊരുത്തത്തെമാത്രം ആഗ്രഹിച്ചു അദ്ദേഹം നടന്നുപോകുമ്പോൾ, നല്ല സുഗന്ധം നിറഞ്ഞതും സുന്ദരനുമായ ഒരു ശൈഖിനെക്കണ്ടു. ഉടനെ അദ്ദേഹത്തിൻെറ അടുക്കൽചെന്നു സലാംചൊല്ലി, അദ്ദേഹത്തെ അണച്ചുകൂട്ടി ചുംബനംചെയ്തു. ശൈഖ് സലാം മടക്കി, ഇങ്ങനെ ചോദിച്ചു. "ഇബ്രാഹീമേ? നീ എവിടെ, ആരെ ത്തേടി പോകുന്നു? ഞാൻ ഭൗതികലോകംവിട്ടു അല്ലാഹുവിനെ ഭയന്നു ഓടിപ്പോകുന്നു എന്നു മറുപടി പറഞ്ഞു. 'നീ പറയുന്നതു ശരിയാണോ?' എന്നു ചോദിച്ചു. ശരിയാണെന്നു ഞാൻ ഉത്തരം പറഞ്ഞു. ഉടനെ അദ്ദേഹം എഴുന്നേററു രണ്ടു 'റകഅത്തു' നിസ്ക്കരിച്ചു. എന്നോടും രണ്ടുറകഅത്തു നിസ്ക്കരിക്കുവാൻ ആജ്ഞാപിച്ചു. ഞാൻ അപ്രകാരം നിസ്ക്കരിച്ചുതീൎന്നു നോക്കുമ്പോൾ അദ്ദേഹത്തിൻെറ വലതുഭാഗം ഭക്ഷണവും ഇടത്തുഭാഗം നല്ല തണുത്ത വെള്ളവും തയ്യാറായതായികണ്ടു. അപ്പോൾ ആ ശൈഖ് എന്നെനോക്കി ഈ ഭക്ഷണംതിന്നു വിശപ്പുതീൎത്തു കൊള്ളുക" എന്നു എന്നോടു പറഞ്ഞു.

'ഞാൻ എൻെറ വിശപ്പുതീക്കുവാൻ മാത്രമുള്ള ഭക്ഷണവും, ദാഹം തീക്കുവാൻ മാത്രമുള്ള വെള്ളവും കുടിച്ചു തൃപ്തിപ്പെട്ടു. അല്ലാഹുവിൽ നന്ദി പ്രകടിപ്പിച്ചു എന്നാൽ ആ ഭക്ഷണത്തിനു യാതൊരു കുറവുവരാതെ ആദ്യം ഉണ്ടായിരുന്നിടത്തോളംതന്നെ ശേഷിച്ചിരുന്നു. ആ സമയം ശൈഖ് എന്നെ വിളിച്ചു, 'നീ യഥാത്ഥമനുഷ്യനായി 'വിലായത്തി'ൻെറ 'മഖാമിനു' അഹ്നായിതീരുമെന്നു എന്നോടുപറഞ്ഞു. നിൻെറ ഉദ്ദേശത്തിൽനിന്നും അശേഷവും പിൻമാറാതെ ഇരിക്കുക. അല്ലാഹുവിൻെറ നൂറാനിയത്തു ഹൃദയത്തിൽ പ്രകാശിക്കും. മനുഷ്യൻ, ഹക്കും, ബാതിലും, തിരിച്ചറിയും. അവൻ അവൻെറ ന്യൂനതയെപററി ചിന്തിക്കും. 'ഇസ്മുൽഅഅ്ളം' പഠിപ്പിക്കുവാനാണു് ഞാൻ നിന്നെ സമീപിച്ചതു്. നീ വിശപ്പ്കൊണ്ടും ദാഹംകൊണ്ടും വിഷമിക്കുമ്പോൾ അല്ലാഹുവിനോടു 'ഇസ്മുൽഅഅ്ളം'കൊണ്ടു പ്രാത്ഥിക്കുക. അപ്പോൾ അല്ലാഹു നിനക്കു വിശപ്പും ദാഹവും തീത്തുതരും. ഇബ്രാഹിമേ! നിൻെറ സഹോദരന്മാരും, ഫക്കീറന്മാരും ചവുട്ടി നടക്കുന്നഭൂമി എപ്രകാരം ക്ഷമിക്കുന്നുവോ, അപ്രകാരം നീക്ഷമയുള്ളവനായിരിക്കും. നീ ആരോടും ഗൗരവമായി യാതൊന്നും പെരുമാറരുതു്. നീ ആരോടെങ്കിലും ഗൗരവ നിലയിൽ എന്തെങ്കിലും പ്രവത്തിച്ചാൽ, അല്ലാഹു നിന്നോടും ഗൗരവമായി പെരുമാറും. ഇത്രയും സംഭാഷണങ്ങൾക്കുശേഷം അദ്ദേഹം എനിക്കു ഇസ്മൽഅഅ്ളം പഠിപ്പിച്ചുതന്നു.

'മരണപ്പെടാതെ എന്നെന്നും ജീവിച്ചുനിലനിൽക്കുന്ന ഹയ്യുൽ ഖയ്യൂമായ തമ്പുരാൻെറ അടുക്കൽ നിന്നെ ഞാൻ ഏല്പിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം എന്നെ വിട്ടുപിരിഞ്ഞു.

ഇതിനുശേഷം ഞാൻ വഴിയെപോകുമ്പോൾ വീണ്ടും സുന്ദരനും, പ്രകാശമുള്ള മുഖത്തോടുകൂടിയവരുമായ ഒരു യുവാവിനെകണ്ടു. അദ്ദേഹത്തിൻെറ അടുക്കൽചെന്നു ഞാൻ സലാംചൊല്ലി, സലാം മടക്കി അദ്ദേഹം, 'ഇബ്രാഹീമേ! നിൻെറ ഉദ്ദേശമെന്തു്?' എന്നു ചോദിച്ചു. ഇതിനുമുമ്പു നീ ആരുമായി സംസാരിച്ചു? 'ഞാൻ അപ്പോൾ നടന്നതായ സംഭവം അദ്ദേഹത്തോടു പറഞ്ഞു.' ഉടനെ അദ്ദേഹം അധികം ശക്തിയായി കരഞ്ഞു. 'ഞാനും കരഞ്ഞു' ഉടനേ ഞാൻ അദ്ദേഹത്തോടു ഇങ്ങിനെ ചോദിച്ചു. 'എനിക്കു് ഇമാമായ ദേഹമേ! ഞാൻ സത്യം ചെയ്തു പറയുന്നു. ഞാൻ ആദ്യം കണ്ട ശൈഖും, നിങ്ങളും ആരാണു്' അദ്ദേഹം മറുപടി പറഞ്ഞു, 'ഇബ്രാഹിമേ! നീ ആദ്യംകണ്ട മനുഷ്യൻ ഇൽയാസ് (അ) ആകുന്നു. ഞാൻ ഖിളർ ആകുന്നു. ഇതു കേട്ടപ്പോൾ ഞാൻ വളരെ സന്തോഷിച്ചു.' ഞാൻ അദ്ദേഹത്തെ ആലിംഗനം ചെയ്തു, രണ്ടു് കണ്ണിന്നടിയിൽ ചുംബിച്ചു. എനിക്കു് വേണ്ടി പ്രാൎത്ഥിക്കുവാൻ ഞാൻ അഭ്യൎത്ഥിച്ചതനുസരിച്ചു് അദ്ദേഹം പ്രാൎത്ഥിച്ചു. അനന്തരം അദ്ദേഹം എങ്ങോട്ടു പോയെന്നു ഞാൻ അറിഞ്ഞില്ല. ഇപ്രകാരം അഹമ്മദ് ഇബ്നി അബ്ദുല്ലാഹിൽ മുഖദ്ദിസ്സ് (റ) അവർകളോടു, ഇബ്രാഹിം ഇബ്നി അദ്ഹം പറഞ്ഞു..

മററു ചില കിതാബുകളിൽ ഇപ്രകാരം പറയുന്നു. 'ഒരിക്കൽ 'ബദഖുസാനി'ൽനിന്നു ഒരു മതപണ്ഡിതൻ, ഇബ്രാഹിം ഇബ്നി അദ്ഹം (റ) മിൻെറ രാജ്യത്തു് വന്നു. അദ്ദേഹത്തെ ബഹുമാനപുരസ്സരം ആ രാജ്യക്കാർ സ്വീകരിച്ചു. അദ്ദേഹത്തെകൊണ്ടു ഒരു മതപ്രസംഗപരമ്പരനടത്തുവാൻ ആ രാജ്യക്കാർ തീരുമാനിച്ചു. അതിന്നാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ചെയ്തു, പ്രസംഗം ആരംഭിച്ചു. ആ മതപ്രസംഗപരമ്പരയിൽ അബാലവൃദ്ധം ജനങ്ങൾ പങ്കെടുത്തിരുന്നു. ഇത്രയും സുപ്രസിദ്ധമായ ഒരു പ്രസംഗപരമ്പര ആ നാട്ടിൽ അതിനുമുൻപ് നടന്നിട്ടില്ല. പ്രസംഗവൈശിഷ്ട്യം കേട്ടറിഞ്ഞ സുൽത്താൻ ഇബ്രാഹിം (റ) അവർകൾ, ആ പ്രസംഗം കേൾക്കുവാൻ യാത്രയായി. വേണ്ടത്ര പരിവാരങ്ങളോടും, അംഗരക്ഷകന്മാരോടും വാദ്യമേളങ്ങളോടുംകൂടി സുൽത്താൻ യാത്രയായി. മാർഗ്ഗതടസ്സം ഉണ്ടാകാതിരിപ്പാൻ വഴിയിൽ ആവശ്യമുള്ള സന്നദ്ധഭടന്മാരെ നിയോഗിക്കപ്പെട്ടിരുന്നു. തെരുവീഥികളെല്ലാം രാജോചിതമായി അലങ്കരിക്കപ്പെട്ടിരുന്നു.

വാദ്യമേളങ്ങളാൽ, പരിവാരസമേതം എഴുന്നുള്ളുന്ന സുൽത്താൻെറ ഘോഷയാത്രാസ്ഥലത്തേക്ക്, പ്രസംഗസദസ്സിലുള്ള ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കപ്പെട്ടു. സദസ്യരുടെ ശ്രദ്ധ ചിതറിക്കണ്ട പ്രാസംഗികൻ ഇപ്രകാരം ഉറക്കെ വിളിച്ചുപറഞ്ഞു. 'ഹേ! ജനങ്ങളേ! നിങ്ങളുടെ ശ്രദ്ധ ഇവിടെനിന്നും മറെറാരുസ്ഥലത്തേക്ക് ആകർഷിക്കപ്പെടുവാൻ കാരണമെന്തു്?' സദസ്യർ മറുപടി പറ

ഞ്ഞു, ബഹുമാനപ്പെട്ട ശൈഖേ! ബൽഖിലെ രാജാവായ ഇബ്രാഹീം ഇബ്നി അദ്ഹം, അദ്ദേഹത്തിൻെറ പരിവാരസമേതം എഴുന്നെള്ളുന്ന ഘോഷയാത്രയുടെ ശബ്ദമാണു് ഞങ്ങളുടെ ശ്രദ്ധയെ അങ്ങോട്ടു തിരിച്ചതു്. അതു് കേട്ട മതപണ്ഡിതൻ അവരോടു ഇപ്രകാരം പറഞ്ഞു. 'ഹേ! സമൂഹമേ! രാജാവു് വരുന്നുവെന്നു നിങ്ങൾ പറയുന്നു. എന്നാൽ സർവ്വലോകപരിപാലകനും റബ്ബുൽ ഇസ്സത്തുമായ തമ്പുരാനത്രെ, യഥാൎത്ഥരാജാവു്. ആയതിനാൽ രാജാവു് എന്ന പദത്തിനും, സ്ഥാനത്തിനും അർഹൻ അല്ലാഹുമാത്രമാണു്. അതുകൊണ്ടു്, ഈ വരുന്നയാളെ നിങ്ങൾ രാജാവായി കരുതുവാൻ പാടില്ല. അല്ലാഹുവിൻെറ ആജ്ഞയ്ക്കെതിരായി, ഇഷ്ടംപോലെ വിഹരിച്ചു് നടക്കുന്ന അന്തസ്സില്ലാത്ത ഒരു ഫക്കീറായ ഇബ്രാഹിം വരുന്നുവെന്നു നിങ്ങൾ പറയുക.' വീണ്ടും അദ്ദേഹം തുടൎന്നു 'ഈ വരുന്ന ഇബ്രാഹിം ഇവിടെ പ്രവേശിക്കുമ്പോൾ, അല്ലാഹുവിനാണെ, ഞാൻ സത്യം ചെയ്തുപറയുന്നു, നിശ്ചയമായും നിങ്ങളാരും, അയാളെ ബഹുമാനിക്കുവാൻ എഴുനേൽക്കരുതു്. ഇതിന്നു വിപരീതമായി നിങ്ങൾ എഴുനേററാൽ, അല്ലാഹുവിൻെറ മുൻപിൽ നിങ്ങൾ കുററക്കാരായി തീരുന്നതാകുന്നു.' മതപണ്ഡിതൻ ഇപ്രകാരം ഉപദേശിച്ചുവെങ്കിലും സുൽത്താൻ പ്രവേശിച്ചപ്പോൾ; പണ്ഡിതൻെറ ഉപദേശം വിസ്മരിച്ചു് അവരെല്ലാവരും എഴുനേററു. അനന്തരം, സുൽത്താനും മററുള്ളവരും ഓരോ സ്ഥാനങ്ങളിൽ ഉപവിഷ്ടരായി.

പണ്ഡിതൻ പ്രസംഗം തുടന്നു. അദ്ദേഹം തൻെറ പ്രസംഗത്തിൽ ഭൌതികലോകത്തിൻെറ മ്ലേച്ഛതയേയും, ഹീനതയേയും, പരലോകത്തിൻെറ മഹാത്മ്യത്തെ പററിയും, അവസാനത്തെ ദിവസത്തെപററിയും, നരകശിക്ഷയുടെ കാഠിന്യത്തെപററിയും, വളരെ അധികം വിശദികരിച്ചു. പിന്നീട്ട പ്രാസംഗികൻ ചില നശീദകൾ ചൊല്ലി. അതിൻെറ സാരം ഇപ്രകാരമായിരുന്നു. 'ഇബ്രാഹീമേ! നീ ചെയ്തുപോയ സവ്വപാപങ്ങളെപററിയും അല്ലാഹുവിനോട്ട പശ്ചാത്തപിച്ച് മടങ്ങുക. റസൂൽകരീം (സ.അ) അവർകളെ നീ അത്യധികമായി സ്നേഹിക്കുക. നീ നമസ്ക്കാരം ഒഴിക്കാതെ, നിത്യമായി അനുഷ്ഠിക്കുക. കഅബത്തിൽപോയി ഹജ്ജ് ചെയ്യുക. നിൻെറ ധനത്തിന്നനുസരണമായവിധം 'സക്കാത്തു' ചെയ്യുക, ഇപ്രകാരം നീ ചെയ്താൽ അല്ലാഹു സർവ്വപാപവും ക്ഷമിച്ചുതരും, നിൻെറ ഹീനാവസ്ഥയെ കളഞ്ഞു, ഉരുയന്ന പദവിയെ അല്ലാഹു നിനക്കു നൽകുന്നതാകുന്നു. നിത്യാനന്ദം അനുഭവിക്കുവാൻ ജന്നാതുന്നഈം എന്ന സ്വർഗ്ഗത്തിലേക്ക് നിന്നെ ആനയിക്കപ്പെടും. ആ സ്വർഗ്ഗത്തിൽവെച്ച് റസൂൽ (സ.അ) തിരുമേനിയുടെ സ്നേഹത്തിന്നു് നീ പാത്രീഭവിക്കുന്നോടൊപ്പം, സർവ്വവിധസുഖങ്ങളും നിനക്ക് അവിടെ ലഭിക്കുന്നതാകുന്നു. ഇബ്രാഹിമേ! നീ വെറും, ഭൌതികലോകസുഖത്തിൽ മാത്രം വിശ്രമിക്കാതെ, അവസാനദിവസത്തെപററി ചിന്തിക്കുക. കൂടാതെ മണ്ണറയിൽ നിനക്ക് സുദീർഘമായ ഒരു നിദ്രയുണ്ടെന്നു നീ എപ്പോഴും കരുതണം. ആ നിദ്രയ്ക്കു് കാ

രണഭ്രതൻ, നീ ഒട്ടും ഇഷ്ടപ്പെടാത്ത നിൻെറ മരണമാകുന്നു. അതു നിൻെറ രാജപദവിയെ നീക്കി കളയുന്നതാകുന്നു. നഷ്ടപ്പെട്ടുപോകുന്ന രാജപദവിയല്ല യഥാർത്ഥ രാജപദവി. അല്ലാഹു നിന്നെ ഉയർത്തുമ്പോഠം നിനക്ക് ലഭിക്കുന്ന ഉയൎന്ന പദവിയാണ് ഏററവും വലിയതും, യാഥാർത്ഥ്യവുമായ രാജപദവി.

ഈ പ്രസംഗം വളരെ ക്ഷമയോടും, ശ്രദ്ധയോടുംകൂടി കേട്ടശേഷം, സുൽത്താൻ ഇബ്രാഹിം. അദ്ദേഹത്തിൻെറ ഇരിപ്പിടത്തിൽനിന്നു എഴുന്നേററു, ബഹുമാനപുരസ്സരം മതപണ്ഡിതനോടു ഇപ്രകാരം ചോദിച്ചു. 'ബഹുമാനപ്പെട്ട ശൈഖേ! എനിക്ക് അങ്ങയോടു ചില കാൎയ്യങ്ങഠം ചോദിക്കുവാനാഗ്രഹമുണ്ടു്. അതിന്നു് മറുപടിതരുവാൻ ദയവുണ്ടാകണം.' ചോദ്യത്തിനനുവാദം ലഭിക്കുകയാൽ സുൽത്താൻ ഇബ്രാഹിം ഇപ്രകാരം ചോദിച്ചു. 'ശൈഖേ! ഒരുവന്നു ഭൌതികലോകം മുഴുവൻ കൈവശമായാൽ അവന്നു് അല്ലാഹുവിൻെറ തൃപ്തിസമ്പാദിക്കുവാൻ എപ്രകാരം സാധിക്കും.' ശൈഖ് ഉത്തരം പറഞ്ഞു. 'ഇബ്രാഹിമേ! നീ സുഖലോകം മുഴുവൻ അല്ലാഹുവിൻെറ സ്നേഹത്തിന്നുവേണ്ടി പരിത്യജിച്ചാൽ, നിനക്ക് അല്ലാഹുവിൻെറ തൃപ്തി സമ്പാദിക്കുവാൻ സാധിക്കും. എന്നാൽ രണ്ടുകാൎയ്യങ്ങഠം ഹൃദയത്തിലുണ്ടാകരുതു്. അതു് ഇഹലോകവും പരലോകവുമാകുന്നു. ഇഹലോകസുഖം അന്വേഷിക്കുന്നവൻ പരലോകം ഉപേക്ഷിക്കേണ്ടിവരും. പരലോകം അന്വേഷിക്കുന്നവൻ ഈ ലോകം ഉപേക്ഷിക്കണം.' ഇതിന്നു് തെളിവുകളായി

അദ്ദേഹം ചില ഖുർആൻവാക്യങ്ങൾ ചൊല്ലികേൾപ്പിച്ചു. അതിന്നിപ്രകാരം അർത്ഥം പറഞ്ഞു, 'നീ മരണപ്പെടുന്നവനാണു്. നിന്നിൽപ്പെട്ട മററു സൃഷ്ടികളും മരണമടയുന്നതാകുന്നു. അനന്തരം എല്ലാവരേയും അല്ലാഹുവിലേക്ക് ആനയിക്കപ്പെടുന്നതാകുന്നു.' വീണ്ടും അദ്ദേഹം പറഞ്ഞു. 'ഇബ്രാഹിമേ! നീ ചെയ്ത സർവ്വപ്രവർത്തികളെപററിയും സല്ലാഹു നിന്നോടു ചോദിക്കുന്നതാകുന്നു. നിൻെറ അല്പസുഖം മാത്രമായ ഈ ലോകം ഉപേക്ഷിക്കുന്നതുമൂലം നിനക്ക് നന്മ കൈവരുത്തുവാൻ സാധിക്കുന്നതാകുന്നു. ആകയാൽ ഇഹലോകത്തിൽനിന്നും നീ എന്നെന്നേക്കുമായി മറയുന്നതിനുമുമ്പായി സാലിഹായ അമലുകൾ ചെയ്തു അഭയസ്ഥാനം തേടുക. നീ ശരിയായ 'മുത്തഖി'യാവുക. അവസാനവിജയം മുത്തഖീങ്ങൾക്കു മാത്രമായിരിക്കും. നിങ്ങൾ ചെയ്യുന്ന ദുഷ്പ്രവൃത്തികളെ മതിമറന്നവനാണു് അല്ലാഹുവെന്നു വിചാരിക്കരുതു്. അവരവർ ചെയ്യുന്ന പ്രവർത്തികൾക്കു തക്കതായ പ്രതിഫലം നൽകുന്നതിനു് അല്ലാഹു മതിമറന്നവനല്ല. ഒരുവൻ അണുമണിതൂക്കം സൽപ്രവൃത്തിചെയ്താൽ ആ പ്രവൃത്തിഫലത്തെ അവനു നൽകപ്പെടും. ഒരുവൻ അണുമണിതൂക്കം ദുഷ്പ്രവൃത്തിചെയ്താൽ അതിൻെറ പ്രവൃത്തിഫലത്തെയും അവനു നൽകപ്പെടും. ഈ വിധത്തിലുള്ള ഹൃദയഭേദകമായ നിരവധി ഉപദേശങ്ങളെ അദ്ദേഹത്തിനു ഉപദേശിച്ചുകൊടുത്തു.

ഈ ഉപദേശങ്ങൾ എല്ലാം അദ്ദേഹത്തിൻെറ ഹൃദയത്തിൽ പതിഞ്ഞു! ഹൃദയവേദനയോടുകൂടി, മുൻപുണ്ടാ

യിരുന്ന യാതൊരുവിധമായ ആർഭാടങ്ങളും കൂടാതെ, അദ്ദേഹം ഏകനായി കൊട്ടാരത്തിലേക്ക് മടങ്ങി. കഴിഞ്ഞ സംഭവങ്ങൾ ചിന്തിച്ചതിനാൽ ഹൃദയം വ്യസനത്തിൽ ആണ്ടു. കണ്ണുനീർതുള്ളികൾ ധാരധാരയായി വീഴുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ ദയനീയരോദനം പുറത്തു മുഴങ്ങിത്തുടങ്ങി. ഉദ്യോഗമേധാവികളും, സൈന്യത്തലവന്മാരും ഈ ശബ്ദംകേട്ട് സുൽത്താൻെറ ചുററും കൂടി. മ്ലാനമുഖത്തോടും, മെലിഞ്ഞ ശരീരത്തോടുംകൂടിയാണ്, സുൽത്താനെ അവർ കണ്ടതു്. ഈ സുഖലോകത്തെ ഇത്രപെട്ടന്നു ത്യജിക്കുവാനുണ്ടായ കാരണം എന്താണെന്നു അവർ സുൽത്താനോടു ചോദിച്ചു. സുൽത്താൻ പറഞ്ഞു. 'എൻെറ ജനങ്ങളേ! ആരുടെയും ഉപദ്രവമല്ല എന്നെ ഈ ദുഃഖത്തിന്നു കാരണമാക്കിയതു്. എന്നാൽ അല്ലാഹുവിൻെറ പ്രീതി സമ്പാദിക്കുന്ന പ്രവൃത്തിയിലത്രെ എൻെറ ഭാവി മേന്മ സ്ഥിതി ചെയ്യുന്നതു്. ആയതിനാൽ ഇഹലോകത്തിലുള്ള എൻെറ സർവ്വവിധ പദവികളും, അധികാരങ്ങളും, സുഖങ്ങളുമുപേക്ഷിച്ച് 'മാലിക്കൽ മുല്ക്കാ'യ റബ്ബിൻെറ ഹിതത്തിന് മാത്രം നിലകൊള്ളുവാൻ ഞാൻ തയ്യാറായിരിക്കുന്നു. ആ ജനക്കൂട്ടം അദ്ദേഹത്തോടു പറഞ്ഞു. 'രാജാവേ! സുലൈമാൻ നബി (അ) അവർകൾക്ക് അല്ലാഹു മററാർക്കും കൊടുക്കാത്തവിധമുള്ള രാജപദവി കൊടുത്തു. 'ആദ'' എന്നയാൾക്കും വലിയ രാജപദവികൊടുത്തു. അവരാരും ഇപ്രകാരം ചെയ്തില്ല. പിന്നെ താങ്കൾ മാത്രം ഇപ്രകാരം ചെയ്യുവാൻ ആഗ്രഹിക്കുന്നതിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു.'

തത്സമയം ഇബ്രാഹിം ഇബ്നി അദ്ഹം (റ) പറഞ്ഞു. 'ജനങ്ങളെ! നിങ്ങൾ എന്നെ, മേലാൽ രാജാവ് എന്നു സംബോധന ചെയ്യേണ്ട. പകരം, അല്ലാഹുവിൻെറ കല്പനകളെ തിരസ്കരിക്കുന്ന ഇബ്രാഹിം എന്നു പറയുക. അല്ലാഹു, സുലൈമാൻ നബി (അ) ക്കും, 'ആദ്' എന്നയാൾക്കും കൊടുത്ത പദവി, ഇന്നു നിയമമായി തുടരുന്നുണ്ടോ? അഥവാ അവരുടെ വിധികളും, നിയമങ്ങളും ഏതെങ്കിലും ഗവർമ്മേണ്ടു അംഗീകരിക്കുന്നുണ്ടോ? അവരുടെ നിയമങ്ങളേയും, വിധികളേയും കവച്ചുവെച്ച് അല്ലാഹു അവൻെറ വിധികൾ മാത്രം എപ്പോഴും നടപ്പിൽ വരുത്തുന്നു. തന്മൂലം അല്ലാഹു അവരെ മരണത്തിൻെറ കുടിനീർകുടിപ്പിച്ച് അവരെ പറഞ്ഞയച്ചു. രാജപദവികൾ അനുഭവിച്ചവരെല്ലാം അല്ലാഹുവിനോടു പല കാര്യങ്ങളിലും സമാധാനം പറയുവാൻ ചുമതലപ്പെട്ടവരാകുന്നു. എന്നാൽ, ഭൌതികലോകം പരിത്യജിക്കുവാൻ എന്നെ പ്രേരിപ്പിച്ചതു് മൂന്നുകാര്യമാണ്. ഒന്നു, മരണത്തെപ്പററിയുള്ള ചിന്തയാകുന്നു. മരണത്തിൽനിന്നു് എന്നെ മാററിനിത്തുവാൻ ആക്കും സാധിക്കുന്നതല്ല. രണ്ടാമതു, മരണാനന്തരം, മണ്ണറയിലെ ഇരുളിലുള്ള എൻെറ താമസത്തെപററിയുള്ള ചിന്ത. എൻെറ ആ ഏകാന്തതയിൽ എന്നെ സന്തോഷിപ്പിക്കുവാനോ, സമാധാനിപ്പിക്കുവാനോ, നിങ്ങളാരും ഉണ്ടാകുന്നതല്ല. ഓരോരുത്തരുടെയും സൽകമ്മങ്ങൾ മാത്രമായിരിക്കും അവിടെ സഹായികളായിതീരുന്നതു്. അവയെപററി അല്ലാഹു ഖുർആനിൽ നമ്മെ ഉണർത്തിയിട്ടുണ്ട്. മൂന്നാമതാ

യി, സ്വർഗ്ഗത്തേയും അതിലുള്ള അനുഗ്രഹങ്ങളേയുംപ റ്റി ഞാൻ ചിന്തിക്കുന്നു. 'തഖ്‌വാ'ക്കാരായ 'സാലിഹീങ്ങ'ൾക്കല്ലാതെ ആ സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുന്നതല്ല. നരകത്തിലെ അതികഠിനമായ ശിക്ഷ അനുഭവിക്കുവാൻ, ഞാൻ പ്രാപ്തനല്ല. എൻെറ ഇന്നുവരയുള്ളമുള്ള നടപടിക്രമങ്ങൾ എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ പര്യാപ്തമായതൊ, നരകത്തിൽനിന്നു എന്നെ നിഷ്കാസനം ചെയ്യുവാൻ പററിയതൊ, അല്ല. ആയതിനാൽ ഭൗതികസുഖത്തിൽനിന്നു ഒഴിഞ്ഞുമാറി, അല്ലാഹുവിൻെറ തൃപ്തിക്ക് വേണ്ടി മാത്രം ജീവിച്ചാൽ നിത്യാനന്ദം കൊള്ളുന്ന സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.' ഇത്രയും കേട്ട ജനത അദ്ദേഹത്തോടുപദേശിച്ചു. 'നിങ്ങൾ ഇപ്രകാരം നിശ്ചയിച്ചിരിക്കുകയാണെങ്കിൽ, നിങ്ങളുടെ മകനെ രാജാവായി അഭിഷേകം ചെയ്യുകയും, ഭരണകാര്യങ്ങളിൽനിന്നും മററും നിങ്ങൾ വിരമിച്ച്, കൊട്ടാരത്തിൽതന്നെ ഇരുന്നു, അല്ലാഹുവിന്നു 'ഇബാദ'ത്തു് ചെയ്യുക. അല്ലാതെ മറെറാരു സ്ഥലത്തും നിങ്ങൾ പോകാതിരിക്കുക. രാജ്യഭരണകാര്യങ്ങളിൽ ഞങ്ങൾ കൂട്ടതലായി ശ്രദ്ധ പതിപ്പിച്ചുകൊള്ളാം.' ഇതിന്നുത്തരമായി, സുൽത്താൻ ഇബ്രാഹിം (റ) പറഞ്ഞു, 'എൻെറാ ജനങ്ങളെ! ആഖിറവും, 'ദുൻയാവും' ഒരു സ്ഥലത്തുണ്ടാകുകയില്ല' ഇതുകേട്ടപ്പോൾ അവർ പറഞ്ഞു, എന്നാൽ നിങ്ങൾ പോകുന്ന സ്ഥലത്തു് ഞങ്ങളുംവരാം. അവിടെ നിങ്ങൾക്കാവശ്യമായി ശുശ്രൂഷകൾചെയ്തു് ഞങ്ങളും അവിടെ താമസിക്കാം.' സുൽത്താൻ പറഞ്ഞു, 'ജനങ്ങളെ! നിങ്ങളുടെ ഇപ്രകാരമുള്ള

സംസാരം, അല്ലാഹുവിന്നുമാത്രം 'ഇബാദത്തു്' ചെയ്യുവാനാഗ്രഹിക്കുന്ന എൻെറ ഉദ്ദേശത്തിൽനിന്നു് അകററുവാൻ സഹായിക്കുന്നവയാകുന്നു. എന്നെ ശുശ്രൂഷിക്കുവാൻ എനിക്കാരും വേണ്ട. സവ്വവിധത്തിലുള്ള സഹായവും അല്ലാഹുവിൽ നിക്ഷിപ്തമായിരിക്കുമ്പോൾ മററാരുടെയും സഹായം എനിക്കാവശ്യമായിവരുന്നതല്ല. ഞാൻ എൻെറ മാതാവിൻെറ വയററിൽ തനിച്ചിരുന്നപ്പോൾ, അല്ലാഹു മാത്രമാണു് എന്നെ സഹായിച്ചതു്. അപ്രകാരം, എൻെറ ഏകാന്തതയിൽ, ഇനിയും, അല്ലാഹു സഹായിക്കുന്നതാകുന്നു. അവൻെറ സഹായം മാത്രം എനിക്കു് മതിയാകുന്നതാകുന്നു.' അനന്തരം, അദ്ദേഹത്തിൻെറ 'ഒസീർ', ഉമറാഅ്, സൈന്യാധിപന്മാർ മുതലായവർ ഇപ്രകാരം പറഞ്ഞു, "ഞങ്ങളുടെ രാജാവേ! നിങ്ങൾ ഞങ്ങളെ കൊന്നുകളഞ്ഞാലും ശരി, നിങ്ങളെ വിട്ടു പിരിയുവാൻ ഞങ്ങൾക്കു് സാദ്ധ്യമല്ല." ബാദുഷാ മറുപടിപറഞ്ഞു, 'അല്ലാഹു വലിയവനാകുന്നു. ഞാൻ നിങ്ങളെ ആരെയും ഉപദ്രവിക്കുകയോ, കൊല്ലുകയോ ചെയ്യുന്നതല്ല. സമീപസ്ഥലത്തു നടന്നുകൊണ്ടിരിക്കുന്ന ശൈഖിൻെറ പ്രസംഗം നിങ്ങൾ കേൾക്കുകയാണെങ്കിൽ, ഞാൻ പറയുന്നവയെ പററിയുള്ള പരമാത്ഥം നിങ്ങൾക്കു് മനസ്സിലാകും.' ശൈഖിൻെറ പ്രസംഗം കേൾക്കുവാൻ അവരെല്ലാവരുംപോയി. സുൽത്താൻ ഇബ്രാഹിമും അവരെ അനുഗമിച്ചിരുന്നു. സുൽത്താൻ ഇബ്രാഹിം (റ) ശൈഖിനോടു ഇപ്രകാരം ചോദിച്ചു. 'ശൈഖേ! ഒരുവൻ ഭൌതികസുഖം മാത്രം അനുഭവിച്ചിരുന്നാൽ അവന്നു അല്ലാഹുവിൻെറ പ്രീതി എപ്രകാരം ലഭിക്കും?' ശൈ

ഖ് ഉത്തരം പറഞ്ഞു, 'ഇഹലോകസുഖം നിശ്ശേഷം ഉപേക്ഷിച്ച്, അല്ലാഹുവിൻെറ പ്രീതിമാത്രം ആഗ്രഹിച്ച്, ഇബാദത്തു് ചെയ്താൽ അല്ലാഹുവിൻെറ സ്നേഹം അവന്നു ലഭിക്കാവുന്നതാകുന്നു.' അപ്പോൾ, സുൽത്താൻ ഇബ്രാഹിം (റ) കൂടെ ഉണ്ടായിരുന്ന ജനതയെ നോക്കിക്കൊണ്ടു പറഞ്ഞു, 'ജനങ്ങളെ! ശൈഖ് ഉപദേശിച്ചതു, നിങ്ങൾ കേട്ടില്ലയൊ?' 'കേട്ടു' എന്നുത്തരം പറഞ്ഞു, 'നിങ്ങൾ സർവതും ഉപേക്ഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ നിങ്ങളുടെ ഭാര്യ, പുത്രൻ, ധനം, രാജ്യഭരണം മുതലായവ ആർ അന്വേഷിക്കും? 'അവയുടെ എല്ലാം രക്ഷാധികാരി അല്ലാഹുമാത്രമാകുന്നു' എന്നു സുൽത്താൻ അവരെ അറിയിച്ചു. വീണ്ടും സുൽത്താൻ പറഞ്ഞു, അല്ലാഹു 'അവൻെറ' 'ഹുക്കുമ'നുസരിച്ച് എല്ലാം നടത്തും. എൻെറ അടിമകളെ ഈ അവസരത്തിൽ സ്വതന്ത്രരാക്കി വിടുന്നു. എൻെറ വക കെട്ടിടങ്ങളോ, വസ്തുക്കളോ, മററു സാധനങ്ങളോ ആരുടെ കൈവശത്തിരിക്കുന്നുവോ, അവ ഞാൻ അവക്കായി വിട്ടുകൊടുക്കുന്നു. എൻെറ രാജ്യത്തേയും, മററു പട്ടണങ്ങളേയും ഞാൻ ഈ അവസരത്തിൽ ഉപേക്ഷിച്ചു, ഏകനായി പുറപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്നു.'

സുൽത്താൻ സർവ്വവുമുപേക്ഷിച്ച് പുറപ്പെടുവാൻ തീരുമാനിച്ചവിവരം ജനങ്ങളെ അത്യധികം വ്യസനിപ്പിച്ചു. അന്നു, അദ്ധരാത്രി, ആരും അറിയാതെ, അല്ലാഹുവിനോടുള്ള പ്രേമം ഹൃദയത്തിൽ പൂണ്ടുപിടിച്ച ഇബ്രാഹിം ഇബ്നുഅദ്ഹം (റ) ഭൂതലത്തിലേക്ക് പാഞ്ഞുകളഞ്ഞു.

മറെറാരു 'രിവായത്തി'ൽ ഇപ്രകാരം പറയുന്നു സുൽത്താൻ ഇബ്രാഹിം (റ) എല്ലാ വെള്ളിയാഴ്ചയും പള്ളിയിൽവന്നു 'ജുംഅ' നിസ്ക്കരിച്ച് പോരിക പതിവായിരുന്നു. വളരെ വിചിത്ര പണികളോടും, മിനുസമേറിയ പട്ടുകൊണ്ടും ഉണ്ടാക്കിയ ഒരു 'മുസല്ല' സുൽത്താൻ വരുന്നതിനു മുൻപായി, അദ്ദേഹത്തിൻെറ സേവകൻ, പള്ളിയിൽ വിരിക്കുക പതിവായിരുന്നു. സുൽത്താൻ ആ വിരിപ്പിൽ ഇരിക്കുകയായിരുന്നു പതിവ്. അപ്രകാരം ഒരുവെള്ളിയാഴ്ച, മുസല്ല,കൊണ്ടുവന്നുവിരിച്ചപ്പോൾ, ഒരു ഫഖീർ, എവിടെനിന്നോവന്നു ആ 'മുസല്ല'യിൽ നിസ്ക്കരിച്ചശേഷം, അതിൽതന്നെ ഇരിപ്പായി. ഈ സംഭവം സുൽത്താൻെറ സേവകന്മാർക്ക് വളരെ കോപം ഉണ്ടാക്കി. അവർ ഫക്കീറോടു പറഞ്ഞു. 'എടാ, മറയാ! നിനക്ക് നിസ്ക്കരിക്കുവാൻ വേറെ സ്ഥലമില്ലെ? സുൽത്താനുവേണ്ടി വിരിച്ച 'മുസല്ല' നിനക്കു നിസ്ക്കരിപ്പാനുള്ളതാണോ? സുൽത്താൻ വരുന്ന സമയമായി. നീ, വേഗം ഇവിടെനിന്നുമാറി, വേറെ എവിടെയെങ്കിലും ഇരിക്കുക.' അതിന്നു ഫക്കീർ ഇപ്രകാരം മറുപടി പറഞ്ഞു. 'ഈ വിരിപ്പ്, സുൽത്താനുമാത്രമുള്ളതാണെന്നു ഞാൻ മനസ്സിലാക്കിയില്ല. വരുന്നവക്കെല്ലാം നിസ്ക്കരിപ്പാനുള്ളതാണെന്നു ധരിച്ചാണു് ഞാൻ അപ്രകാരം ചെയ്തതു്.' ഇപ്രകാരം സംസാരിച്ചിരിക്കെ, സുൽത്താനും, പരിവാരങ്ങളും, പെട്ടന്നു, പള്ളിയിലേക്കു് കടന്നുവന്നു. തൻെറ വിരിപ്പിൽ ഒരു ഫക്കീർ ഇരിക്കുന്നതായി സുൽത്താൻ കണ്ടു. ഈ പ്രവർത്തി സുൽത്താനെ അത്യധികം കോപിഷ്ഠനാക്കി. ഫഖീറിനെ,

ഇരുന്നൂർ അടി അടിക്കുവാൻ, സുൽത്താൻ ആജ്ഞാപിച്ചു. വളരെ ക്ഷമയോടുകൂടി, ഫഖീർ, ഇരുന്നൂർ അടിയും ഏററു. തൻെറ മേൽവിധിച്ചവിധി അനുഭവിച്ചശേഷം, ഫഖീർ, സുൽത്താൻെറ സന്നിധിയിൽവന്നു ഇപ്രകാരം ചോദിച്ചു, 'അങ്ങയുടെ വിരിപ്പിൽ, ഞാൻ രണ്ടു റക്കഅത്ത് നിസ്ക്കരിച്ച്, അതിന്നു ഇരുന്നൂർഅടി പ്രതിഫലമായി ലഭിച്ചു. എന്നാൽ, അന്ത്യദിവസം, അല്ലാഹുവിൻെറ കഠിനമായ ശിക്ഷകൾ ഓരോരുത്തരിലും വിധിക്കപ്പെടുന്ന ദിവസം നിങ്ങൾ എന്തു സമാധാനമാണു" പറയുവാൻ നിശ്ചയിച്ചിരിക്കുന്നതു്?

ഫഖീറിൻെറ ഈ സംസാരം സുൽത്താൻെറ ഹൃദയത്തിൽ തീപൊരിയുണ്ടാക്കി. സുൽത്താൻ ഫക്കീറിൻെറ സമീപത്തിൽ പാഞ്ഞെടുത്തു, കഠിനമായ ഖേദത്താൽ കെട്ടിപിടിച്ചുകരഞ്ഞു. അദ്ദേഹത്തിൻെറ രണ്ടുകയ്യുംപിടിച്ചു ചുംബനംചെയ്തു. ഈ ലോകത്തെ, ഒന്നിലധികം പ്രാവശ്യം ശപിച്ചു. സുൽത്താൻ ചെയ്ത തെററിന്നു മാപ്പപേക്ഷിച്ചു. ഫഖീറിന്നു നിരവധി ധനങ്ങൾ കൊടുപ്പാൻ തൻെറ സേവകന്മാരോടു ആജ്ഞാപിച്ചു. അനന്തരം സുൽത്താൻ സർവ്വതും ഉപേക്ഷിച്ച് പുറപ്പെട്ടതായും, പോകുമ്പോൾ 'മുസഹ്ഫും', 'ഫിഖ്ഹ്" കിതാബും, കത്തിയും, തൻെറ കുതിരയും മാത്രം കൂടെകൊണ്ടുപോയതായും പറയപ്പെടുന്നുണ്ടു്.

സുൽത്താൻ ഇബ്രാഹിം (റ) അവർകൾ, ചില അവസരങ്ങളിൽ കുതിരപ്പുറത്തു സഞ്ചരിക്കുകയും, ചിലപ്പോൾ നടന്നുപോകുകയും ചെയ്തിരുന്നു. അപ്രകാരം

നടന്നുപോകുമ്പോൾ, ഒരിക്കൽ അദ്ദേഹം ഒരു ഇടയനെ കാണുകയും, ആ ഇടയന്നു, തൻെറ വിലയേറിയ വസ്ത്രങ്ങൾ അഴിച്ച് കൊടുക്കുകയും പകരം ഇടയൻെറ കമ്പിളിവസ്ത്രങ്ങൾ ധരിക്കുകയും ചെയ്തു. വീണ്ടും അവിടെനിന്നു യാത്രതിരിച്ച് കുറെ ദൂരം പോയശേഷം ഒരു സ്ഥലത്തു് വിശ്രമിക്കുകയും, അല്ലാഹുവിനെ സ്തുതിക്കുകയുംചെയ്തു. സന്ധ്യാസമയം അടുത്തപ്പോൾ, അദ്ദേഹം കുതിരപ്പുറത്തുകയറി വേഗത്തിൽ യാത്രതുടങ്ങി ഒടുവിൽ അദ്ദേഹം ഒരു കാട്ടിൽ ചെന്നെത്തി. ആ കാട്ടിന്നരികെ ഒരു നദിയൊഴുകിയിരുന്നു. അദ്ദേഹം കുതിരപ്പുറത്തുനിന്നു താഴെയിറങ്ങി, കുതിരയുടെ ജീനിയും, കടിഞ്ഞാണും വലിച്ചെറിഞ്ഞു. അമൂല്യങ്ങളായ രത്നങ്ങൾ പതിച്ചിരുന്ന തൻെറ പേനക്കത്തിയും ഒരു സ്ഥലത്തു കുഴിച്ചിട്ടു. അനന്തരം നാല്പതു ദിവസംവരെ, 'ഇബാദത്ത്' ചെയ്തു ആ കാട്ടിൽ അദ്ദേഹം കഴിച്ചുകൂട്ടി. ഓരോദിവസവും, സൂര്യാസ്തമനാനന്തരം, തൃപ്തികരമായ ഭക്ഷണം ലഭിച്ചതുപോലെ, അദ്ദേഹത്തിനുതോന്നിയിരുന്നു. ഈ താമസകാലത്തിനിടയിൽ, ഒരു ദിവസം, സുൽത്താൻ ഇബ്രാഹിം (റ) അദ്ദേഹത്തിൻെറ സ്വന്തം ശരീരത്തോടു ഇപ്രകാരം പറയുകയുണ്ടായി, 'ഹേ! ശരീരമേ! നീ ചെയ്തുപോയ അക്രമങ്ങൾക്കും, പാപങ്ങൾക്കും പരിഹാരമായി, ഹൃദയം തകരുന്നവേദനയോടുകൂടി, അല്ലാഹുവിനോടു മാപ്പപേക്ഷിച്ചാൽ, ഒരുപക്ഷെ നിനക്ക് മോചനം ലഭിക്കുമായിരിക്കും.' അനന്തരം അതികഠിനമായ വേദനയോടുകൂടി അദ്ദേഹം കരഞ്ഞു കണ്ണുനീരൊഴുക്കി. വളരെ ക്ഷീണിതനായ, ഇബ്രാഹിം, അല്പസമയം കഴിഞ്ഞപ്പോൾ,

കിടന്നുറങ്ങിപ്പോയി. വെയിലേററ അദ്ദേഹത്തിൻെറ ശരീരത്തിനു് തണല് നൽകുവാൻ, മൃഗത്തലവന്മാരായ സിംഹം, പുലി, കരടി മുതലായവ അദ്ദേഹത്തെ മറഞ്ഞു നിന്നു് തണൽ പിടിപ്പിച്ചു. കുറെനേരം കഴിഞ്ഞു, സുൽത്താൻ ഇബ്രാഹിം (റ) അവർകൾ ഉറക്കത്തിൽനിന്നു ഉണർന്നുനോക്കിയപ്പോൾ, തന്നെ ദുഷ്ടമൃഗങ്ങൾ വലയം ചെയ്തതായും, മറകൊണ്ടു് തണൽ നൽകിയതായും അദ്ദേഹം ഗ്രഹിച്ചു. പരിശുദ്ധനായ അല്ലാഹു, തനിക്ക് ചെയ്ത അനുഗ്രഹങ്ങളെ ഓർത്തു, അത്യധികം 'അവനെ' സ്തുതിക്കുകയും, ഭൂമിയിൽ 'സുജൂദ്' ചെയ്യുകയും ചെയ്തു. അനന്തരം അദ്ദേഹം 'ശഹാദത്തു്കലിമ' പല പ്രാവശ്യം ഉരുവിട്ടു. ഒടുവിൽ തന്നത്താൻ ഇപ്രകാരം പറഞ്ഞു, അല്ലാഹുവിൻെറ പ്രീതിക്കുവേണ്ടി ഭൌതികവസ്തുക്കൾ ഉപേക്ഷിക്കുന്നവനാരോ, അവനെ ശുശ്രൂഷിക്കുവാൻ അഥവാ അവന്നു ദാസപ്രവൃത്തി ചെയ്യുവാൻ സൃഷ്ടികൾ തയ്യാറാകുമെന്നു പ്രഖ്യാപിച്ച പരമാർത്ഥം ഞാനിപ്പോൾ അനുഭവിച്ചറിഞ്ഞു. മനുഷ്യശത്രുക്കളും, മനുഷ്യരെ ഭുജിക്കുന്നവരുമായ ഈ ദുഷ്ടമൃഗങ്ങൾ എനിക്കു് സഹായികളായി വന്നിരിക്കുന്നു. അല്ലാഹുവിൻെറ 'ഖുദറത്തു്'കൊണ്ടുമാത്രമാണു്, ഇപ്രകാരം സംഭവിച്ചതു്.' 'ഇബ്രാഹിമേ! മഹത്വവും, ഖുദറത്തു്'ള്ളവനുമായ 'റബ്ബി'ൻെറ ആജ്ഞയനുസരിച്ചാണു് ഞങ്ങൾ ഇവിടെ വരുവാനിടയായതു്. 'നിങ്ങളുടെ' ഏതൊരാജ്ഞയും കേൾക്കുവാൻ ഞങ്ങൾ തയ്യാറാണു്. 'നിങ്ങൾ' ക്ഷീണിതനാണെങ്കിൽ

ഞങ്ങളിൽ ആരെയെങ്കിലും വാഹനമായി ഉപയോഗിക്കാം.' ഇപ്രകാരം മൃഗങ്ങൾ സംസാരിച്ചുതുടങ്ങി. ത സമയം ഇബ്രാഹിം ഇബ്നി അദ്ഹം (റ) ഒരു പുലിയുടെ പുറത്തുകയറി, പട്ടണത്തിലേക്ക് തിരിച്ചു. പട്ടണത്തിൽ പ്രവേശിച്ചപ്പോൾ, അദ്ദേഹം പുലിയുടെ പുറത്തുനിന്നിറങ്ങുകയും, പുലിയോടുപോകുവാൻ ആജ്ഞാപിക്കുകയും ചെയ്തു. മുഖം മറച്ചുകൊണ്ട് അദ്ദേഹം പട്ടണത്തിലെ ഒരു വീഥിയിൽകൂടി പോകുമ്പോൾ, തന്റെ നേരെ വന്ന ഒരാളോടു 'ഇതു ആരുടെ പട്ടണമാണ്?' എന്നു ചോദിച്ചു. 'ഇതു അദ്ഹമിന്റെ മകനായ സുൽത്താൻ ഇബ്രാഹിം അവർകളുടെ ഒരു ജോലിക്കാരനായ ഒരു ഫഖീറിന്റെ പട്ടണമാകുന്നു' എന്നുത്തരംകൊടുത്തു. ഒരക്ഷരവുമിണ്ടാതെ സുൽത്താൻ ഇബ്രാഹിം (റ) അവിടന്നു മറെറാരു സ്ഥലത്തേക്ക് നടന്നു. പട്ടണത്തിന്റെ മറെറാരുഭാഗത്തുചെന്നു ഒരാളോടു പറഞ്ഞു, 'ഈ 'മുസഹഫ്' ഇവിടെവെച്ചു എനിക്ക്, വിശപ്പ് തീർക്കുവാൻ പററിയ എന്തെങ്കിലും ആഹാരം തരണം.' ഇതുകേട്ട ഉടനെ ആ മനുഷ്യൻ 'മുസഹഫ്', വാങ്ങി, അദ്ദേഹത്തിന്നു് വിശപ്പ് തീരുന്നതുവരെ ആഹാരംകൊടുത്തു. അദ്ദേഹത്തിന്റെ വിശപ്പിന്നു് ശമനം വന്നശേഷം ഇബ്രാഹിം ഇബ്നി അദ്ഹം (റ) ഇപ്രകാരം പറഞ്ഞു, "ഈ 'മുസ്ഹഫ്' നിങ്ങളുടെ കൈവശംതന്നെ ഇരിക്കട്ടെ. ഞാൻ പട്ടണത്തിൽനടന്നു, എന്തെങ്കിലും ജോലി കിട്ടുന്നവയിൽനിന്നു, നിങ്ങൾ എനിക്ക് തന്ന ആഹാരത്തിന്റെ വില തന്നു ഞാൻ 'മുസഹഫ്' തിരിച്ചെടുത്തുകൊള്ളാം." അപ്രകാ

രം സുൽത്താൻ ഇബ്രാഹിം (റ) സ്ഥലംവിട്ടു. അദ്ദേഹം കുറെ ദൂരം, ഒരു ജോലിക്കുവേണ്ടി, പട്ടണത്തിൽ ചുററി നടക്കുമ്പോൾ, ഒരാൾ പറഞ്ഞു, 'ഹേ! മനുഷ്യാ! ഈ ചുമടെടുത്തുകൊണ്ട് നീ എൻെറകൂടെ വരുമോ? നിനക്ക്, ഒരു 'ദിർഹം' കൂലിതരാം' താൻ കഴിച്ച ആഹാരത്തിന് ഒരു 'ദിർഹം' ചിലവ് വരുന്നതിനാൽ, അതെങ്കിലും കൊടുത്തു, കടം തീക്കാമെന്ന സന്തോഷത്താൽ ഇബ്രാഹിം (റ) ആ ചുമടു, ശിരസ്സിൽ കയററികൊണ്ടു നടന്നു. പാദങ്ങൾക്കും; ശരീരത്തിനും ഒരുപോലെ ചൂടേററതുമൂലം; കൈ, കാലുകൾക്ക് ദുസ്സഹമായ വേദന സംഭവിക്കുകയും, ശരീരമാസകലം വിയർത്തുകുളിക്കുകയും ചെയ്തിരുന്നുവെങ്കിലും അദ്ദേഹം ശിരസ്സിലേററ ആ ഭാരം, ആവശ്യപ്പെട്ട സ്ഥലത്ത് എത്തിച്ചുകൊടുത്തു. 'എൻെറ വിയർപ്പ്തുള്ളികൾ വററുന്നതിന് മുൻപ് എനിക്ക് കൂലി തരിക' എന്നു, ഇബ്രാഹീം ഇബ്നി അദ്ഹം (റ) പറഞ്ഞു. അതിന്നു മറുപടിയായി, അയാൾ, 'എടോ മനുഷ്യാ! ഞങ്ങൾ മനുഷ്യരുടെ പണം, ധനം ഇവ അപഹരിക്കുന്നവരും, ജോലിചെയ്യുന്നവക്ക് കൂലികൊടുക്കാത്തവരുമാകുന്നുവെന്നു നിനക്ക് അറിഞ്ഞുകൂടെ? പിന്നെ, നീ എന്തിന് എന്നോടു കൂലി ആവശ്യപ്പെടുന്നു?' എന്നു പറഞ്ഞു, ഭയപ്പെടുത്തി. സുൽത്താൻ ഇബ്രാഹിം ഇബ്നി അദ്ഹം (റ) ഇതിന്നു ഇപ്രകാരം പ്രത്യുത്തരം നൽകി. 'ഹേ! മനുഷ്യാ! റസൂൽകരീം (സ.അ) അനുയായികളായ നമ്മോടുപദേശിച്ചതു് നീ കേട്ടിട്ടില്ലയോ? എന്തെന്നാൽ

'എൻെറ അനുയായികളെ! നിങ്ങാം ജോലിചെയ്യിക്കുന്നവക്ക് പ്രതിഫലം, അവരുടെ വിയർപ്പ് വററുന്നതിനു മുൻപ് നിങ്ങാം അവക്ക് നൽകുക'. ഈ വാക്യത്തിന്നെതിരായി, താങ്കാം എൻെറ കൂലി പിടിച്ചു വെയ്ക്കുന്നതു ശരിയാണോ?' എന്നു ഇബ്രാഹിം പറഞ്ഞപ്പോാം, ആ മനുഷ്യനും, അവൻെറ അനുയായികളുംകൂടി, ഇബ്രാഹിം ഇബ്നി അദ്ഹം (റ) അവർകളെ ശക്തിയായി മർദ്ദിച്ചു. ശക്തിയായ ഈ മദ്ദനവുംമോറ, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു അദ്ദേഹം സ്ഥലം വിട്ടു. സുൽത്താൻ ഇബ്രാഹീമിനെയാണ് മദ്ദിച്ചതെന്നു ആ മനുഷ്യൻെറ യജമാനൻ അറിഞ്ഞപ്പോാം, അയാാം ഇബ്രാഹിമിനെ അന്വേഷിച്ചു പല സ്ഥലത്തും നടന്നു. ഒടുവിൽ അയാാം ഇബ്രാഹിമിനെ ഒരു സ്ഥലത്തുവെച്ച് കണ്ടുപിടിച്ചു. ഉടനെ അയാാം, സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ കാൽക്കൽവീണു, വ്യസനപൂർവ്വം, ചെയ്തുപോയ കുററങ്ങാംക്ക് മാപ്പ് അപേക്ഷിക്കുകയും, അവൻെറ കയ്യിലുണ്ടായിരുന്ന കഠാരി, ഊരി തന്നത്താൻ കുത്തിമരിക്കുവാൻ ഒരുങ്ങിയപ്പോാം, സുൽത്താൻ ഇബ്രാഹിം (റ) അവർകാം പറഞ്ഞു, 'നീ, നിൻെറ ജീവനെ, പാഴാക്കരുതു്. നിശ്ചയമായും നിൻെറ അനുയായികാം ചെയ്തുപോയ കുററങ്ങാം അത്രയും ഞാൻ ക്ഷമിക്കുകയും, അല്ലാഹുവിനോടു പ്രാത്ഥിക്കുകയും ചെയ്തിരിക്കുന്നു. മേലാൽ നിങ്ങാം ആരെയും ഉപദ്രവിയ്ക്കാതെയും, ആരുടെയും മുതൽ അപഹരിക്കാതെയും ജീവിക്കണം.' ഇത്രയും കേട്ടപ്പോാം, അയാാം അവിടെവെച്ച്തന്നെ, വള

രെ ഖേദത്തോടുകൂടി അല്ലാഹുവിനോടു പ്രാത്ഥിക്കുകയും, അക്രമപ്രവൎത്തികളിൽനിന്നു മേലാൽ വിരമിക്കുകയും ചെയ്യുന്നതാണെന്നു ശപഥം ചെയ്തശേഷം പിരിയുവാൻ യാത്രയായി. തത്സമയം ഇബ്രാഹിം (റ) അദ്ദേഹത്തോടു ഇങ്ങനെ പറഞ്ഞു, 'എൻെറ ചെറിയ മകനെ! ഞാൻ കുറച്ച് മുൻപ്, നടന്നു കഷ്ടപ്പെട്ടുവിശന്നുവരുമ്പോൾ, കൈവശം പണമില്ലാതിരുന്നതിനാൽ, ഞാൻ എൻെറ 'മുസഹഫ്' കൊടുത്തു്, ഒരു 'ദിർഹം' വരുന്ന ആഹാരം കഴിച്ചു. ഞാൻ അയാൾക്കു് കടക്കാരനായിരിക്കുകയാണു്. ആയതിനാൽ, നീ 'ഹലാലായ' ഒരു ദിർഹം എനിക്കു് തരിക. ഞാൻ എൻെറ കടം തീൎത്തു, എൻെറ മുസഹഫ് കയ്യിൽ വാങ്ങിച്ചുകൊള്ളട്ടെ' തത്സമയം, അയാൾ 'ശരി,' എന്നുപറഞ്ഞു, രണ്ടു സഞ്ചികൾ എടുത്തുകൊണ്ടുവന്നു ഇബ്രാഹിം (റ) അവർകളുടെ മുൻപിൽ വെച്ച് ഇപ്രകാരം സംസാരിച്ചു. 'ഇതിൽ ആയിരം തങ്കകാശുണ്ടു്. ഇതിൽനിന്നു അങ്ങയ്ക്കു് ഇഷ്ടമുള്ള സംഖ്യ എടുക്കാവുന്നതാണു്.' അപ്പോൾ സുൽത്താൻ ഇബ്രാഹിം (റ) അതിൽനിന്നു ഒരു 'ദിർഹം' മാത്രം എടുത്തുകൊണ്ടുപോയ, കടക്കാരൻെറ കൈവശം 'ദിർഹം' ഏൽപ്പിച്ചു.

അയാൾ അദ്ദേഹം വാങ്ങാതെ ഈ 'ദിർഹം' ഏതു്; ആരുടെ അടുക്കൽനിന്നും കിട്ടി, എന്നു ചോദിച്ചു. അപ്പോൾ സുൽത്താൻ ഇബ്രാഹിം, 'ഈ ദിർഹം ഈ നാട്ടിലെ പ്രഭുവായ ഒരാളിൽനിന്നും കിട്ടി' എന്നു് മറുപടി പറഞ്ഞു. 'ഈ ദിർഹം എനിക്കുവേണ്ട, വേറെ തന്നാൽമതി' എന്നു ആ മനുഷ്യൻ മറുപടി നൽകി. ഉടനെ സുൽ

ത്താൻ ഇബ്രാഹിം ആ ദിർഹവും കയ്യിൽ എടുത്തുകൊണ്ട് ആ തെരുവീഥിയിൽ ചുററിനടന്നപ്പോൾ അവിടെ നൂൽനൂററു കൊണ്ടിരുന്ന ഒരു വൃദ്ധയിൽനിന്നു് ഒരു ദിർഹം കടം വാങ്ങി, കടക്കാരൻെറ ബാദ്ധ്യത വിട്ടർത്തുവാൻ കടക്കാരനെ ഏല്പിച്ചു. അപ്പോഴും ആദ്യത്തേതുപോലെതന്നെ ആ ദിർഹവും എവിടെനിന്നു കിട്ടിയെന്നു ആ മനുഷ്യൻ ചോദിച്ചു. അതു് ഒരു കിഴവിയോടു കടം വാങ്ങിയതാണന്നു പറഞ്ഞു. ആ കിഴവിയുടെ പ്രവൃത്തിയെന്താണന്നു് ചോദിച്ചപ്പോൾ കിഴവിക്കു് നൂൽനൂററു വിൽക്കലാണന്നു് ഇബ്രാഹിം മറുപടി പറഞ്ഞു. ആ കിഴവിക്കു ചിലവിനു കൊടുക്കുന്നതാരാണെന്നു ആ മനുഷ്യൻ ഇബ്രാഹീമിനോടു ചോദിച്ചു. ഈ നാട്ടിലെ ഒരു പ്രഭുവിൻെറ സേവകന്മാരിൽ ഒരുത്തനാണെന്നു മറുപടി പറഞ്ഞു. തത്സമയം അദ്ദേഹം 'ഈ ദിർഹമും 'ഹലാലായ' മുതലിൽപ്പെട്ടതല്ല. ഇതെനിക്കാവശ്യമില്ല വേറെ കൊണ്ടുവരുക' എന്നു പറഞ്ഞു. ആയതിനാൽ ഇബ്രാഹിം (റ) വേറെ ദിർഹം തേടി ആ രാജ്യത്തിൽ ചുററിനടക്കുമ്പോൾ, ഭൂമിയിൽനിന്നു ഒരു ദിർഹം കളഞ്ഞുകിട്ടി, ആ ദിർഹം താൻ കടക്കാരനുകൊണ്ടുവന്നുകൊടുത്തു. അതു് എവിടെനിന്നു ലഭിച്ചുവെന്നു അദ്ദേഹം ചോദിച്ചു. അതു ഭൂമിയിൽനിന്നു കളഞ്ഞുകിട്ടിയതാണന്നു പറഞ്ഞു. തെരുവീഥികളിലും ജനങ്ങൾ സമൂഹമായി മേളിക്കുന്ന സ്ഥലങ്ങളിലുംചെന്നു്, തനിക്കു് ഒരു ദിർഹം കളഞ്ഞുകിട്ടിയിട്ടുണ്ടന്നും, അതിനുടമസ്ഥനുണ്ടെങ്കിൽ തന്നോടു അതു വാങ്ങിച്ചുകൊള്ളണമെന്നും ശബ്ദത്തിൽ വിളിച്ചുപറയ

വാൻ ആ മനുഷ്യൻ ഇബ്രാഹീ (റ) മിനോടു ഉപദേശിച്ചു അപ്രകാരം ഇബ്രാഹീം (റ) ചെയ്തിട്ടും ഉടമസ്ഥനായി ആരും മുന്നോട്ടു വരാഞ്ഞതിനാൽ ആ ദിർഹം വീണ്ടും ആ കടക്കാരനെ ഏൽപിച്ചു. ഉടനെ ആ മനുഷ്യൻ ദിർഹം വാങ്ങിച്ചു 'മുസഹഫ്' മടക്കികൊടുത്തു. ആ വിശുദ്ധഗ്രന്ഥവുമായി ഇബ്രാഹിം (റ) സ്ഥലംവിട്ടു.

റൗളറയാഹീൽ എന്ന കിതാബിൽ ഇപ്രകാരം പറയുന്നു. 'സുൽത്താൻ ഇബ്രാഹിം (റ) ഒരു ദിവസം കാട്ടിൽക്കൂടിപോകുമ്പോൾ ഒരു ഇടയനെ കണ്ടു. കുറച്ച് വെള്ളം അഥവാ പാൽകുടിക്കുവാൻ തരേണമെന്നു അദ്ദേഹം ഇടയനോടു ആവശ്യപ്പെട്ടു. താങ്കൾ ആവശ്യപ്പെട്ട രണ്ട് സാധനങ്ങളിൽ ഏതാണ് വേണ്ടതന്നു് ഇടയൻ ചോദിച്ചു. ഉടനെ അദ്ദേഹം വെള്ളം മതിയെന്നുപറഞ്ഞു. തത്സമയം ആ ഇടയൻ തൻെറ കയ്യിലുണ്ടായിരുന്ന ഒരു വടികൊണ്ടു ഒരു കരിങ്കല്ലിൽ അടിച്ചു ഉത്തക്ഷണത്തിൽ ആ സ്ഥാനത്തുനിന്നും അധികം വെള്ളം പുറപ്പെട്ടു. ഈ വെള്ളം കുടിച്ചപ്പോൾ തേനേക്കാൾ മധുരവും, ഐസിനേക്കാൾ തണുപ്പും തോന്നിയതിൽ അദ്ദേഹം വളരെആശ്ചര്യപ്പെട്ടു. സുൽത്താൻ ഇബ്രാഹീ(റ)മിൻെറആശ്ചര്യത്തിന് ഉടൻ ഇപ്രകാരം മറുപടി നൽകി, 'ഇതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. അല്ലാഹുവിന്നു് വഴിപ്പെടുന്ന ഒരു യഥാർത്ഥദാസന്നു്, അല്ലാഹുവിൻെറ സൃഷ്ടികൾ ദാസപ്രവൃത്തികൾ ചെയ്യുമെന്നതു് ഒരു പരമാർത്ഥം മാത്രമാണ്.' മറെറാരു കിതാബിൽ ഇങ്ങനെ പറയുന്നു:_അദ്ഹമിൻെറ മകൻ സുൽത്താൻ ഇബ്രാഹിം ഖുറാസാൻ,

ശീമ എന്നീ രാജ്യങ്ങളുടെ അധിപനായിരുന്നു. ഒരു ദിവസം താൻ തൻെറ 'ഇവാദ്ദ' എന്ന കുതിരപ്പുറത്തുകയറി, പരിവാരങ്ങളോടുകൂടി പോകുമ്പോൾ, കുതിരയുടെ ജീനിക്കുള്ളിൽനിന്നു ഒരു ശബ്ദം കേട്ടു, 'ഇബ്രാഹിമേ! ഇപ്രകാരം സുഖിച്ചു, ഉല്ലാസമായിക്കഴിഞ്ഞുകൂടുവാനാണോ നിന്നെ സൃഷ്ടിക്കപ്പെട്ടതു്? അതല്ല, നിൻെറ റബ്ബിന്" വഴിപ്പെടുവാനാണോ നിന്നെ സൃഷ്ടിക്കപ്പെട്ടതു്? ആയതിനാൽ നീ സർവ്വതും പരിത്യജിച്ചു, നീ എന്നിലേക്ക് മടങ്ങുക. അതാണു നിനക്കു ഉത്തമം' ഈ ശബ്ദം അവരുടെ ഹൃദയത്തിൽ അസ്ത്രം തറച്ചതുപോലെതോന്നി.

സുൽത്താൻ ഇബ്രാഹീം (റ) അല്ലാഹുവിലേക്ക് മടങ്ങുവാൻ മററൊരു കാരണം ഇപ്രകാരം പറയുന്നു:-അദ്ദേഹം ഒരവസരത്തിൽ സൈന്യസമേതം വേട്ടയാടുവാൻ ഒരു കാട്ടിൽചെന്നുചേൻ്ന്നു. അല്പസമയം കഴിഞ്ഞു, ആഹാരാദികൾ പാകംചെയ്തു്, ഭൃത്യന്മാർ അദ്ദേഹത്തെ ഭക്ഷണം കഴിപ്പാൻ ക്ഷണിച്ചു. അങ്ങനെ താനും തൻെറ മററു സൈന്യങ്ങളും ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, എവിടെനിന്നോ ഒരു 'കാക്ക' പറന്നുവന്നു, തങ്ങളുടെ സദസ്സിൽനിന്നു് ഒരു റൊട്ടികഷ്ണം കൊത്തിയെടുത്തു പറന്നുപോയി. ഈ സംഭവം കണ്ടപ്പോൾ സുൽത്താൻ ഇബ്രാഹിം അവർകൾക്കു വളരെ അത്ഭുതംതോന്നി. അനന്തരം തൻെറ കുതിരപ്പുറത്തുകയറി വേഗത്തിൽ കുതിരയെപ്പായിച്ചു കാക്കയുടെ പിന്നാലെ അനുഗമിച്ചു. കാക്ക പറന്നു കുറച്ചുദൂരം ചെന്നു ഒരു മലയിൽ മറഞ്ഞു. അപ്പോൾ സുൽത്താൻ ഇബ്രാഹീം മലയിലേക്ക് കയറി

ചെന്നു. ആ മലയിൽ കുറേ അകലെയായി ഒരു മനു ഷ്യൻ കിടക്കുന്നതുകണ്ടു. ഉടനെ ആ ഭാഗത്തേക്കു താൻ അടുത്തുചെന്നുനോക്കി. ആ മനുഷ്യൻെറ രണ്ടുകയ്യും ര ണ്ടുകാലും ബന്ധിച്ചിട്ടിരിക്കുന്നതായി കാണപ്പെട്ടു സുൽ ത്താനും, സിൽബന്ധികളും ആ മനുഷ്യൻെറ കെട്ടുകളെ ല്ലാം അഴിച്ചുമാററി. അപ്രകാരം സംഭവിക്കുവാൻ കാര ണം ചോദിച്ചു. ആ മനുഷ്യൻ ഇങ്ങനെ പറഞ്ഞു, ഞാൻ ഒരു കച്ചവടക്കാരനായിരുന്നു. എന്നാൽ എന്നെ കള്ള ന്മാർ പിടിച്ചുകൊണ്ടുവന്നു, എൻെറ ചാക്കും, പണവും മററും അപഹരിച്ചശേഷം എന്നെ കൊലപ്പെടുത്താതെ, ഈ വിധത്തിൽ കൈകാലുകൾ ബന്ധിച്ചിട്ട് അവർ പൊക്കളഞ്ഞു. ഇന്നേക്ക് ഏഴുദിവസമായി, ഞാൻ ഇ പ്രകാരം ബന്ധിക്കപ്പെട്ടിട്ടു. എന്നാൽ ഈ ഏഴുദിവസ വും റബ്ബുൽ ആലമീനായ തമ്പുരാൻ എന്നെ വിശപ്പി ച്ചിട്ടില്ല. ദിവസവും ഒരു കാക്ക എവിടെനിന്നോ ഒരു റൊട്ടികഷ്ണവുമായി പറന്നുവന്നു എൻെറ നെഞ്ചിൽ ക യറി ഇരുന്നു അതിൻെറ ചുണ്ടുകൊണ്ടു റൊട്ടികഷ്ണം കഷ്ണ മായി ചെറുതാക്കി, എൻെറ വായിൽവെച്ചു എന്നെ തീററിയശേഷം കാക്ക പറന്നുപോകുകപതിവായിരുന്നു. അനന്തരം ആ മനുഷ്യനെ ഇബ്രാഹീം തൻെറ കുതിരപ്പു റത്തുകയററി അദ്ദേഹത്തിനു പോകേണ്ടപാതയിലേക്കുതി രിച്ചുവിട്ടുകൊടുത്തു. ഈ സംഭവങ്ങൾക്കുശേഷം സുൽ ത്താൻ ഇബ്രാഹിം താൻ ചെയ്തുകുററങ്ങളെപ്പററിയും, അ ല്ലാഹുവിൻെറ ഖുദ്റത്തിനെപ്പററിയും ചിന്തിച്ചു. അ നന്തരം തൗബാചെയ്തു, തൻെറ വിലയേറിയ ഉടുപ്പുകാള

ളെല്ലാം നീക്കി, പകരം താഴ്ന്നതും പരുപരുത്തതുമായ കമ്പിളിവസ്ത്രവും മററും ധരിച്ചു. തൻെറ അടിമകളെയെല്ലാം സ്വതന്ത്രരാക്കി. തൻെറ തോട്ടങ്ങളെല്ലാം 'ഒഖ്ഫ്' സ്വത്താക്കി. തൻെറ രാജപദവികളും, അധികാരങ്ങളും മകന് ഏല്പിച്ചുകൊടുത്തു. ഒരു വടിമാത്രം കയ്യിലെടുത്തുകൊണ്ടു വിശന്നവനായും, ദാഹിച്ചവനായും 'മക്കയിലേക്ക്' യാത്രപുറപ്പെട്ടു.

'തദ്കിറത്തുൽഅവ്ലിയാ' എന്ന കിതാബിൽ ഇപ്രകാരം പറയുന്നു:- സുൽത്താൻ ഇബ്രാഹിം ഒരു ദിവസം തൻെറ സിംഹാസനത്തിൽ ഇരിക്കുമ്പോൾ സിംഹാസനത്തിൻെറ മുമ്പിൽവച്ചിരുന്ന ഒരു കണ്ണാടിയിൽക്കൂടിതന്നെ അടക്കം ചെയ്യുന്ന ഒരു 'ഖബറ്'കണ്ടു. ആ ഖബറിലുള്ള തൻെറ താമസവും, അവിടെ, തന്നെ സഹായിക്കുന്ന തൻെറ സൽപ്രവൃത്തികളെ പററിയും ചിന്തിച്ചതിൻെറ ഫലമായിട്ടാണ്, താൻ രാജപദവികളല്ലാം ഉപേക്ഷിച്ചതെന്നു പറയപ്പെടുന്നു.

## ഭാഗം-4

## സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ ഭൌതികലോക പരിത്യാഗവും സന്മാർഗ്ഗത്തിലേക്കുള്ള ഇരച്ചുകയററവും.

അല്ലാഹു ഖുർആനിൽ പറയുന്നു:- നമ്മോടു ആഗ്രഹിച്ചു അടുക്കുന്നവർക്കു നമ്മുടെ വഴിയിൽ നാം നേർവഴി കാണിക്കും.'

സുൽത്താൻ ഇബ്രാഹിം (റ) അവർകൾ ബൽഖ് രാജ്യത്തിൽനിന്നു തന്റെ സർവവസ്തുക്കളും ഉപേക്ഷിച്ചു പുറപ്പെട്ടു. സൈനാപ്പൂരു എന്ന ദേശത്തേക്ക് പോകുന്ന സമയം വഴിയിൽനിന്നു അകലെയായി ഒരു വിജനപ്രദേശത്തു് ഒരു മലത്തുരപ്പുകണ്ടു. അദ്ദേഹം ആ പൊത്തിൽകയറിയിരുന്നു്, അല്ലാഹുതആലാക്ക 'ഇബാദത്തു്' ചെയ്തുകഴിഞ്ഞുകൂടി. എന്നാൽ എല്ലാ വ്യാഴാഴ്ചദിവസവും അവിടെനിന്നു പുറപ്പെട്ടു, കാട്ടിൽ പോയി വിറകു് ശേഖരിച്ചുവയ്ക്കുകയും വെള്ളിയാഴ്ചതോറും രാവിലെ ആ വിറക എടുത്തു അടുത്തരാജ്യത്തു കൊണ്ടുപോയി വിൽക്കുകയും, കിട്ടുന്ന പണത്തിൽ പകുതി, 'സദഖ' കൊടുക്കുകയും, ബാക്കിയുള്ളതു് താൻ നോമ്പുനോൽക്കുമ്പോൾ ആവശ്യമായ ആഹാരസാധനങ്ങൾ വാങ്ങിച്ചു കഴിക്കുകയും പള്ളിയിൽ നമസ്കാരവും നടത്തുകയും പതിവായിരുന്നു. ഇപ്രകാരം ആ ഗുഹയിലിരുന്നു ഇബാദത്തു ചെയ്തു ഒൻപതു വർഷം താമസിച്ചു. ഇബാദത്തു ചെയ്യുന്ന വിവരം ആ രാജ്യനിവാസികൾ അറിഞ്ഞു, അവരിൽ ചിലർ ആ ഗുഹയിൽ ചെല്ലുവാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നുണ്ടെന്നു സുൽത്താൻ ഇബ്രാഹിം എങ്ങനെയൊ മനസ്സിലാക്കി. താൻ ആരും അറിയാതെ അവിടെനിന്നു് മക്കായിലേക്ക് യാത്രതിരിച്ചു. ഒരവസരത്തിൽ ശൈഖ് 'അബാഷഹീദന്നവർ' ആ പൊത്തു അന്വേഷിച്ചുപോയി. അതിന്റെ ഉള്ളിൽ പ്രവേശിച്ചപ്പോൾ, കസ്തൂരിയേക്കാൾ നല്ലതും സുഗന്ധമേറിയതുമായ വാസന അനുഭവപ്പെട്ടതിനാൽ ആനന്ദം കൊണ്ടു് ആറാടിയ അദ്ദേഹത്തിന്റെ ഹൃദയം, താൻ അ

റിയാതെതന്നെ 'സുബ്ഹാനല്ലാ' എന്നു പറഞ്ഞുപോയി. ഇബ്രാഹിം (റ) ഇതിൽ ഏതാനും കാലം താമസിച്ചതിനാൽ ഈ ഗുഹ ഇപ്രകാരം സുഗന്ധത്താൽ ശുദ്ധിയാക്കപ്പെട്ടുവെന്നും അദ്ദേഹം പറഞ്ഞു. 'തദ്കിറത്തുൽ അവ്ലിയ' എന്ന കിതാബിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.' സുൽത്താൻ ഇബ്രാഹിമിബ്നി അദ്ഹം അവർകൾ പറയുന്നു. 'ഞാൻ പതിനഞ്ചുവർഷക്കാലം വളരെ കഷ്ടപ്പെട്ടു ബുദ്ധിമുട്ടി, 'ഇബാദത്ത്' ചെയ്തുകൊണ്ടിരിക്കുന്ന ഒരവസരത്തിൽ ഒരു ശബ്ദം കുൻഅബ്ദൻ ഫസ്തറഹ്ത്'എന്നും നീ അടിമയായി ഇരുന്നു, തൃപ്തിയടയുക. ഫാസ്തകിംകമാ ഉമിറ്ത 'നിന്നോടു എങ്ങിനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നുവോ അപ്രകാരം നിൽക്കുക.' എന്നും കേട്ടതായി പറയപ്പെടുന്നു. ഇമാംഗസ്സാലി മിൻഹാജുൽആബിദീൻ എന്ന കിതാബിൽ ഇങ്ങനെ പറയുന്നു: 'സുൽത്താൻ ഇബ്രാഹിം ഭയാനകമായ ഒരു കാട്ടിൽ കൂടി കടന്നുപോകുമ്പോൾ, ഇബ്ലീസ്‌വന്നു ഇങ്ങനെ പറഞ്ഞു. ഈ വനം മനുഷ്യരെ നശിപ്പിക്കുന്ന ഒന്നാണ്. ഈ കാട്ടിൽകൂടി പോയാൽ നിങ്ങളെ അഭിമുഖീകരിക്കുന്ന അനർത്ഥങ്ങളെ ചെറുക്കുവാൻ നിങ്ങൾക്കു യാതൊരു കഴിവുമുണ്ടായിരിക്കുകയില്ല. തന്മൂലം നിങ്ങൾ അപകടത്തിൽ പെടുന്നതാണ്.' ഇതു ശ്രവിച്ചപ്പോൾ നാഴികക്ക് ആയിരം 'റകഅത്ത്'വീതം നമസ്ക്കരിച്ച് ആ കാട്ടിൽകൂടി തന്നെ അദ്ദേഹം കടന്നുപോയി. പിന്നീടു പന്ത്രണ്ടു വർഷം കഴിഞ്ഞതിനുശേഷമാണ് ആ കാട്ടിൽനിന്നും വെളിയിൽ എത്തിച്ചേരുവാൻ അദ്ദേഹ

ത്തിന്നു സാധിച്ചതു. അങ്ങിനെയിരിക്കെ, ഹാറൂൻറഷീദു-അവർകൾ 'ബൈത്തുല്ലാഹിൽ' പോയി ഹജ്ജ്ചെയ്തു തിരിച്ചുവരുമ്പോൾ സുൽത്താൻ ഇബ്രാഹിമിനെ വഴിയിൽവച്ചുകാണുകയും, അദ്ദേഹം ആരാണെന്നു് ചോദിച്ചപ്പോൾ സുൽത്താൻ ഇബ്രാഹിമാണെന്നു അവിടെ ഉണ്ടായിരുന്നവർ പറയുകയുംചെയ്തു. തൽസമയം സുൽത്താൻ ഇബ്രാഹിമിൻെറ അടുക്കലേക്കു ഹാറൂൻ റഷീദു അടുക്കുകയും, 'അബാഇസ് ഹാഖേ!' നിങ്ങൾ ദുൻയാവിനെ എങ്ങിനെ കണ്ടുവെന്നു ചോദിച്ചു. അപ്പോൾ സുൽത്താൻ ഇബ്രാഹിം താഴെ കൊടുക്കുന്ന 'ബയ്ത്തു' അതിനുത്തരമായി ചൊല്ലി.

'നറഖി ഉദുൻയാനാ ബിതംസീഖിദീനിനാ ഫലാദീനുനായബ്ഖാ വലാമാനുറഖിതു' നാം നമ്മുടെ ഭൌതികലോകത്തെ അമൂല്യമായ പട്ടുവസ്ത്രത്തിൻെറ കഷ്ണംകൊണ്ടു കഷണം പിടിപ്പിച്ചു. തന്നിമിത്തം നമ്മുടെ 'ദീനും, കഷ്ണംവെച്ച ഭൌതികലോകവും നഷ്ടപ്പെട്ടു. എന്നാൽ അല്ലാഹുതആലായെ അറിഞ്ഞു, അവൻെറ പ്രീതിക്ക് വേണ്ടി ഭൌതികസുഖം നിസ്സാരമാക്കുന്നവനാരോ അവനെത്രെ സർവ്വവിജയവും! തദ്കിറതുൽ അവ്ലിയാ' എന്ന കിതാബിൽ ഇങ്ങനെ പറയുന്നു:_'സുൽത്താൻ ഇബ്രാഹിമിബ്നുഅദ്ഹം (റ) അവകർകൾ മക്കായിലേക്കു പോകുന്നവഴി ഒരു ചുവടിനു് 'രണ്ട്റകഅത്തു' വീതം നമസ്കരിച്ചിരുന്നു. അപ്രകാരം നാല്പതുവർഷം ആ വഴിയിൽക്കൂടി നടന്നിരുന്നു. ഇബ്രാഹിമിബ്നു അദ്ഹം മക്കായിലേക്കു വരുന്ന വിവരം കേട്ടപ്പോൾ മക്കായിലുണ്ടായിരു

ന്ന സാലിഹീങ്ങളായ ജനങ്ങൾ ഒന്നടങ്കം ഇബ്രാഹിം മിബ്നു അദ്ഹമിനെ സ്വീകരിക്കുവാൻവേണ്ടി പുറപ്പെട്ടു, ഇബ്രാഹി (റ) അവർകളെ പ്രതീക്ഷിച്ച്കൊണ്ടിരുന്നു. ഈ വിവരം സുൽത്താൻ ഇബ്രാഹിമിബ്നു അദ്ഹം മനസ്സിലാക്കി. തന്നെ ജനങ്ങൾ അറിയാതിരിക്കുവാൻവേണ്ട മാർഗ്ഗം ആരാഞ്ഞു, താൻ ഒരു സ്ഥലത്തു തനിച്ചിരുന്നു തന്നെ എതിരേൽക്കുവാൻവേണ്ടി കാത്തുനിൽക്കുന്ന ജനങ്ങളുടെ ഖാദിമീങ്ങൾ ഇബ്രാഹിം (റ) അവർകൾ നിൽക്കുന്ന സ്ഥലത്തുനിന്നും കുറെ അകലെയായി, സുൽത്താൻ ഇബ്രാഹിമിൻെറ വരവിനെ നോക്കിക്കൊണ്ടുനടന്നുതുടങ്ങി. അപ്പോൾ ആ വഴിയിൽക്കൂടി വന്നിരുന്ന ഒരാളോടു, 'ഹേ! മനുഷ്യാ. സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ-ഖാഫില അടുത്തുവന്നെത്തീട്ടുണ്ടോ? ജനങ്ങളെല്ലാം സ്വീകരിപ്പാൻ വളരെ നേരമായി കാത്തുനില്ക്കുന്നു' ഉടനെ ആ മനുഷ്യൻ പറഞ്ഞു, കേവലം ദരിദ്രനും, യാചകനുമായി അലഞ്ഞുനടക്കുന്ന ഒരാളെ കാണുവാനാണോ ഇത്രയധികം ജനങ്ങൾ തടിച്ചുകൂടിയിരിക്കുന്നതു്?' എന്നാൽ 'ഖാഫിലക്കാരിൽനിന്നു്' ഒററതിരിഞ്ഞു, വന്ന ഇദ്ദേഹം സുൽത്താൻ ഇബ്രാഹിംമാണെന്നു് അവർ മനസ്സിലാക്കാതെ_അദ്ദേഹത്തിൻെറ മറുപടിയിൽ കുപിതരായ 'ഖാദിമീങ്ങൾ' അദ്ദേഹത്തെ പിടിച്ചു അടിക്കുകയും കുത്തുകയും ചെയ്തു. 'നീ ഇബ്രാഹിമിബ്നു അദ്ഹമിനെ സംബന്ധിച്ചു ആക്ഷേപമായി പറഞ്ഞതു ന്യായമാണോ' എന്നു് ചോദിച്ചുകൊണ്ടു വീണ്ടും ഉപദ്രവിച്ചു. ഇബ്രാഹിം (റ) അവർകൾ അവരുടെ അടി

കളും മററും ക്ഷമയോടുകൂടി ഏററശേഷം അവിടെനിന്നു നടന്നുപോയി. തത്സമയം താൻ ശരീരത്തോടു ഇങ്ങനെ സംസാരിച്ചു. 'ഹേ! ശരീരമേ! നിന്നെക്കാണുവാൻ വളരെ ആഗ്രഹത്തോടുകൂടി' മഹാന്മാരായ ജനങ്ങൾ തടിച്ചുകൂടിയിരിക്കുന്ന വിവരം നിൻെറ ഹൃദയത്തിന്നു് ഒരു പെറിയ അഹങ്കാരം ഉണ്ടാക്കിയപ്പോൾ അതിനനുസരണമായ താഴ്മ നിനക്കുണ്ടായി.' ഈ സംസാരംതന്നെ സ്വീകരിപ്പാൻവന്ന 'സാലിഹീങ്ങ'ളായ ജനങ്ങൾ കേൾക്കുവാനിടവരുകയും, ഇബ്രാഹിമിബ്നു അദ്ഹം ഇദ്ദേഹം തന്നെയാണെന്നു അവർ നിശ്ചയിക്കുകയുംചെയ്തു. 'അവർ' അദ്ദേഹത്തോടു സലാം ചൊല്ലി, അദ്ദേഹവുമായി മററു സംഭാഷണങ്ങളിൽ ഏർപ്പെടുകയും, അവിടെ കുറെക്കാലമെങ്കിലും താമസിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ആളറിയാതെതന്നെ ഉപദ്രവിച്ചതാൽ ഖാദിമീങ്ങൾ അദ്ദേഹത്തോടു മാപ്പപേക്ഷിക്കുകയും ചെയ്തു. പിന്നീടു സുൽത്താൻ ഇബ്രാഹിം – (റ) മക്കത്തു് കുറച്ചു് കാലം താമസിച്ചു, വിറകുചുമന്നുവിററും, ചില അവസരത്തിൽ തോട്ടങ്ങൾ, പീടികകൾ, മുതലായവയ്ക്കു കാവൽ നിന്നും മററുമുള്ള ജോലികൾ ചെയ്തു, അവയിൽനിന്നു് ലഭിക്കുന്ന കൂലിയും മററുംകൊണ്ടു് അദ്ദേഹം കാലം കഴിച്ചുപോന്നു. മക്കായിലുള്ള മിക്കജനങ്ങളും, ഇക്കാലത്തിനിടയിൽ ഇവരുടെ 'മുരീദ്' ആയിതീൎന്നു.

ഹിക്കായത്തുസ്സാലിഹീൻ എന്ന കിതാബിൽ ഇപ്രകാരം പറയുന്നു:– ഇബ്രാഹിം ഇബ്നു അദ്ഹം 'ഹജ്ജ്' ചെയ്യണമെന്ന ഏകനിശ്ചയത്തിൽ 'കഅബത്തുല്ലാ'ഹി

ലേക്കു പുറപ്പെട്ടു. തത്സമയം തൻെറ ശരീരത്തിനോടു താൻ ഇങ്ങനെ പറഞ്ഞു. 'മനുഷ്യരെല്ലാം കാൽനടയായി, ഒരു വർഷത്തിലധികം നടന്നുശേഷം മക്കായിൽ ചെന്നുചേരുന്നു. അല്ലാഹു തആലായുടെ വീട്ടിലേക്ക് കാൽനടയായി നടന്നുചെന്നു 'സിയാദത്തു്" ചെയ്യുന്നതിനേക്കാളും ഉത്തമമായി ഞാൻ കരുതുന്നതു് തലകൊണ്ടും, രണ്ടുകണ്ണുകൊണ്ടും നടന്നുപോകുന്നതിനാലാണു്" എന്നു പറഞ്ഞുകൊണ്ടു്, ഓരോ കാൽചുവടിനും, ഓരോ 'സുജൂദ്'വീതം ചെയ്തുനടന്നുതുടങ്ങി. ഈ വിധത്തിൽ നടന്നു് ഏഴു വർഷത്തിനുശേഷം ഉദ്ദേശിച്ച സ്ഥലത്തു് എത്തുവാൻ സാധിച്ചു. 'മസ്ജിദുൽ ഹറാമിൽ' പന്ത്രണ്ടുവർഷക്കാലംവരെ രാത്രിമുതൽ പ്രഭാതംവരെ നമസ്ക്കരിച്ച് കഴിഞ്ഞുകൂടി.

അബ്ദുല്ലാഹിൽ യാഫിഈ (റ) 'ഇർശാദ്" എന്ന കിതാബിൽ ഇപ്രകാരം പറയുന്നു. സുൽത്താൻ ഇബ്രാഹിം (റ) പകൽസമയം മുഴുവനും കൂലിവേലചെയ്തു കഴിഞ്ഞുകൂടുക പതിവായിരുന്നു. ഇങ്ങനെ ജോലിചെയ്യുന്ന അവസരത്തിൽ ഒററ 'ഒഖ്ത്തു്"പോലും ഇമാമും ജമാഅത്തുമായുള്ള നമസ്ക്കാരം മുടക്കുകയില്ലായിരുന്നു. തൻെറ ജോലിയിൽനിന്നു കിട്ടുന്ന കൂലി, തൻെറ സ്നേഹിതന്മാരായ ഫക്കീർ, മിസ്ക്കീൻ മുതലായവൎക്കു ചെലവുചെയ്തു വന്നിരുന്നു. ഒരവസരത്തിൽ തൻെറ കൂലികിട്ടുവാൻ കുറച്ചു ദിവസം നേരിട്ടു. സുൽത്താൻ ഇബ്രാഹിമിൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഫക്കീറന്മാർ നേരം ഇരുട്ടിയിട്ടും അദ്ദേഹത്തെ കാണാതെ വിഷമിച്ചുകൊ

ങ്ങിരുന്നു. നോമ്പുനോററുകൊണ്ടിരുന്ന ഇവർക്ക് നോമ്പുതുറക്കുമ്പോൾ കഴിക്കുവാനുള്ള ആഹാരം സുൽത്താൻ ഇബ്രാഹിം (റ) അവർകളിൽ നിന്നാണ് ലഭിക്കുന്നതു്. അങ്ങനെ അവർക്കു നോമ്പുതുറക്കുവാനും വിശപ്പുതീക്കുവാനും മതിയായ യാതൊരു ആഹാരവും ഇല്ലാതെ അവർ ക്ഷീണിതരായി കിടന്നു നിദ്രപ്രാപിച്ചു. തൽസമയം സുൽത്താൻ ഇബ്രാഹിം അവർക്ക് വേണ്ടതായ ആഹാരസാധനവുമായി അവിടെ പ്രവേശിച്ചു. ക്ഷീണിതരായി കിടന്നുറങ്ങുന്ന ഫക്കീറന്മാരെ ശല്യപ്പെടുത്തരുതെന്നു കരുതി താൻ കൊണ്ടുവന്ന ആഹാരസാധനങ്ങളെ തന്നത്താൻ പാകംചെയ്തു. അനന്തരം, വിശപ്പുകൊണ്ട് ക്ഷീണിതരായി, നിദ്രപ്രാപിച്ച 'ഫക്കീറ'ന്മാരെ വിളിച്ചെഴ്നേല്പിച്ചു. തത്സമയം ആഹാരങ്ങളെല്ലാം പാകമാക്കി വെച്ചിരിക്കുന്നതുകണ്ടു അവർ അദ്ദേഹത്തോടു ഇങ്ങനെ പറഞ്ഞു. 'ബഹുമാനപ്പെട്ട ഞങ്ങളുടെ ശൈഖേ! അങ്ങു നോമ്പുപിടിച്ചു കഷ്ടപ്പെട്ടുകൊണ്ടു ജോലിചെയ്തുകിട്ടുന്നകൂലി ഞങ്ങൾക്കു കൊണ്ടുവന്നുതരുന്നതിനും പുറമെ ഈ വിധത്തിൽ ആഹാരം പാകപ്പെടുത്തിത്തരേണ്ട ഒരു ജോലികൂടി ചുമതലപ്പെടേണ്ടിവന്നതിൽ ഞങ്ങൾ അങ്ങയോടു മാപ്പപേക്ഷിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നു. അങ്ങ് ഞങ്ങളെക്കാൾ കൂടുതൽ ക്ഷീണത്തിലിരിക്കുമ്പോഴും, ഈ പ്രവൃത്തിചെയ്യുന്നതിന് വിളിച്ചുണത്തി ഞങ്ങളെക്കൊണ്ടു ഈ ജോലി ചെയ്യിപ്പിക്കാഞ്ഞതിൽ ഞങ്ങൾ അത്യധികം ക്ലേശിക്കുന്നു. 'ഹസാനുതുൽ ഫവാഇദു'' എന്ന കിതാബിൽ ഇപ്രകാരം പറയുന്നു:- രണ്ടില

കരം ചേൎന്ന 'സഫറിനു' വേണ്ടി പുറപ്പെട്ടാൽ, ഒരാളുടെ ആജ്ഞയനുസരിച്ചു മററുള്ളവർ പ്രവൎത്തിക്കൽ സുന്നത്താകുന്നു. അതനുസരിച്ചു സുൽത്താൻ ഇബ്രാഹിം അവർകരം മററു ജനങ്ങളുമായി 'സഫർ' പുറപ്പെട്ടുനടക്കുമ്പോരം, മററുള്ളവരെല്ലാം സുൽത്താൻ ഇബ്രാഹിമിനോടു ഇങ്ങനെ പറഞ്ഞു:- "ഞങ്ങളുടെ 'ശൈഖേ! നിങ്ങരം 'ബൽഖ്' രാജ്യത്തിൽ അമീറായിരുന്നതിനാൽ ഈ സഫറിൽ നിങ്ങരം ഞങ്ങളുടെ അമീറായിരിക്കണം, ആദ്യം അവരുടെ അഭ്യൎത്ഥന ഇബ്രാഹിം (റ) അവർകരം തിരസ്കരിച്ചുവെങ്കിലും, പിന്നീടു വഴിപ്പെട്ടു. എന്നാൽ നിങ്ങളിൽ ഒരു നിബന്ധന ഞാൻ ചുമത്തുന്നതാണു്. അതവർ സമ്മതിച്ചു. അവരവരുടെ സാമാനങ്ങരം കൊണ്ടു വരുവാൻ അദ്ദേഹം ആജ്ഞാപിച്ചതനുസരിച്ചു എല്ലാവരുടെയും സാമാനങ്ങരം അദ്ദേഹത്തിൻെറ മുമ്പിൽ കൊണ്ടുവന്നുവെച്ചു. ഉടനെ സാമാനങ്ങരം എല്ലാം അദ്ദേഹം കെട്ടുകളാക്കി തലയിലും തോളിലും കയററികൊണ്ടു നടക്കുവാൻ തുടങ്ങി. സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ ഈ പ്രവൎത്തി അവൎക്കു് അസഹനീയമായി തോന്നിയെങ്കിലും നിബന്ധന സ്വീകരിച്ചതനുസരിച്ചു് ഒന്നും പറയുവാൻ നിവൃത്തിയില്ലാതെ വന്നു. അപ്രകാരം അവർ സഞ്ചരിച്ചു. മറെറാരവസരത്തിൽ സുൽത്താൻ ഇബ്രാഹിം അധികം ആരംസഞ്ചാരമില്ലാത്ത ഒരു പള്ളിയിൽ നിരവധി ഫക്കീറന്മാരോടുകൂടി രാത്രിസമയം താമസിക്കുവാൻ ഇടയായി. തത്സമയം ശക്തിയായ കാററും മഴയും ഉണ്ടായതു നിമിത്തം അസഹനീയമാ

യ തണുപ്പ് അദ്ദേഹത്തിന്നുണ്ടായി. ഫഖീറന്മാരെല്ലാവരും പള്ളിക്കകെത്ത് നിദ്രചെയ്യുവാൻ നിർബന്ധിതരായി. എന്നാൽ സുൽത്താൻ ഇബ്രാഹീമാകട്ടെ, നേരം പുലരുന്നതുവരെ ഉറക്കമിളച്ചും, അസഹനീയമായ കാററും തണുപ്പുമേററ, തൻെറ സഹോദരന്മാരായ ഫഖീറന്മാരേയും അവരുടെ സാമഗ്രികളേയും സൂക്ഷിച്ച് കഴിഞ്ഞുകൂടി.

'സുഹൈൽ ഇബ്നി ഇബ്രാഹിം (റ) ഇപ്രകാരം പറയുന്നു, 'ഒരിക്കൽ സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ കൂടെഞാനും 'സഫർ'കാരനായിപോയിരുന്നു. ഞങ്ങാം ഒരുമിച്ചുപോകുമ്പോാം, എൻെറ കൈവശം ഉണ്ടായിരുന്ന പണമെല്ലാം ചിലവുചെയ്തുതീന്നുപോയി. പിന്നീട്ട ശേഷിച്ചതു്, സുൽത്താൻ ഇബ്രാഹിം അവർകളുടെ കഴുത മാത്രമായിരുന്നു, ഞങ്ങാം വളരെ ക്ഷീണിതരായി. യാത്രമദ്ധ്യെ എനിക്കു് ഒരു സാധനത്തോട്ട ആഗ്രഹം തോന്നി. അതു് എങ്ങനയൊ സുൽത്താൻ ഇബ്രാഹിം അറിഞ്ഞു. അദ്ദേഹം, തൻെറ കഴുതയെ വിൽക്കുകയും, വിററുകിട്ടിയ പണംകൊണ്ടു, എൻെറ ആഗ്രഹവസ്തു വാങ്ങിതരികയുംചെയ്തു. കുറെ നടന്നപ്പോാം എനിക്കു് ക്ഷീണം കൂടുതൽ ബാധിച്ചു. ഞാൻ ഇബ്രാഹിമിനോട്ട പറഞ്ഞു. ഇബ്രാഹിമേ! നടക്കുവാൻ സാധിക്കാത്തവിധം ഞാൻ ക്ഷീണിതനായിരിക്കുന്നു.' 'താങ്കാംക്കു് ക്ഷീണംകൊണ്ടു നടക്കുവാൻ സാധിക്കുന്നില്ലെങ്കിൽ എൻെറ ചുമലിൽ താങ്കാം കയറികൊാംക' എന്നു സുൽത്താൻ ഇബ്രാഹിം മറുപടി പറഞ്ഞു. 'തത്സമയം ഞാൻ വൈമനസ്യം കാണിച്ചുവെങ്കിലും അദ്ദേഹം എന്നെ ബലംപ്ര

യോഗിച്ചു ചുമലിൽ കയററികൊണ്ടു മൂന്നു മൈൽ ദൂരം വരെ നടന്നുപോയി.

അബ്ദുല്ലാഹിൽ മുബാറക്ക് (റ) അവർകൾ പറയുന്നു. 'സുൽത്താൻ ഇബ്രാഹിം (റ), അവർകളുടെ സഫർ കാലത്തിൽ ഒരിക്കൽ, നാല്പതുദിവസംവരെ യാതൊരു ഭക്ഷണവും കൂടാതെ കഴിഞ്ഞിരുന്നു.' സുഫ്യാൻ ഇബ്നി ഇബ്രാഹിം (റ) അവർകൾ പറയുന്നു. റസൂൽകരീം (സ.അ) ഭൂജാതനായ ദേശത്തു്, സുൽത്താൻ ഇബ്രാഹിം (റ) ഇരിക്കുന്നതായി ഞാൻ കണ്ടു തത്സമയം അദ്ദേഹത്തിൻെറ കണ്ണിൽനിന്നു് കണ്ണുനീർ ധാരധാരയായി ഒഴുകികൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തിൻെറ അടുത്തുചെന്നു ചോദിച്ചു "അല്ലയൊ, അബൂഇസ്ഹാഖേ! ഇപ്രകാരം നിങ്ങൾ കരയുന്നതിൻെറ കാരണമെന്തു്?" 'ഖൈർ' എന്നുമാത്രം അദ്ദേഹം മറുപടിപറഞ്ഞു. 'വീണ്ടും ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അതിന്നു് അദ്ദേഹം ഉത്തരം പറഞ്ഞില്ല. അപ്പോൾ മൂന്നാമതും ഞാൻ ചോദിച്ചു. അതിന്നുത്തരമായി ഇബ്രാഹിം (റ) പറഞ്ഞു. 'സുഫ്യാനെ, ഞാൻ നിങ്ങൾക്ക് 'നന്മ' അറിയിച്ചാൽ അതു നിങ്ങൾ പരസ്യമാക്കുമോ?' 'അങ്ങ്', എപ്രകാരം ഞാൻ കല്പിക്കുന്നുവൊ, അപ്രകാരം ഞാൻ പ്രവത്തിക്കാം' എന്നു ഉത്തരം പറഞ്ഞു. സുൽത്താൻ ഇബ്രാഹിം (റ) എന്നോടുപറയുവാൻ തുടങ്ങി. 'ഡിക്ക്പാജ്' എന്ന പഴം ഞാൻ മുപ്പതുവഷം മുൻപ് ആഗ്രഹിച്ചിരുന്നു. പക്ഷെ ആ, ആഗ്രഹം ഞാൻ നിയന്ത്രണാധീനത്തിൽ കൊണ്ടുവന്നതിനാൽ അതു നിശ്ശേഷം എന്നിൽനിന്നു അകന്നുനി

ന്നു. കഴിഞ്ഞ രാത്രി, എനിക്ക് നിദ്രപിടിപെട്ടപ്പോൾ, ഞാൻ ഒരു സുന്ദരനായ യുവാവിനെ കാണുകയും, അദ്ദേഹത്തിൻെറ കയ്യിൽ 'ഡിക്ക്പാജ്' പഴത്തോട്ടുകൂടിയ ഒരു പാത്രവുമുണ്ടായിരുന്നു. ആ പഴത്തിൻെറ വാസന എൻെറ മൂക്കിൽ നന്നായി അടിച്ചിരുന്നു. ഞാൻ എൻെറ ആഗ്രഹത്തെ നിയന്ത്രിച്ചു' ആ യുവാവു എന്നെ സമീപിച്ച് ഇപ്രകാരം പറഞ്ഞു 'ഇബ്രാഹിമേ ഈ പഴം നീ ഭക്ഷിക്കുക.'

'പരിശുദ്ധനായ അല്ലാഹുവിന്നുവേണ്ടി, ഞാൻ ഏതൊരു സാധനം ഭക്ഷിക്കുകയില്ലെന്നു തീരുമാനിച്ചുവൊ ആ സാധനം ഞാൻ ഭക്ഷിക്കുന്നതല്ല.' എന്നു ഞാൻ ഉത്തരം നല്കി. വീണ്ടും അദ്ദേഹം ചോദിച്ചു. 'അല്ലാഹു അനുവദിച്ച സാധനം നിനക്ക് തിന്നുകൂടെ' അപ്പോൾ കരച്ചിലല്ലാതെ, അതിന്നു മറുപടിയായി, മററൊന്നും എനിക്കുണ്ടായില്ല.' അല്ലാഹു നിനക്ക് 'റഹ്മത്തു' ചെയ്യട്ടെ' എന്നു പറഞ്ഞു അദ്ദേഹം അന്തർദ്ധാനം ചെയ്തു. പിന്നീടു, ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷണം ഞങ്ങൾ കഴിക്കുന്നതിന്നുമുൻപായി, അതു ലഭിച്ച മാർഗ്ഗവുംകൂടി അന്വേഷിച്ചറിഞ്ഞശേഷമേ ഭക്ഷിക്കാറുണ്ടായിരുന്നുള്ളു. അനന്തരം ഞാൻ ഇപ്രകാരം പറഞ്ഞു. 'ശരീരം ആഗ്രഹിക്കുന്ന സാധനങ്ങൾ പരിത്യജിച്ചവന്നു്, അതെ സാധനംതന്നെ ആഹാരമായി കൊടുക്കുന്നവനെ! നിൻെറ 'ഔലിയാക്കളോട ഭൌതികാഗ്രഹങ്ങൾ ഉറവിടുന്ന ഹൃദയങ്ങൾ മുദ്രവെയ്ക്കുന്ന റബ്ബേ! നിന്നോടുള്ള 'മുഹബ്ബത്തിൻെറ മധുരപാനീയം ഔലിയാക്കൾക്ക് കുടിപ്പിക്കു

ന്നവനെ! 'സാലിഹീങ്ങളുടെ 'ഹുറുമത്തു്'കൊണ്ടു നി ൻെറ 'ഹസനാത്തുകൾ നിൻെറ ദാസന്നു നൽകണമേ! ആമീൻ!!

അൽഗസ്സാലി (റ) അവർകൾ പറയുന്നു. 'സുൽത്താൻ ഇബ്രാഹിം (റ) അവർകൾ, യാതൊരാഹാരവുമില്ലാതെ കഠിനമായ വിശപ്പ് സഹിച്ച്, ദിവസങ്ങൾ കഴിച്ച് കൊണ്ടിരുന്നതിനിടയിൽ ഒരു ദിവസം, ഒരു ഫഖീർ അ ദ്ദേഹത്തിൻെറ അടുക്കൽവന്നു, 'വിശക്കുന്നു, എന്തെങ്കിലും ആഹാരം തരേണം' എന്നാവശ്യപ്പെട്ടു. സുൽത്താൻ ഇ ബ്രാഹിം (റ) പറഞ്ഞു. 'ഹേ! ഫഖീറേ! നിനക്ക് ഒരു ദിവസം വിശപ്പ് സഹിച്ചുകൂടെ?' എന്നു ചോദിച്ചു. 'ര ണ്ടുദിവസം വിശന്നിരുന്നാലൊ? എന്നു ഫഖീർ പറഞ്ഞു. അതിന്നുത്തരമായി 'സബ്ബൂർ' ആയിരിക്കുക, എന്നു സുൽ ത്താൻ ഇബ്രാഹിം പറഞ്ഞു. വീണ്ടും ഫഖീർ, 'മൂന്നുദി വസം വിശന്നിരുന്നാൽ എന്തുചെയ്യണം?' എന്നു ചോ ദിച്ചപ്പോൾ, 'എന്നാലും 'സബ്ബൂർ' ചെയ്യണം' എന്നു ഇ ബ്രാഹിം ഇബ്നി അദ്ഹം (റ) അവർകൾ പറഞ്ഞു. തത്സമയം ഫഖീർ, മൂന്നു ദിവസവും വിശന്നിരുന്നാൽ 'റൂഹ്' പോകുമല്ലൊ' എന്നുണർത്തിച്ചു. അപ്രകാരം 'റൂഹ്' പോകുന്നതുവരെ ഒരുവന്നു് ഭക്ഷണം കൊടുക്കാ തിരിക്കുകയില്ല. എന്നാൽ ഭക്ഷണം കൊടുക്കാതിരു ന്നാൽ, അല്ലാഹു അവൻെറ ആഹാരം അവസാനിപ്പിച്ചു വെന്നും, തന്മൂലം മരണപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കു ന്നുവെന്നും അറിയേണ്ടതാകുന്നു.'

## ഭാഗം 5

## സുൽത്താൻ ഇബ്രാഹിം (റ) അനുവദിക്കപ്പെട്ട ഭക്ഷണം അന്വേഷിച്ച് നടന്ന വിവരം

'അല്ലയൊ സത്യവിശ്വാസികളേ! 'ഞാൻ' നിങ്ങൾക്കുതന്ന ആഹാരസാധനങ്ങളിൽനിന്നു", അനുവദിക്കപ്പെട്ടവയെ തിന്നുകയും, അല്ലാഹുവിന്നു 'ശുക്കർ' ചെയ്യുകയും, അവനെ വണങ്ങുകയും ചെയ്യുക.' ഇമാം ജവ്വറി (റ) അവർകൾ പറയുന്നു. 'സുൽത്താൻ ഇബ്രാഹിം അവർകൾ തൻെറ മുതുകിൽ, വിറകുകെട്ടുകൾ ചുമടായി കയററികൊണ്ടുപോകുമ്പോൾ, ഇമാം അബൂസാഫി (റ) അവർകൾ കണ്ടു. അദ്ദേഹം ഇബ്രാഹിം (റ) അവർകളെ വിളിച്ച് ഇങ്ങനെ പറഞ്ഞു. 'അല്ലയൊ, അബൂഇസ്ഹാഖേ! നിങ്ങൾ ഇതും ചുമന്നു എങ്ങോട്ടു പോകുന്നു? നിങ്ങളുടെ സഹോദരന്മാർ കണ്ടാൽ അവർ നിങ്ങളെ ഈ പ്രവൃത്തിയിൽനിന്നു വിരമിപ്പിക്കും.' സുൽത്താൻ ഇബ്രാഹിം (റ) അതിന്നു ഇപ്രകാരം പ്രത്യുത്തരം നൽകി, 'ഏതൊരു ദാസൻ അനുവദിക്കപ്പെട്ട വസ്തുകൾ തേടുന്നതിന്നു വളരെ ക്ലേശമനുഭവിക്കുകയും താഴ്ന്ന നിലയിലെത്തുകയും ചെയ്യുന്നുവോ, അവന്നു സ്വർഗ്ഗം 'വാജിബ്' ആണെന്നു നാം അറിയിക്കപ്പെട്ടു. ആയതിനാൽ അനുവദിക്കപ്പെട്ട മുതൽ അന്വേഷിക്കുന്നതിന്നു ഞാൻ നിർബന്ധിതനായിരിക്കുന്നു. നിങ്ങൾ എന്നോടു തടസ്സം പറയരുത്'. അങ്ങനെ അദ്ദേഹം ചുമടും എടുത്തുകൊണ്ടു പോകുകയും ചെയ്തു.

തദ്കിറത്തുൽ അവ്ലിയ എന്ന കിതാബിൽ പറയുന്നു. സുൽത്താൻ ഇബ്രാഹിം അവർകൾ ഒരു പട്ടണത്തിൽ, മാസം പത്തുരൂപ ശമ്പളത്തിൽ ഒരു തോട്ടക്കാവൽകാരനായി നിയമിക്കപ്പെട്ടു. ദിവസങ്ങൾ പലതും കഴിഞ്ഞു. ഒരിക്കൽ ആ തോട്ടത്തിൻെറ ഉടമസ്ഥനും മററു ചിലരുംകൂടി തോട്ടത്തിൽ ചെന്നുകയറി. തോട്ടത്തിലുള്ള മാതളപ്പഴത്തിൽ നല്ലതുനോക്കി കുറെ പറിച്ചു കൊണ്ടുവരുവാൻ ആജ്ഞാപിച്ചു തത്സമയം സുൽത്താൻ ഇബ്രാഹിം കുറെ പഴങ്ങൾ പറിച്ചു കൊണ്ടുവന്നു യജമാനനെ ഏൽപിച്ചു. കൊണ്ടുവന്ന പഴം തിന്നുനോക്കിയപ്പോൾ അധികം പുളിതോന്നിയതിനാൽ വേറെ പഴം കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അതനുസരിച്ച് വേറെ പഴങ്ങൾ പൊട്ടിച്ച് കൊണ്ടുവന്നു. അതും തിന്നുനോക്കിയപ്പോൾ മുൻപത്തേതുപോലെ അധികം പുളിപ്പുള്ളതായിരുന്നു. അപ്പോൾ ഉടമസ്ഥൻ ഗൌരവസ്വരത്തിൽ 'ഹേ! മനുഷ്യാ! വളരെകാലമായി ഈ തോട്ടത്തിൽ ജോലിനോക്കുന്ന നിനക്ക് മധുരമുള്ളതും പുളിപ്പുള്ളതുമായ പഴങ്ങൾ ഏതെല്ലാമാണെന്നു അറിയുവാൻ സാധിക്കാതെ വന്നതിൽ ഞാൻ അത്ഭുതപെടുന്നു.' ഇതുകേട്ടപ്പോൾ, സുൽത്താൻ ഇബ്രാഹിം പറഞ്ഞു. 'എൻെറ യജമാനനേ! തോട്ടത്തിലെ പഴം തിന്നുനോക്കിയവനല്ലെ മധുരമുള്ളതും, പുളിപ്പുള്ളതും ഏതെല്ലാമെന്നു തിരിച്ചറിയുവാൻ സാധിക്കുകയുള്ളു. ഞാൻ ഈ കാലത്തിനിടയ്ക്ക് ഒരു പഴംപോലും തിന്നുനോക്കിയിട്ടില്ല.' ഉടമസ്ഥൻ ഉൽക്കണ്ഠയോടുകൂടി വീണ്ടും ചോദിച്ചു 'ഇതുകാ

ലംവരെ നീ ഈ തോട്ടത്തിൽ ജോലിനോക്കിയിട്ട എന്തു കൊണ്ടു നീ ഇതിലെ ഒരു പഴംപോലും ഭക്ഷിച്ചില്ല?' ഇബ്രാഹിം ഉത്തരം പറഞ്ഞു. 'ഈ തോട്ടത്തിലുള്ള സാധനങ്ങൾ ഒന്നും നഷ്ടപ്പെട്ടുപോകാതിരിപ്പാൻ മാത്രമാണു് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നതു്. പ്രത്യുത അവ ഇഷ്ടംപോലെ ഭക്ഷിക്കുവാനല്ല. കൂടാതെ അവ ഭക്ഷിക്കുവാൻ എനിക്കനുവാദവുമില്ല. അതുകൊണ്ടു ഞാൻ ഭക്ഷിക്കാതിരുന്നു,' അയാൾ വീണ്ടും പറഞ്ഞു. 'നിങ്ങൾ ഒരു വലിയ സാഹിദാണെന്നു തോന്നുന്നുവല്ലോ. ആലോചിച്ചതിൽ നിങ്ങൾ സുൽത്താൻ ഇബ്രാഹിമാണെന്നു ഞാൻ ബലമായി സംശയിക്കുന്നു. വീണ്ടും അയാൾ ഗാഢമായ ചിന്തയിൽ മുഴുകി, തൻെറ തോട്ടകാവൽക്കാരൻ സുൽത്താൻ ഇബ്രാഹീം തന്നയാണെന്നു ഒടുവിൽ അയാൾ മനസ്സിലാക്കി. ആ നിമിഷം മുതൽ അയാൾ ഭയവിഹ്വലനാകുകയും, തോട്ടം മുഴുവനും സുൽത്താൻ ഇബ്രാഹിം (റ) അവർകൾക്ക് വിട്ടുകൊടുക്കുകയും ചെയ്തശേഷം ഉടമസ്ഥൻ അവിടന്നു പാഞ്ഞുകളഞ്ഞു.

മററൊരവസരത്തിൽ സുൽത്താൻ ഇബ്രാഹിം (റ) അവർകൾ വഴിമദ്ധ്യെ ഒരാളെ കണ്ടുമുട്ടി. അയാളോടു ഇബ്രാഹിം (റ) ചോദിച്ചു 'നീ അല്ലാഹുവിൻെറ 'ഔലിയാ'ക്കളിൽ ഒരുത്തനാവാനാഗ്രഹിക്കുന്നുണ്ടോ?' 'ഉണ്ടു്' എന്നു അയാൾ മറുപടിപറഞ്ഞു. 'എന്നാൽ ദീനിലും' 'ദുൻയാവിലും' അല്ലാഹുവല്ലാത്ത മററല്ലാം ഉപേക്ഷിച്ച, 'ഹലാലായ' ഭക്ഷണം മാത്രം കഴിച്ച്, രാവും, പകലും അല്ലാഹുവിന്നായിമാത്രം 'ഇബാദത്തു' ചെയ്യുക.

അപ്രകാരം ജീവിക്കുന്നവരെ അല്ലാഹു 'ഖലിസ്ഥാനത്തേക്ക് ഉയർത്തുന്നതാകുന്നു. അനുവദനീയമല്ലാത്ത ആഹാരസാധനങ്ങൾ ഭക്ഷിച്ച് എത്രതന്നെ സൽകർമ്മങ്ങൾ ചെയ്താലും അവൻ 'സാലിഹായവനാകുന്നതല്ല. ആയതിനാൽ ഇന്നുമുതൽ നേർമാർഗ്ഗത്തിൽ ജീവിതം നയിക്കുക.'

ഒരു സാഹിദും, 'ആബിദുമായ' ഒരാൾ ഒരു സ്ഥലത്തു ഇരിക്കുന്നുവെന്നു കുറെ ജനങ്ങൾ ഇബ്രാഹീം (റ) അവർകളോടു പറഞ്ഞു. അയാളെ സന്ദർശിക്കുവാൻ ഇബ്രാഹിം ഇബ്നി അദ്ഹം അങ്ങോട്ടു തിരിച്ചു. ആ മനുഷ്യൻെറ അതിഥിയായി അദ്ദേഹം മൂന്നുദിവസം താമസിച്ചു. അയാളുടെ സ്ഥിതികളും പദവിയും ജനങ്ങൾ തന്നോടു പറഞ്ഞതിനേക്കാൾ കൂടുതലാണെന്നു അദ്ദേഹത്തിനു തോന്നി. എന്നാൽ അയാൾ അനുഭവിക്കുന്ന ഭക്ഷണാദികൾ നിയമാനുസരണമായതല്ലെന്നു ഒടുവിൽ ഇബ്രാഹിം ഇബ്നുഅദ്ഹമിന്നു ബോദ്ധ്യമായി, എന്നാൽ ഇയാളിൽ ഒളിച്ച് കിടക്കുന്ന തന്ത്രം എന്തെന്നു സൂക്ഷ്മമായി ഗ്രഹിക്കുവാൻ, സുൽത്താൻ ഇബ്രാഹിം (റ) അയാളെ, തൻെറ താമസസ്ഥലത്തേക്ക് ക്ഷണിച്ചു കൊണ്ടുപോയി, അവിടന്നു അയാൾ നിയമാനുസരണമായ ഭക്ഷണം കഴിച്ചുതുടങ്ങിയപ്പോൾ, അയാളുടെ അവസ്ഥയ്ക്കും, പദവിക്കും ഭംഗംവന്നുകൊണ്ടിരുന്നു. ഇപ്രകാരം തൻെറ പദവിക്കും ഭംഗം വന്നുകൊണ്ടിരുന്നു. ഇപ്രകാരം തൻെറ പദവിക്ക് മാററം സംഭവിച്ചപ്പോൾ, അയാൾ ഇബ്രാഹിം ഇബ്നു അദ്ഹമിനോടു ചോദിച്ചു.

"നിങ്ങൾ എനിക്കുവേണ്ടി എന്തുചെയ്തു?" ഇബ്രാഹിം (റ) പറഞ്ഞു. 'ഞാൻ ഒന്നും ചെയ്തില്ല. പക്ഷെ ഞാൻ നിനക്ക് നല്ല ഭക്ഷണം തന്നു. നീ ഭക്ഷിച്ചുകൊണ്ടിരുന്നതു നല്ല ഭക്ഷണമല്ലായിരുന്നു. അതുകൊണ്ട് നിന്നിൽ പിശാചിൻെറ വിളയാട്ടം ഉണ്ടായിരുന്നു. പിശാച് നിന്നെ അധഃപതിപ്പിക്കുവാൻ ചില ഉയന്ന പദവികൾ കൊണ്ടു വ്യാമോഹിപ്പിച്ചു. ആയതിനാൽ അല്ലാഹുവിൻെറ തൃപ്തി സമ്പാദിക്കുന്നതിന്നു നല്ല ഭക്ഷണാദികൾ കഴിച്ചു, സൽകമ്മങ്ങൾ ചെയ്തു ജീവിക്കുക."

## ഭാഗം 6

## ഇബ്രാഹിം ഇബ്നുഅദ്ഹം (റ) മിൻെറ 'സബ്റും' 'തവക്കലും'

'മനാഖിബുൽ ഇബ്രാഹിം എന്ന കിതാബിൽ ഇപ്രകാരം പറയുന്നു. അദ്ഹമിൻെറ മകൻ ഇബ്രാഹിം മക്കായിൽ താമസിച്ചിരുന്നകാലത്തു്, 'സുഫ്യാനുസ്സൗരി' 'ബുലൈലിബിനിഖിയാൽ' എന്നിവർ അദ്ദേഹത്തിൻെറ സ്നേഹിതന്മാരായിരുന്നു. കുറെക്കാലം കഴിഞ്ഞു ഇബ്രാഹിം (റ) അവിടെനിന്നും ശാമിലേക്കു പോയി. തോട്ടങ്ങളിലും മററും കൂലിവേല ചെയ്തിരുന്നു. കുറച്ചുകാലം മുന്തിരിതോട്ടത്തിൽ കാവൽകാരനായും ജോലി നോക്കിയിട്ടുണ്ടു്. ഇമാം. 'ഖുസൈറി' (റ) ഇപ്രകാരം പറയുന്നു. 'ഇബ്രാഹിം ഇബ്നി അദ്ഹം (റ) ഒരിക്കൽ ഒരു വഴിയിൽക്കൂടി നടന്നുപോകുമ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇപ്രകാരം ചോദിച്ചു.

'ജനങ്ങൾ അധികമായി താമസിക്കുന്ന സ്ഥലം അടുത്ത പ്രദേശത്ത് എവിടെയെങ്കിലും ഉള്ളതായി അറിയാമോ?' 'എൻെറ കൂടെ വന്നാൽ ജനങ്ങൾ കൂടുതലായി താമസിക്കുന്ന സ്ഥലം ഞാൻ കാണിച്ചുതരാം.' എന്നു ഇബ്രാഹിം (റ) മറുപടി പറഞ്ഞു. പോലീസ് ഉദ്യോഗസ്ഥനെയും കൂട്ടികൊണ്ട് ഒരു 'മഖ്ബറ' സ്ഥലത്തേക്കു പോയി. അവിടെ ചെന്നപ്പോൾ, അദ്ദേഹം 'ഖബർ' സ്ഥാനങ്ങളെ ചൂണ്ടികൊണ്ടു ഇങ്ങനെ പറഞ്ഞു. 'നോക്കു! ഇവിടെയാണ് ജനങ്ങൾ കൂടുതൽ താമസിക്കുന്നത്' ഇതുകേട്ടപ്പോൾ പോലീസ്കാരനു വളരെ ഗൌരവമുണ്ടായി. "തനിക്കു 'ഭ്രാന്താണോ?' എന്നു ചോദിച്ചുകൊണ്ടു അദ്ദേഹത്തിൻെറ തലക്കു ശക്തിയായി മർദ്ദിച്ചു. തലക്കു സാരമായ പരുക്കു സംഭവിച്ചു. പോലീസ്കാരൻ അവിടെനിന്നും പോകുമ്പോൾ, സ്ത്രീ പുരുഷഭേദമന്യേ ഒരു ജനക്കൂട്ടം വരുന്നതുകണ്ടു. 'നിങ്ങൾ കൂട്ടമായി എങ്ങോട്ടു പോകുന്നു' എന്നു പോലീസ് ഉദ്യോഗസ്ഥൻ ചോദിച്ചു. 'സുൽത്താൻ ഇബ്രാഹിം (റ) ഈ വഴിയെ പോയതായി ഞങ്ങൾ അറിഞ്ഞു. അദ്ദേഹം ഇവിടെ, എവിടെയെങ്കിലും ഉണ്ടാകുമോ എന്നന്വേഷിച്ച് പോകുകയാണ്.' സുൽത്താൻ ഇബ്രാഹിമിൻെറ അടയാളങ്ങൾ അവരിൽനിന്നും പോലീസ്കാരൻ ഗ്രഹിച്ചപ്പോൾ, താൻ മർദ്ദിച്ച ആൾതന്നെയാണ്, ഇവർ പറയുന്ന ഇബ്രാഹീമെന്നു പോലീസ്കാരനു മനസ്സിലായി. വളരെ വ്യസനത്തോടും, പരിഭ്രമത്തോടുംകൂടി, പോലീസ്കാരൻ ഇബ്രാഹിം (റ) അവർകളോടു മാപ്പു അപേക്ഷിക്കുവാൻ ആ ജനക്കൂട്ടത്തെ അനുഗമിച്ചു. അയാൾ സുൽത്താൻ ഇബ്രാഹിം (റ) മിനോടു ക്ഷമായാചനം ചെയ്തു

അവസരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. 'നീ എന്നെ മർദ്ദിച്ച് വേദനപ്പെടുത്തിപോയശേഷം, ഞാൻ അല്ലാഹുവിനോടു, നിനക്ക് മാപ്പ് തരുവാനും, നിനക്ക് സ്വർഗ്ഗം തരുവാനും പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു, നീ വ്യസനിക്കുകയും, ഭയപ്പെടുകയും വേണ്ട.' 'ഞാൻ ആവശ്യപ്പെടാതെതന്നെ ഇപ്രകാരം ചെയ്യുവാൻ കാരണമെന്താകുന്നു?' എന്നു പോലീസ്കാരൻ ചോദിച്ചു. 'എൻെറ ശിരസ്സിലേററ അടിയുടെ വേദന ഞാൻ സഹിക്കുകയും തൃപ്തിപ്പെടുകയും ചെയ്തതിന്നു് അല്ലാഹു എനിക്ക് പ്രതിഫലം തരുന്നതാകുന്നു. എന്നാൽ, പ്രതിഫലത്തിന്നു് കാരണഭൂതൻ നീ ആയതിനാൽ, നിന്നോടുള്ള സ്നേഹത്താൽ ഞാൻ അപ്രകാരം പ്രാർത്ഥിച്ചതാകുന്നു' എന്നുത്തരം നൽകി. ആ പോലീസ്കാരൻ ഇബ്രാഹിം ഇബ്നി അദ്ഹമിൻെറ രാജ്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്നുവെന്നു പ്രത്യേകം ഓർക്കേണ്ടതാണ്.

മറെറാരവസരത്തിൽ സുൽത്താൻ ഇബ്രാഹിം (റ) കപ്പലിൽ യാത്ര ചെയ്യുമ്പോൾ, അദ്ദേഹത്തിൻെറ അന്നത്തെ പ്രാകൃതവേഷം കപ്പൽ യാത്രക്കാർക്ക് അശേഷം ഇഷ്ടപ്പെട്ടിരുന്നില്ല തലമുടിയും, ദീക്ഷയും വളരെ വളൎന്നു നീണ്ടുകിടന്നിരുന്നു. കപ്പലിൽ യാത്ര ചെയ്തിരുന്ന ഒരു യുവാവ് അദ്ദേഹത്തിൻെറ രോമങ്ങളിലും, മുടിയിലും പിടിച്ച് വലിച്ചുകൊണ്ടു വളരെ അസഭ്യങ്ങൾ പറഞ്ഞു. തത്സമയം കപ്പലിലുണ്ടായിരുന്ന മററു ജനങ്ങൾ കൂട്ടത്തോടെ പരിഹസിച്ചു ചിരിച്ചു. അല്പസമയാനന്തരം, ശക്തിയായ കാററും കോളും പിടിപെട്ടു കപ്പൽ ആഴിയിൽ ആണ്ടുപോകുമെന്ന നിലയിലെത്തി. അൽപം

ഭാരം കപ്പലിൽനിന്നു നീക്കം ചെയ്താൽ കപ്പൽ രക്ഷപ്പെട്ടത്താമെന്നു പലരും അഭിപ്രായപ്പെട്ടു. അതനുസരിച്ച് പ്രാകൃതവേഷക്കാരനായും, ഭ്രാന്തനായും കാണപ്പെട്ട സുൽത്താൻ ഇബ്രാഹിമിനെ അവർ, പിടിച്ച്‌വലിച്ച് കടലിലേക്ക് എറിഞ്ഞുകളഞ്ഞു. അവരുടെ ആ പ്രവൃത്തി, തൻെറ 'സുഹ്ദ്' യാത്രയിൽ തനിക്ക് ഏററവുമിഷ്ടപ്പെട്ട ഒന്നായിരുന്നുവെന്ന്, തൻെറ യാത്രയെപററി ചോദിച്ച ഒരാളോടു അദ്ദേഹം പറഞ്ഞു.

ഒരിക്കൽ ഇബ്രാഹിം (റ) അവർകൾ 'ഇശാ' നമസ്കാരത്തിന്ന്ശേഷം വിശപ്പും ദാഹവും ശക്തിയായതുമൂലം ക്ഷീണം അധികരിച്ചതിനാൽ എഴുന്നേററു നടക്കുവാൻപോലും നിവൃത്തിയില്ലാതെ ഒരു പള്ളിയിൽ കിടന്നു. അപ്പോൾ അവിടത്തെ 'ഇമാമും' 'മുക്ക്‌റിയും' വന്നു അദ്ദേഹത്തോടു പുറത്തുപോകുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഒന്നും മിണ്ടാതെ അവിടെ തന്നെകിടന്നു. തത്സമയം അവർ രണ്ടുപേരും ഇബ്രാഹിം അവർകളെ പിടിച്ചുവലിച്ച് പുറത്തേക്കെറിഞ്ഞു. അദ്ദേഹം പള്ളിയുടെ പൂമുഖത്തുചെന്നു പതിച്ചു. അവർ വന്നുനോക്കിയപ്പോൾ അദ്ദേഹം പൂമുഖത്ത് കിടക്കുന്നതു കണ്ടതിനാൽ വീണ്ടും അവിടെ നിന്ന് കീഴോട്ട് കെട്ടിയിരുന്ന കൽപടകളിലേക്ക് തള്ളിയിട്ടു. തത്സമയം സുൽത്താൻ ഇബ്രാഹീം (റ) ഓരോ കൽപടയിൽകൂടി മറിഞ്ഞു, മറിഞ്ഞും, അദ്ദേഹത്തിൻെറ ശിരസ്സ് ഓരോന്നിലും തല്ലിയും, രക്തം ഒഴുക്കിയും താഴെ പോയിവീണു. 'ഈ സംഭവവും

എൻെറ 'സുഹ്റദിൽ' എനിക്കു് അധികം സന്തോഷമുണ്ടാക്കിയ ഒന്നായിരുന്നു.' എന്നു അദ്ദേഹം പറയുകയുണ്ടായി.

## ഭാഗം 7.

## സുൽത്താൻ ഇബ്രാഹീ (റ) മിൻെറ കറാമത്തുകൾ

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:-

'ഗയിബ് അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. അവൻ തൃപ്തിപ്പെട്ട ചിലർക്കല്ലാതെ ഗയിബ് അറിയിക്കുന്നതല്ല. അവർ റസൂലാലും മററുമത്രെ'

സ്വാഹിബീങ്ങളിൽ അഗ്രഗണ്യനായ സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ 'കറാമത്തുകൾ' നിരവധിയുണ്ടെങ്കിലും അവയിൽ ചിലതു മാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളു. സുൽത്താൻ ഇബ്രാഹിം (റ) വും മററു ചില ശൈഖന്മാരുമൊരുമിച്ചു് ഒരു മലച്ചരുവിലിരിക്കുമ്പോൾ അവരിൽ ഒരാൾ ഇബ്രാഹീം (റ) അവർകളോടു ചോദിച്ചു. 'ബഹുമാനപ്പെട്ട ശൈഖെ! ഒരു മനുഷ്യൻ 'കാമിലാണ്'ന്നറിയുന്നതിനുള്ള ലക്ഷണമെന്താകുന്നു?' അതിനു മറുപടിയായി, സുൽത്താൻ ഇബ്രാഹിം (റ) അവർകൾ ഇപ്രകാരം പറഞ്ഞു. 'കമാലിയത്തുപൂത്തിയായ ഒരു മനുഷ്യൻ ഈ മലയോടു നടക്കുവാനാജ്ഞാപിച്ചാൽ തത്സമയം അതു നടക്കുന്നതും, അപ്രകാരം അവൻ എന്തുകാര്യം ആഗ്രഹിക്കുന്നുവൊ അതു സാധിക്കുന്നതുമാകുന്നു.' അദ്ദേഹം ഇത്രയും ഉരുവിട്ട നിമിഷത്തിൽതന്നെ, അടുത്തുണ്ടായിരുന്ന മലയ്ക്കു് ചലനം സംഭവിക്കുക

യും അതു നീങ്ങുവാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ ഇബ്രാഹിം (റ) അവർകൾ പറഞ്ഞു. 'നിന്നോടു നടക്കുവാൻ പറഞ്ഞില്ല. വെറും ഒരുദാഹരണംമാത്രം പറഞ്ഞതാകുന്നു. ആയതിനാൽ നീ നടക്കാതെ, ഉറച്ച്നില്ക്കുക.' തത്സമയം മല അടങ്ങിനിന്നു.

ഒരിക്കൽ അദ്ദേഹം കപ്പൽയാത്ര ചെയ്യുകയായിരുന്നു. കപ്പൽ കുറെ പോയപ്പോൾ ശക്തിയായ കാറ്റും, കോളും കപ്പലിന് പിടിപ്പെട്ടു. കപ്പൽ മുങ്ങിപ്പോകുമെന്ന ഭയത്താൽ, യാത്രക്കാർ ഭയംകൊണ്ടും, വ്യസനംകൊണ്ടും മുറവിളികൂട്ടി. തത്സമയം സുൽത്താൻ ഇബ്രാഹിം (റ) ഒരു 'മുസഹഫ'' കയ്യിൽ എടുത്തു ഇപ്രകാരം പ്രാർത്ഥിച്ചു 'രക്ഷിതാവേ! ഈ സമുദ്രത്തിൽ ഞങ്ങളെ നശിപ്പിക്കുവാൻ 'നീ' നിശ്ചയിക്കുന്നുവെങ്കിൽ ഞങ്ങൾ പരിതപിക്കുന്നില്ല. എന്നാൽ 'നിന്റെ' കലാമായ 'ഖുർ-ആൻ ശരീഫ'' ഞങ്ങളുടെ കൈവശമുണ്ട്. അതു നശിക്കുന്നതിൽ മാത്രമേ ഞങ്ങൾക്ക് സങ്കടമുള്ളു' ഇത്രയും പ്രാർത്ഥിച്ചുതീർന്നപ്പോൾ, 'ഞാൻ അപ്രകാരം ചെയ്യുകയില്ല' എന്നൊരശരീരി ഉണ്ടാകുകയും, തത്സമയംതന്നെ കാറ്റും കോളും അടങ്ങുകയും, എല്ലാവരും സുരക്ഷിതമായി യാത്ര തുടരുകയുംചെയ്തു.

'സുഹ്ദത്തുൽ ബുസ്താൻ' എന്ന കിതാബിൽ ഇപ്രകാരം പറയുന്നു. ഒരിക്കൽ ഇബ്രാഹിം (റ) അവർകൾ ഒരു സമുദ്രതീരത്തിരുന്നു കീറിപ്പോയ വസ്ത്രം കണ്ണിമിട്ട് തുന്നിപിടിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. തത്സമയം പിശാച്, ഒരു ശൈഖിന്റെ രൂപത്തിൽ ഇ

SAYE-9

ബ്രാഹീം (റ) അവർകളുടെ മുൻപിൽ പ്രത്യക്ഷനായി പറഞ്ഞു. 'അല്ലയൊ, ഇബ്രാഹീമേ! നിങ്ങൾ ഖുറാസാൻ ഭരിച്ചുകൊണ്ടിരുന്ന രാജാവായിരുന്നില്ലേ? 'അതെ' എന്നു അദ്ദേഹം മറുപടി പറഞ്ഞു. വീണ്ടും പിശാച് 'നിങ്ങളുടെ സർവ്വ പദവിയും പ്രതാപവും പരിത്യജിച്ചു ഇപ്രകാരം ആയിതീരുവാൻ വല്ല കാരണവുമുണ്ടോ? നിങ്ങളുടെ രാജ്യവും സൈന്യങ്ങളേയുമുപേക്ഷിച്ച് ഇപ്രകാരം നടക്കുന്നതു ശരിയാണോ? ഇപ്പോൾ നിങ്ങളുടെ രാജ്യം ശത്രുരാജാവ് കീഴ്പ്പെടുത്തിയിരിക്കുന്നവിവരം നിങ്ങൾ അറിഞ്ഞോ?' പിശാചിൻെറ ഈ ചോദ്യങ്ങൾക്കു് ഇബ്രാഹിം ഇബ്നി അദ്ഹം ഇങ്ങനെ മറുപടി പറഞ്ഞു. 'എടാ! 'മൽഊനെ?' നീ ഇപ്രകാരം എത്രപേരേ ദുർമാർഗ്ഗത്തിലേക്കു നയിപ്പിച്ചു? എടാ! നശ്വരമായ ഈ രാജ്യത്തെ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. സർവ്വ പദവിയുമുള്ള അനശ്വരമായ രാജ്യമാണു് ഞാൻ ആഗ്രഹിക്കുന്നതു്. അനശ്വരമായ രാജ്യപദവിക്കുള്ള വിശേഷം നിന്നെ ഞാൻ ബോദ്ധ്യപ്പെടുത്തിതരാം.' അനന്തരം അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്ന സൂചി ആ സമുദ്രത്തിലേക്കു് എറിഞ്ഞു. സൂചി തിരിയെ കൊണ്ടുവരുവാൻ സമുദ്രത്തിലെ മത്സ്യങ്ങളോടു ആജ്ഞാപിച്ചു. തത്സമയം സമുദ്രത്തിലുണ്ടായിരുന്ന ഓരോ മത്സ്യവും, ഓരോ സൂചിയുമായി കരയേ സമീപിച്ചു. 'ഈ സൂചികളൊന്നും എനിക്കാവശ്യമില്ല. എനിക്കു് എൻെറ സൂചി മാത്രംമതി,' അപ്പോൾ അദ്ദേഹത്തിൻെറ സൂചിമാത്രം എടുത്തു കൊണ്ടുവന്നു. തത്സമയം സുൽത്താൻ ഇബ്രാഹിം (റ)

പിശാചിനെനോക്കി ഇങ്ങനെ പറഞ്ഞു. 'എടാ! ഈ ഭൂതലത്തിലുള്ള എൻെറ സർവ്വ സൈന്യങ്ങളേയും, ധനത്തേയും ചിലവുചെയ്താൽ എനിക്ക് ഇതു് സാധിക്കുമോ? അനശ്വരമായ രാജപദവികൊണ്ടു മാത്രമേ ഇതു് സാധിക്കുകയുള്ളു.' ഇതു കേട്ടശേഷം ഒരക്ഷരവും മിണ്ടാതെ പിശാച് അന്തദ്ധാനം ചെയ്തു.

ഖുദൈഫത്തു് (റ) അവർകൾ പറയുന്നു. ഒരു ദിവസം ഞാൻ ഇബ്രാഹീമുമൊരുമിച്ച് മക്കയിലേക്ക്പോയി, കൂഫായിലുള്ള ഒരു പള്ളിയിൽ ഞങ്ങൾ കുറച്ചുദിവസം താമസിച്ചു ആഹാരത്തിന് യാതൊരു മാർഗ്ഗവുമില്ലാതെ ഞങ്ങൾ വിശന്നു കഴിഞ്ഞുകൂടി. സഹിക്കവയ്യാത്ത വിശപ്പ് എനിക്ക് വളരെ ക്ഷീണവും ശരീരത്തിന് വേദനയുമുണ്ടാക്കി. എൻെറ ദയനീയസ്ഥിതികണ്ടു സുൽത്താൻ ഇബ്രാഹീം എന്നോടു ചോദിച്ചു. 'ഖുദൈഫ' നീ അസഹനീയമായ വിശപ്പിലായിരിക്കുന്നുവൊ? അപ്രകാരമെങ്കിൽ കടലാസും, മഷിയും കൊണ്ടുവരിക. വിശപ്പിന് ആഹാരമുണ്ടാക്കിതരാം.' ഞാൻ മഷിയും പേനയും, കടലാസ്സും കൊടുത്തു. കടലാസ്സിൽ അദ്ദേഹം ഇങ്ങനെ എഴുതി.

'രക്ഷിതാവേ! സർവ്വവസ്തുക്കളുടെയും രഹസ്യങ്ങൾ വ്യക്തമായവിധം, നിരന്തരം 'നീ' അറിഞ്ഞുകൊണ്ടിരിക്കുന്നവനത്രെ. എല്ലാ ജീവജാലങ്ങളുടെയും ആഗ്രഹങ്ങളേയും ആദർശങ്ങളേയും 'നീ' നഗ്നമായി അറിയുന്നു. 'നീ' എല്ലാവസ്തുതകളുടേയും പരിതഃസ്ഥിതികൾ അറിഞ്ഞിരിക്കുന്നു. അനന്തരം താഴെ കൊടുത്തിരിക്കുന്ന 'ബൈത്തുകളും' അദ്ദേഹം എഴുതി.

അനഹാമിദുൻ അനശാക്കിറുൻ അനദാക്കിറുൻ അനജാ ഇഉൻഅന കാനി ഉൻ അന ആരീഹിയസിത്തുൻവ അനള്ളമീനു ലിൻസ്ഫി ഹാഫകനിള്ള മീനുലിൻസ് ഫിഹായാ ബാരീമദ് ഹിലി ഗൈരിക്ക ദാതുലഹബിനാ രിൻഖിഫ്തുഹാ ഫഅജിറ് ഉബൈദക്കമിൻ ദുഖൂലിന്നാ രീ ഞാൻ സ്തുതിക്കുന്നവനാകുന്നു. ഞാൻ നന്ദികാണിക്കുന്ന വനാകുന്നു. ഞാൻ 'ദിക്കർ' ചെയ്യുന്നവനാകുന്നു. ഞാൻ വിശന്നവനാകുന്നു. ഞാൻ ഉള്ളതുകൊണ്ടു തൃപ്തിയടയു ന്നവനാകുന്നു. ഞാൻ വസ്ത്രമില്ലാത്തവനാകുന്നു. ഈ പറഞ്ഞ ആറുകാര്യങ്ങളിൽ പകുതിക്ക് ഉത്തരവാദി ഞാനാകുന്നു. പകുതിക്കുത്തരവാദി, എന്നെ രക്ഷിക്കുന്ന രക്ഷിതാവേ! നിനക്കാകുന്നു. ഞാൻ വിശന്നിരിക്കുമ്പോഠം, ആഹാരം നീ തരണം. ഞാൻ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവിധം എനിക്ക് നീ ഭക്ഷണം തരണം. ഞാൻ വസ്ത്രമില്ലാതിരിക്കുമ്പോഠം നീ എനിക്ക് വസ്ത്രം തരണം.'

നിന്നെ അല്ലാതെ മററൊന്നിനെ ഞാൻ സ്തുതിക്കുന്നതു് ഉജ്വലമായി ജ്വലിക്കുന്ന അഗ്നിയിൽ പെട്ടതുപോലാകുന്നു. ആയതിനാൽ നിൻെറ ഈ എളിയ ദാസൻ ആ തീയ്യിൽ പെടുന്നതിൽനിന്നും രക്ഷനൽകേണമേ!

ഇത്രയുമെഴുതിയശേഷം എഴുത്തു എന്നെ ഏല്പിച്ചു. "ഖുദൈഫാ! നിൻെറ ഹൃദയം അല്ലാഹുവിൽ 'തവക്കൽ' ചെയ്തു നീ ഈ എഴുത്തുമായിപ്പോകുക. വഴിയിൽ ആദ്യം കാണുന്നയാളെ നീ എഴുത്തേൽപിക്കുക." എന്നു സുൽത്താൻ ഇബ്രാഹീം അദ്ദേഹത്തോടു പറഞ്ഞു.

"ഞാൻ എഴുത്തുംകൊണ്ടുപോകുമ്പോൾ ഒരാൾ ഒരു കുഴ തപ്പുറത്തുവരുന്നതുകണ്ടു. തത്സമയം ഞാൻ അയാളെ എഴുത്തേൽപിച്ചു. എഴുത്ത് വായിച്ച് കുറെനേരം അയാൾ കണ്ണുനീർ ഒഴുക്കികരഞ്ഞുകൊണ്ടിരുന്നു." അനന്തരം അയാൾ ചോദിച്ചു. 'ഈ എഴുത്ത് തന്നയാൾ എവിടെ ഇരിക്കുന്നു?' "അദ്ദേഹം അടുത്തുള്ള പള്ളിയിലിരിക്കുന്നുവെന്നു ഞാൻ പറഞ്ഞു. അപ്പോൾ അയാളുടെ കൈവശമുണ്ടായിരുന്ന ഒരു സഞ്ചിയിൽനിന്നു അറുന്നൂറു തങ്കക്കാശു എന്നെ ഏൽപിച്ചശേഷം അയാൾ സ്ഥലം വിട്ടു. ഞാൻ മറെറാരാളോടു ചോദിച്ചപ്പോൾ പണം തന്ന മനുഷ്യൻ ഒരു കൃസ്ത്യാനിയായിരുന്നുവെന്നു എന്നോടു പറഞ്ഞു. ഈ തങ്കക്കാശത്രയുമായി ഞാൻ സുൽത്താനെ സമീപിച്ചു, അദ്ദേഹത്തെ അതു ഏൽപിച്ചു. അതിൽനിന്നു ഒന്നും എടുക്കരുതെന്നും, പണം തന്നയാൾ ഇപ്പോൾ ഇവിടെ വന്നുചേരുമെന്നും സുൽത്താൻ എന്നെ അറിയിച്ചു. അല്പസമയാനന്തരം പണം തന്ന കൃസ്ത്യാനി അവിടെ എത്തുകയും, സുൽത്താൻ ഇബ്രാഹിം (റ) അവർകളുടെ കാൽക്കൽവീണു് ഇപ്രകാരം അഭ്യർത്ഥിച്ചു. 'എനിക്ക് 'ശഹാദത്തു് കലിമ' ചൊല്ലിതരിക. ഞാൻ ഇസ്ലാംമാകുവാൻ ആഗ്രഹിക്കുന്നു.' അദ്ദേഹം 'ശഹാദത്തു്' ചൊല്ലികൊടുക്കുകയും, അയാൾ പരിശുദ്ധഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു

'തദ്കിറത്തുൽ അവ്ലിയാ' എന്ന കിതാബിൽ ഇപ്രകാരം പറയുന്നു. 'സുൽത്താൻ ഇബ്രാഹിം (റ) ഒരിക്കൽ കാട്ടിൽകൂടി സഞ്ചരിക്കുകയായിരുന്നു. നമസ്കാര

ത്തിന്നായി വെള്ളം അന്വേഷിച്ചു. പരിസരത്തുകണ്ട കിണററിൽനിന്നു കുറെ വെള്ളം കോരി നോക്കിയപ്പോൾ, വെള്ളത്തിനുപകരം പാത്രം നിറയെ സ്വർണ്ണമാണ് കണ്ടതു്. അതെടുത്തു കളഞ്ഞശേഷം വീണ്ടും കോരി, അപ്പോൾ പാത്രം മുഴുവൻ രത്നങ്ങളാണ് കണ്ടതു്. അതും കളഞ്ഞശേഷം ഇപ്രകാരം പ്രാർത്ഥിച്ചു. 'പരിപാലകനായ റബ്ബേ! നിന്റെ നിറഞ്ഞ ഖജാനയിൽനിന്നു എനിക്ക്തന്ന സമ്പത്തിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ ഇപ്പോൾ എനിക്ക് ഇതല്ല ആവശ്യം. ശുദ്ധി ചെയ്യുവാൻ കുറച്ച് വെള്ളമാണ് ആവശ്യം. അതുകൊണ്ടു വെള്ളം കിട്ടുവാൻ ഞാൻ വീണ്ടും പാത്രം കിണററിൽ ഇടുന്നു. എനിക്കാവശ്യമായ വെള്ളം നീ എനിക്ക് തരണം.' അങ്ങനെ പാത്രം മുക്കിഎടുത്തപ്പോൾ അദ്ദേഹത്തിന്നാവശ്യമായ വെള്ളംകിട്ടി.

സുൽത്താൻ ഇബ്രാഹിം (റ) ദുൻയാവിന്റെ രഹസ്യത്തെ യഥാർത്ഥമായവിധം ഗ്രഹിച്ചിരുന്നതിനാൽ അദ്ദേഹം വളരെ സൂക്ഷിച്ച് മാത്രമെ ഭൌതികലോകവുമായി ബന്ധം പുലർത്തിയിരുന്നുള്ളു. അന്യക്ക് അവകാശമുള്ള യാതൊന്നും അവരുടെ അനുമതികൂടാതെ അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം ഒരു സ്ഥലത്തേക്ക് യാത്രചെയ്യുവാൻ ഒരു കുതിരയെ വാടകയ്ക്കു് വാങ്ങി, കുതിരപ്പുറത്തു് യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന 'ചാട്ട' താഴെ വീണുപോയി. ഇബ്രാഹീം ഇബ്നു അദ്ഹം (റ) കുതിരയെ തിരിച്ചോടിക്കാതെ അതിനെ അവിടെ നിർത്തി, അദ്ദേഹം താഴെ ഇറങ്ങി ചാട്ടവീണ സ്ഥലംവരെ നടന്നു

പോയി. ചാട്ടഎടുത്തു മടങ്ങിവരുന്നവഴി ഒരാൾ അദ്ദേഹത്തോടു ചോദിച്ചു. 'കുതിരയെ തിരിച്ചോടിക്കാതെ നടന്നുപോയി ചാട്ട എടുക്കുവാൻ കാരണമെന്താകുന്നു?' അദ്ദേഹം പറഞ്ഞു. 'കുതിരയെ ഉപയോഗിക്കുവാൻ ആവശ്യപ്പെട്ടതിലധികം ദൂരം അതിനെ ഓടിക്കുന്നതിന്നു് എനിക്കവകാശമില്ലാഞ്ഞതുകൊണ്ടായിരുന്നു.'

സുൽത്താൻ ഇബ്രാഹിം (റ) ബൈത്തുൽ മുഖദ്ദിസിലെ ഒരു പള്ളിയിൽ 'ഇശാ' നമസ്കാരത്തിനുശേഷം രാത്രി അവിടെതന്നെ കഴിച്ചുകൂട്ടാമെന്ന ഉദ്ദേശത്തോടുകൂടി അദ്ദേഹം അവിടെ ഇരുന്നു. പക്ഷെ പള്ളി അധികാരികൾ അതു സമ്മതിക്കാതെ അദ്ദേഹത്തെ പിടിച്ചുപുറത്താക്കി. ആ പള്ളിയിൽതന്നെ കിടക്കുവാൻ ആഗ്രഹിച്ച അദ്ദേഹം പിറേറദിവസം, ആരുമറിയാതെ ചുരുട്ടിവെച്ചിരുന്ന ഒരു പായക്കുള്ളിൽ കിടന്നു. 'ഇശാ' നമസ്കാരാനന്തരം, പള്ളിയിലെ 'ഖാദിമീങ്ങൾ' പതിവനുസരിച്ചു് പള്ളി പൂട്ടിപോയി. കുറേനേരം കഴിഞ്ഞപ്പോൾ രണ്ടു 'മലക്കുകൾ' അവിടെവന്നു. അതിൽ ഒരാൾ പറഞ്ഞു. ഈ പള്ളിയിൽ നമ്മേ കൂടാതെ മററാരോ ഉള്ളതായി തോന്നുന്നു.' അപ്പോൾ രണ്ടാമത്തെയാൾ പറഞ്ഞു. 'അതു ശരിയാണു്. ഇബ്രാഹീം ഇബ്നി അദ്ഹം ഇവിടെ ഉണ്ടു്.' ഒന്നാമത്തെ മലക്ക്, 'ബൽഖിലെ രാജാവായ ഇബ്രാഹിം ഇബ്നി അദ്ഹമാണോ?' 'അതെ' എന്നു രണ്ടാമത്തെ മലക്കുത്തരം ചെയ്തു. വീണ്ടും മലക്ക് ഇങ്ങനെ തുടൎന്നു. 'അദ്ദേഹം വളരെ ദരിദ്ര

നായിരിക്കുന്നു. അല്ലാഹുവിൻെറ പ്രീതിക്കുവേണ്ടി ഉത്തമനായ ഒരു മനുഷ്യനായിത്തീരുവാൻ വളരെ ക്ലേശങ്ങൾ സഹിച്ച് പുറപ്പെട്ടിരിക്കുകയാണ്. തന്മൂലം അദ്ദേഹത്തിൻെറ പദവിയെ അല്ലാഹു ഉയർത്തി. എന്നാൽ ഇപ്പോൾ അദ്ദേഹത്തെ തരം താഴ്ത്തിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, കുറെകാലങ്ങൾക്ക് മുൻപ് സുൽത്താൻ ഇബ്രാഹീം ബസറായിൽനിന്നു കാരക്ക വാങ്ങിയപ്പോൾ, ഒരു പഴം താഴെ വീണു. അതു ഇബ്രാഹീമിൻെറതാണെന്നു വിചാരിച്ച് അദ്ദേഹം ആ പഴം ഭക്ഷിച്ചു. അന്യൻെറ അവകാശത്തിൽപെട്ടപഴം ഇബ്രാഹീമിൻെറ കുടലിൽ ചെന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ തരംതാഴ്ത്തി.' 'ഇതുകേട്ടുകൊണ്ട് കിടന്ന ഇബ്രാഹീം (റ) പിറെറദിവസം ബസറായിൽപോയി താൻ കാരക്ക വാങ്ങിയ കച്ചവടക്കാരനെ കണ്ടുപിടിച്ചു. ഒരു ദിർഹമിനു കാരക്കവാങ്ങി, അതിൽനിന്നു് ഏററവും നല്ല ഒരു കാരക്ക കച്ചവടക്കാരനുകൊടുത്തു ഇപ്രകാരം പറഞ്ഞു, ഒരിക്കൽ നിങ്ങളോടു കാരക്ക വാങ്ങിയപ്പോൾ, ഒരു പഴം താഴെ കിടക്കുന്നതുകണ്ടു, എൻെറതാണെന്നുദ്ദേശിച്ച് ഞാൻ തിന്നുപോയി. പിന്നീടാണു അതു് എൻെറതല്ലന്നു മനസ്സിലായതു്. അതുകൊണ്ട് നിങ്ങൾ ഈ പഴം സ്വീകരിക്കണം,' കച്ചവടക്കാരൻ മറുപടി പറഞ്ഞു. 'ഞാൻ നിങ്ങൾക്ക് അതു് തൃപ്തിപ്പെട്ടുതന്നിരിക്കുന്നു.' അനന്തരം അദ്ദേഹം വീണ്ടും ബൈത്തുൽമുഖദ്ദിസിലെ പള്ളിയിൽചെന്നു അന്നു രാത്രി അവിടെ താമസിച്ചു. മുൻപ് സംഭവിച്ചതുപോലെ രണ്ടു മലക്കുകൾ അവിടെവന്നു.

'ഈ പള്ളിയിൽ നമ്മളല്ലാതെ മററാരങ്കിലും ഉണ്ടോ എന്നു ഒന്നാമത്തെ മലക്ക് ചോദിച്ചതിന്നു് 'ഉണ്ടു്' എന്നു രണ്ടാമത്തെ മലക്ക് ഉത്തരം പറഞ്ഞു. ഒന്നാമത്തെ മലക്ക് വീണ്ടും ചോദിച്ചു. 'അദ്ദേഹത്തിൻെറ ഇപ്പോഴത്തെ അവസ്ഥയെന്തു?' വീണ്ടും പഴയ പദവിയിലേക്കു് അദ്ദേഹത്തെ അല്ലാഹു ഉയർത്തിയിരിക്കുന്നു.' എന്നു രണ്ടാമത്തെ മലക്കു് ഉത്തരം നൽകി. ഇതുകേട്ട സുൽത്താൻ ഇബ്രാഹിം (റ) അവർകൾ വളരെ സന്തോഷിച്ചു.

## ഭാഗം 8

## 'മനാഖിബുകളും' മററും

'യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ ബുദ്ധിമാന്മാരായ ചില ദാസന്മാർ അല്ലാഹുവിന്നുണ്ടു്. അവർ ഈ ലോകത്തിൻെറ അനർത്ഥങ്ങൾ ഭയന്നതുമൂലം ലോകമായുള്ള ബന്ധം അവർ ('തലാഖ്'കൊണ്ടു്) വേർപ്പെടുത്തി ഭൌതികലോകത്തെപററി അവർ വിചിന്തനം ചെയ്തപ്പോൾ, യാതൊരു ജീവിക്കും സ്ഥിരമായ ഒരു പാർപ്പിടം ഇവിടെയില്ലന്നു അവർ ഗ്രഹിച്ചു. ആഴമേറിയ സാഗരത്തിൽ സർവ്വവസ്തുക്കളും ആണ്ടുപോകുമെന്നു് അവക്ക് അറിയാമായിരുന്നതിനാൽ, ആ സമുദ്രത്തിൽ മുങ്ങാതിരിപ്പാൻ സൽകർമ്മങ്ങളായ കപ്പലുകൾ അവർ നിർമ്മിക്കുകയും ചെയ്തു.

'ഉയൂനുൽ അഹ്ബാർ' എന്ന കിതാബിൽ ഇപ്രകാരം പറയുന്നു. സുൽത്താൻ ഇബ്രാഹിം (റ) പറഞ്ഞു. ഞാൻ അല്ലാഹുവിൻെറ സാലിഹായ ചില ജനങ്ങളുമായി 'ലുബ്നാൻ' മലയിൽ താമസിച്ചിരിക്കുമ്പോൾ അവർ എനിക്ക് താഴെ പറയുന്ന ഉപദേശം നൽകുകയുണ്ടായി.

'ഭൗതിക സുഖത്താൽ ലയിച്ചവരുമായി നിങ്ങൾ സംസർഗ്ഗത്തിനിടവന്നാൽ അവരോടു നാല് സംഗതികൾ പറയണം. ഒന്നു, ഏതൊരുവൻ അധികമായി ഭക്ഷിക്കുന്നുവൊ അവന്നു സൽകർമ്മങ്ങളുടെ സുന്ദരരൂപം ദർശിപ്പാൻ സാധിക്കുന്നതല്ല. രണ്ടു, നിദ്രയെ ദീർഘിപ്പിക്കുന്നവനാരോ അവന്നു ജീവിതത്തിൽ സന്തോഷം കുറയും. മൂന്ന്, ഏതൊരുവൻ മനുഷ്യരുമായി കൂടുതൽ സഹവസിക്കുന്നുവൊ അവന്നു സന്മാർഗ്ഗപാത തെളിയുന്നതല്ല. നാല്, അനാവശ്യമായ സംസാരത്തിൽ ഏർപ്പെടുന്നവന്നു ഈമാൻ' കിട്ടാതെ മരണപ്പെടുവാൻ സാദ്ധ്യതകൾ ഉണ്ടു്.'

'സാദുൽ മുസാഫിരീൻ' എന്ന കിതാബിൽ പറയുന്നു. 'സുൽത്താൻ ഇബ്രാഹിം (റ) അവർകളോടു ഒരാൾ ഇപ്രകാരം അഭ്യർത്ഥിച്ചു' ഞാൻ വളരെ അധികം പാപം ചെയ്തുപോയതിനാൽ അവയിൽനിന്നു മോചനം ലഭിക്കുവാനും, അനന്തരം സന്മാർഗ്ഗപാതയിൽ ജീവിതംനയിക്കുവാനും എനിക്കു്വേണ്ട ഉപദേശങ്ങൾ നൽകണം." അതിന്നു ഇബ്രാഹീം ഇബ്നിഅദ്ഹം (റ) താഴെ പറയുന്ന ഉപദേശം നൽകി. ഒന്നു, "നീ അല്ലാഹുവിൻെറ ആജ്ഞ

ലംഘിച്ചുനടക്കുന്നതുകൊണ്ട്, ഭൂതലത്തിൽ അല്ലാഹു ദാനം ചെയ്തിട്ടുള്ള യാതൊരു ഭക്ഷണപാനീയങ്ങളും അനുഭവിക്കാതിരിക്കുക." ഇതിന്നു അയാഠം ഇപ്രകാരം മറുപടി പറഞ്ഞു. "ഭൂതലത്തിലുള്ള സർവ്വ ആഹാരപാനീയങ്ങളും അല്ലാഹുവിൻെറതുമാത്രമാകയാൽ അതു് എനിക്കു് സാദ്ധ്യമാകുകയില്ല" അല്ലാഹുവിൻെറ ഭക്ഷണപാനീയങ്ങഠം അനുഭവിച്ചു അവൻെറ ആജ്ഞയ്ക്കു് വിരുദ്ധമായി നടക്കുന്നതു് നീതിയാണോ?" എന്നു ഇബ്രാഹിം ഇബ്നിഅദ്ഹം (റ) ചോദിച്ചു. "അല്ല" എന്നു അയാഠം മറുപടികൊടുത്തു. രണ്ട്, "നീ അല്ലാഹുവിൻെറ കല്പനകളെ അനുസരിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, നീ 'അവൻെറ' ഭൂമിയിൽ ഒട്ടുംതാമസിക്കരുതു്. "ഇതു് ആദ്യം പറഞ്ഞതിനേക്കാഠം ശക്തിയേറിയതാകുന്നു. സർവ്വതും അല്ലാഹുവിൻെറ ഭൂമിയായിരിക്കെ, ഞാൻ എവിടെ താമസിക്കുവാനാണു്?" എന്നു അയാഠം ചോദിച്ചു. തത്സമയം സുൽത്താൻ ഇബ്രാഹിം (റ) പറഞ്ഞു. "നീ അല്ലാഹുവിൻെറ ദാനങ്ങഠം സ്വീകരിക്കുകയും, 'അവൻെറ' ഭൂമിയിൽ താമസിക്കുകയും അതെസമയം 'അവൻെറ കല്പനകഠംക്കു് വിപരീതമായി നടക്കുകയും ചെയ്യുന്നതു് ശരിയാണോ? "ശരിയല്ല" എന്നുത്തരം കൊടുത്തു. മൂന്നു, "നീ അല്ലാഹുവിൻെറ കല്പനകഠംക്കു് വിപരീതമായി പ്രവൎത്തിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ, അല്ലാഹു കാണാത്ത സ്ഥലത്തുപോയി നിൻെറ ഇഷ്ടംപോലെ പ്രവൎത്തിക്കുക:" അതിന്നുത്തരമായി അയാഠം പറഞ്ഞു. "പരസ്യവും, രഹസ്യവുമായ എല്ലാ സംഗതികളും അല്ലാഹു അറിഞ്ഞുകൊണ്ടി

രിക്കെ, 'അവന'റിയാതെ യാതൊന്നും ചെയ്യുവാൻ ആർക്കും സാദ്ധ്യമാകുന്നതല്ല."

"അല്ലാഹുവിൻെറ ഭക്ഷണപാനീയങ്ങൾ അനുഭവിച്ചും, 'അവൻെറ' ഭൂമിയിൽ താമസിച്ചും, 'അവൻ' കാണകെ, 'അവൻെറ കല്പനയ്ക്കു് എതിരായി ജീവിക്കുകയും ചെയ്യുന്നതു് നീതിയാണോ?" എന്നു സുൽത്താൻ ഇബ്രാഹീം (റ) അയാളോടു ചോദിച്ചു "ഒരിക്കലും നീതിയല്ല" എന്നു അയാൾ പറഞ്ഞു. "റൂഹ് കൊണ്ടുപോകുവാൻ വരുന്നമലക്ക് ഇസ്റായീ (അ)ലിനോടു ഞാൻ 'തൌബാ' ചെയ്തശേഷം എൻെറ റൂഹിനെ പിടിച്ചാൽ മതിയെന്നു നീ മലക്കിനോടു പറയണം" "ഞാൻ അപ്രകാരം പറഞ്ഞാൽ മലക്ക് അതു ശ്രദ്ധിക്കുകപോലും ചെയ്യുകയില്ല" എന്നു അയാൾ പറഞ്ഞു. അപ്പോൾ സുൽത്താൻ ഇബ്രാഹിം (റ) പറഞ്ഞു. അതു ഗ്രഹിച്ചിരിക്കെ, പിന്നെ എന്തുകൊണ്ടു ഖേദത്തോടുകൂടി തൌബാചെയ്തു, സ്വർഗ്ഗത്തിലേക്ക് തിരിയുന്നില്ല?" അഞ്ച്, "മുൻകർ, നകീർ, എന്നീ മലക്കുകൾ നിൻെറ ഖബറിൽ വന്നു നിന്നോടു ചോദ്യം ആരംഭിക്കുമ്പോൾ, നീ അവരുടെ ചോദ്യങ്ങൾ തടയുകയും അതു അനുവദിക്കാതിരിക്കുകയും ചെയ്യുക" എന്നു ഇബ്രാഹിം (റ) അവർകൾ പറഞ്ഞപ്പോൾ, "അതും എനിക്ക് സാദ്ധ്യമാകാത്ത സംഗതിയാകുന്നു" എന്നു അയാൾ പറഞ്ഞു. 'മഹ്ശറയിൽവെച്ച് പരസ്യമായി വിസ്താരം ചെയ്തു, കുററക്കാരനെന്നു് നിന്നെ വിധിക്കപ്പെടുകയും ശിക്ഷിക്കുവാനായി നിന്നെ നരകത്തിലേക്ക് കൊണ്ടുപോകുകയുംചെയ്യുമ്പോൾ, നീതയ്യാറില്ലെന്നു പറ

ഞ്ഞു. ആ തീരുമാനത്തെ എതിർത്തുകൊണ്ടു മാറിനിൽക്കു ക" ഇതു് ഏറ്റവും ഭയാനകമായ ഒരു കാര്യമാകുന്നു ഇതു് എനിക്കു് ഒരിക്കലും സാദ്ധ്യമല്ലാത്തതാകുന്നു. "നീ വളരേ കഴിവു്കുറഞ്ഞ മനുഷ്യനാണെന്നു നീ തന്നത്താൻ ബോദ്ധ്യപ്പെട്ടിരിക്കെ, പിന്നെ എന്തുകൊണ്ടു എത്രയും വേഗത്തിൽ 'തൌബാ' ചെയ്യുമടങ്ങുന്നില്ല." എന്നു സുൽത്താൻ ഇബ്രാഹിം (റ) അയാളോടു ചോദിച്ചു. ഇത്രയും കേട്ടപ്പോൾ ആ മനുഷ്യൻ വളരേ ഖേദത്തോടുകൂടി തൌബാചെയ്തുമടങ്ങുകയും, അടുത്ത നിമിഷത്തിൽ തന്നെ മരണമടയുകയും ചെയ്തു.

'റൌളുൽ ഉലമാഇ്' എന്നകിതാബിൽ ഇപ്രകാരം പറയുന്നു. സുൽത്താൻഇബ്രാഹിം (റ) പറയുന്നു. "ഞാൻ ഒരു സ്ഥലത്തു ഒരു പ്രസംഗസദസ്സ് കണ്ടു. ഞാൻ ആസദസ്സിലേക്ക്ചെന്നു. തത്സമയം അവിടെ ഒരു സുന്ദരനു നല്ല വസ്ത്രങ്ങൾ ധരിച്ചതുമായ 'ആലിം ഒരു കട്ടിലിൽ ഇരിക്കുന്നതായികണ്ടു. തത്സമയം ഒരു ആലിംസാഹിബ് കേൾക്കത്തക്കവിധത്തിൽ ഞാൻ ഇപ്രകാരംചൊല്ലി. "കേൾക്കുന്നവനും, അറിയുന്നവനുമായ അല്ലാഹുവിനോടു, ശപിക്കപ്പെട്ട പിശാചിൻെറ ഉപദ്രവത്തിൽനിന്നു് ഞാൻ അഭയം തേടുന്നു. പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ, സർവ്വരാജാധികാരവും സ്ഥിതിചെയ്യുന്ന അല്ലാഹു പരിശുദ്ധനത്രെ! അവന്നു് എല്ലാ സാധനങ്ങളിലും 'ഖുദ്റത്തു്' ഉള്ളവനാകുന്നു. ഈ കട്ടിലിനെ സൃഷ്ടിച്ചതും ആ റബ്ബ് തന്നെയാകുന്നു. "ഇതു കേട്ടപ്പോൾ ആലിം സാഹിബ് പറഞ്ഞു. 'ഖുറാസാ

നിക്കാരനായ മനുഷ്യാ! നിങ്ങൾ അബദ്ധം ഉരുവിട്ടിരിക്കുന്നു.' അപ്പോൾ സുൽത്താൻ ഇബ്രാഹിം (റ) അവർകൾ തബാറക്ക് മുതൽ കദീർ വരെ ഓതുകയും, പിന്നീട് അല്ലദീഖലകൽ കസറ എന്നു ചൊല്ലുകയും ചെയ്തു. 'അവൻ എല്ലപ്രകാരമുള്ള റബ്ബാകുന്നു, മാളിക സൃഷ്ടിച്ചവൻ.' ഇതു കേട്ടപ്പോഴും അബദ്ധമായി ഓതിയിരിക്കുന്നുവെന്നു ആലിം സാഹിബ് പറഞ്ഞു. അപ്പോൾ മുൻപ് ഓതിയതുപ്രകാരം ഓതുകയും പിന്നീട് അല്ലദീഖലക്കൽ ഫർസവല്ലജാം എന്നുചരരിക്കുകയും ചെയ്തു. 'അവൻ കുതിരയേയും ജീനിയേയും സൃഷ്ടിച്ച റബ്ബാകുന്നു,' ഇതു് ഉരരിച്ചവസരത്തിൽ ആലിം സാഹിബിൻെറ കുതിരയും ജീനിയും അവിടെ ഉണ്ടായിരുന്നു. ഇതും അബദ്ധമായിരിക്കുന്നുവെന്നു ഇബ്രാഹിം ഇബ്നി അദ്ഹമിനോടു പറഞ്ഞു. അപ്പോൾ ശരിയായ വിധത്തിൽ ഓതികേൾപ്പിക്കുവാൻ ആലിം സാഹിബിനോടു സുൽത്താൻ ഇബ്രാഹിം ആവശ്യപ്പെട്ടു. തത്സമയം ആലിം സാഹിബ് അല്ലദീഖലക്കൽ മൌത്തവൽ ഹയാത്ത എന്നു ഓതി കേൾപ്പിച്ചു. 'അവൻ മരണത്തെയും, ഹയാത്തിനേയും സൃഷ്ടിച്ച റബ്ബത്രെ.' ഇതു കേട്ട മാത്രയിൽ ഇബ്രാഹിമിബ്നി അദ്ഹം (റ) പറഞ്ഞു. 'നിന്നെ മരണത്തിന്നുവേണ്ടി സൃഷ്ടിച്ചിരിക്കുന്നുവെന്നു നീ അറിഞ്ഞിരിക്കെ, ഇത്ര വലിയ പദവിയും ആഡംബരവും നീ എന്തിന്നുവേണ്ടി ഉണ്ടാക്കുന്നു?' ഇതുകേട്ടപ്പോൾ ആലിം സാഹിബ് കട്ടിലിൽനിന്നും താഴെ ഇറങ്ങി, ബഹുമാനപുരസ്സരം പറഞ്ഞു. 'നിങ്ങൾ സൂത്രത്തിൽ എൻെറ ഹൃദയത്തിലേക്ക് അൻപ് എയ്തിരിക്കുന്നു.' അനന്തരം ആലിം സാ

ഹിബ്ബ് വളരെ ഖേദത്തോടുകൂടി 'തൗബ ചെയ്തു' സുൽത്താൻ ഇബ്രാഹിം (റ) അവർകൾ ഒരുമിച്ചു പോകുകയും ചെയ്തു.

അബ്ദുല്ലാഹിൽയാഫി ഈ (റ), ഇബ്രാഹിം ഇബ്നി അദ്ഹം (റ) പറഞ്ഞതായി ഇപ്രകാരം പറയുന്നു- 'ഞാൻ ഒരു ദിവസം രാത്രി പള്ളിയിൽ 'ഇഷാ' നമസ്കാരാനന്തരം കഴിച്ചുകൂട്ടാമെന്നു കരുതി അവിടെ കിടന്നു. തത്സമയം പള്ളിയിലെ ഇമാം വന്നു എന്നോടു പുറത്തു പോകുവാൻ ആവശ്യപ്പെട്ടു. 'ഒരു വിദേശിയായ ഞാൻ എവിടെ പോകുവാനാണെന്നു ചോദിച്ചപ്പോൾ, വിദേശികൾ പള്ളിയിലെ വിളക്കുകൾ' പായ മുതലായവ കട്ടുകൊണ്ടു പോകുന്നു എന്നു ഇമാം മറുപടി പറഞ്ഞു. 'ഞാൻ സുൽത്താൻ ഇബ്രാഹിമാണെന്നു അദ്ദേഹത്തോടു പറഞ്ഞു. തത്സമയം അതു ശ്രദ്ധിക്കാതെ ഇമാമും, മോതീനും കൂടി എൻെറ മുഖം താഴെ ഉരയത്തക്കവിധം എന്നെ വലിച്ചു കൊണ്ടുപോയി താഴെ എറിഞ്ഞു. ഞാൻ വീണ സ്ഥലത്തു നിന്നു ഒരു വിധം എഴുന്നേററു. അന്നു നല്ല തണുപ്പുള്ള സമയമായിരുന്നു. കുറച്ചകലേയായി ഒരാൾ തീകത്തിച്ച് വെള്ളം ചൂടാക്കുന്നതു കണ്ടു ഇബ്രാഹിം (റ) തണുപ്പു മാററുവാനായി അങ്ങോട്ടു ചെന്നു. അദ്ദേഹത്തോടു സെലാം ചൊല്ലി. അതിന്നു മറുപടിയായി അദ്ദേഹം ഇരിക്കുവാൻ 'ഇശാറത്തു്' മാത്രം ചെയ്തു. എന്നാൽ ആ മനുഷ്യൻ അങ്ങോട്ടും ഇങ്ങോട്ടും പരിഭ്രമത്തോടുകൂടി നോക്കിക്കൊണ്ടിരുന്നു. ഭയന്നിട്ടോ ഇപ്രകാരം നോക്കുന്നതെന്നു ഞാൻ ചോദിച്ചു. 'മരണം ഏതു ഭാഗത്തുനിന്നാണെന്നു് നോക്കിക്കൊണ്ടിരിക്കുകയാണ്.' 'എന്നു അദ്ദേഹം മറുപടി പറഞ്ഞു. വീണ്ടും ഇ

ബ്രാഹീം (റ) നിങ്ങൾക്ക് ജോലി ചെയ്തു കിട്ടുന്ന തുക നി ങ്ങൾ എങ്ങനെ ചിലവഴിക്കുന്നു?' എന്നു ചോദിച്ചു 'അത്യാവശ്യത്തിന്നു മാത്രമുള്ള സംഖ്യ സ്വന്തം ചിലവി ലേക്ക് എടുത്തശേഷം മററുള്ള സംഖ്യ എൻെറ മരണ പ്പെട്ട സഹോദരപുത്രന്മാർക്ക് വേണ്ടി ചിലവഴിക്കുന്നു എന്നു സമാധാനം നൽകി' അനന്തരം ഞാൻ അദ്ദേഹ ത്തോടു പറഞ്ഞു 'നിങ്ങളുടെ ഏതു പ്രാർത്ഥനയും അല്ലാഹു ഈ അവസരത്തിൽ സ്വീകരിക്കുന്നതാകുന്നു.' അ പ്പോൾ ഞാൻ ഇരുപതു വർഷത്തോളമായി, അല്ലാഹു വിനോടു ഒരു കാര്യം ആഗ്രഹിച്ച് പ്രാർത്ഥിച്ചുകൊണ്ടിരി ക്കയാണ്. ഇന്നുവരേക്കും അതിന്നുത്തരം കിട്ടിയിട്ടില്ല.' എന്നു അദ്ദേഹം മറുപടി പറഞ്ഞു.' 'എന്താണ് നി ൻെറ ആഗ്രഹം?' എന്നു ഇബ്രാഹിം (റ) അവർകൾ ചോ ദിച്ചു. 'സാഹിദീങ്ങളിൽ അഗ്രഗണ്യനും, ആബിദുമായ ഒരാൾ അറേബ്യയായിൽ ഉള്ളതായി എനിക്കറിയാം. അദ്ദേഹത്തെ ഒരു നോക്ക് കണ്ടതിന്ന് ശേഷമെ മരണ പ്പെടാവൂ എന്നാണ് എൻെറ ആഗ്രഹം' 'നിങ്ങൾ ആ ഗ്രഹിച്ച ഇബ്രാഹിം ഇബ്നിഅദ്ഹം ഞാനാകുന്നു.' ഇതറിഞ്ഞ ക്ഷണത്തിൽ അദ്ദേഹം ചാടി എഴുന്നേററു ആലിംഗനം ചെയ്യുകയും അനന്തരം അദ്ദേഹം മരണപ്പെ ടുകയും ചെയ്തു. അല്ലാഹു അവരേയും, നമ്മെയും ഹി സ്സത്തിലാക്കിത്തരട്ടെ! ആമീൻ!

ഒരിക്കൽ ബസ്വറയിൽവെച്ച് തദ്ദേശവാസികളായ ചിലർ ഇബ്രാഹിം ഇബ്നുഅദ്ഹം (റ) അവർകളോടു ചോദിച്ചു. 'അല്ലയൊ ഇബ്രാഹിമേ! അല്ലാഹു വിശുദ്ധ ഖുർ ആനിൽ'–

'നിങ്ങൾ താഴ്മയോടും, ഭയത്തോടും നിങ്ങളുടെ ആവശ്യങ്ങൾ എന്നോടു പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ഞാൻ ഉത്തരം ചെയ്യുന്നതാകുന്നു.' എന്നു പ്രഖ്യാപിച്ചിരിക്കുന്നു. പക്ഷെ ഞങ്ങളുടെ പ്രാർത്ഥനക്ക് യാതൊരുത്തരവും ചെയ്തു കാണാതെ വരുന്നതിനാൽ ഞങ്ങൾ വളരെ ക്ലേശിതരായിരിക്കുന്നു. ഇപ്രകാരം സംഭവിക്കാനുള്ള കാരണമെന്താകുന്നു?' അതിന്നുത്തരമായി അദ്ദേഹം പറഞ്ഞു. 'പത്തു കാരണങ്ങളാൽ നിങ്ങളുടെ ഹൃദയം മരണമടഞ്ഞിരിക്കുന്നു. ഒന്ന് അല്ലാഹുവിനെ നിങ്ങൾ അറിയുന്നുവെങ്കിലും അവനുമായുള്ള ഉത്തരവാദിത്വത്തെ നിങ്ങൾ പാലിക്കുന്നില്ല. രണ്ട്. നബി(സ. അ)തിരുമേനിയെ നിങ്ങൾ റസൂൽ ആണെന്നുഅറിയുന്നുവെങ്കിലും ബി (സ. അ)യുടെ സുന്നത്തുകളെ നിങ്ങൾ ആചരിക്കുന്നില്ല. മൂന്ന് നിങ്ങൾ ഖുർആൻ അറിയുന്നുണ്ടെങ്കിലും അതുപ്രകാരം നടക്കുന്നില്ല. നാല്. അല്ലാഹുവിൻെറ ദാനങ്ങളെ നിങ്ങൾ അനുഭവിക്കുകയും, അവന്നു നിങ്ങൾ നന്ദി കാണിക്കാതിരിക്കുകയും ചെയ്യുന്നു. അഞ്ചു'. പിശാച് നിങ്ങളുടെ ശത്രുവാണെന്നു നിങ്ങൾ ഗ്രഹിക്കുന്നുണ്ടെങ്കിലും അവൻെറ ആജ്ഞയ്ക്കനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുന്നു. ആറ് സ്വർഗ്ഗം യഥാർത്ഥമായതാണെന്നു നിങ്ങൾ അറിയുന്നുവെങ്കിലും അതിൽ പ്രവേശനം ലഭിക്കുവാൻ ആവശ്യമായ നടപടികൾ നിങ്ങൾ കൈക്കൊള്ളുന്നില്ല. ഏഴ്. നരകത്തിൻെറ യാഥാർത്ഥ്യത്തെപററി നിങ്ങൾ വിശ്വസിക്കുന്നു. പിന്നെ എന്തുകൊണ്ട് അതിനെ ഭയപ്പെട്ട് അകലുന്നില്ല. എട്ട്. മരണം നിങ്ങളെ

ഏതു നിമിഷത്തിലും സമീപിച്ചേക്കാമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിലും മരണത്തിന്നു ആവശ്യമായ ഒരുക്കങ്ങൾ നിങ്ങൾ ചെയ്യുന്നില്ല. ഒൻപതു്. ബോധമുള്ളവരാണെന്ന നാട്യത്തിൽ നിങ്ങൾ മററുള്ളവരുടെ കുററവും കുറവും അന്വേഷിക്കുന്നു. അതേ സമയത്തു നിങ്ങളുടെ കുററവും കുറവും വിസ്മരിക്കുകയോ, കാണാതിരിക്കുകയോ ചെയ്യുന്നു. പത്തു്. മരണപ്പെടുന്നവരെ നിങ്ങൾ മറവു് ചെയ്യുന്നുണ്ടെങ്കിലും ആ പ്രവൎത്തി നിങ്ങൾക്കു് യാതൊരു ഉപദേശവും നല്കുന്നില്ല. ഇക്കാരണങ്ങളാൽ അല്ലാഹു നിങ്ങളുടെ പ്രാൎത്ഥന സ്വീകരിക്കുന്നില്ല ഇത്രയും പറഞ്ഞു അദ്ദേഹം അവിടെനിന്നു പോയി.

സുൽത്താൻ ഇബ്രാഹിം (റ) അവർകളുമായി സഹവസിച്ചിരുന്ന ഒരാൾ അദ്ദേഹവുമായി യാത്ര പറഞ്ഞു പിരിയാററായപ്പോൾ ഇപ്രകാരം ചോദിച്ചു. 'പ്രിയപ്പെട്ട ശൈഖേ! എന്നിൽ ഒരു മ്ലേച്ഛതയുണ്ടു്. അതു അങ്ങു ദൎശിക്കുന്നുണ്ടെങ്കിൽ, അതു നിശ്ശേഷം ഇല്ലാതെയാക്കി വിടണം.' ഇബ്രാഹിം ഇബ്നിഅദ്ഹം (റ) ഇപ്രകാരം മറുപടി പറഞ്ഞു. 'നിന്നെ ഞാൻ സ്നേഹത്തോടുകൂടി നോക്കുന്നതു മൂലം എനിക്കു് നിൻെറ മ്ലേച്ഛത കാണുവാൻ സാധിക്കുന്നില്ല. വളരെ അഴകായ നിലയിലാണു് നിന്നെ ഞാൻ കാണുന്നതു്, 'ഹൃദയംഗമമായി സ്നേഹിക്കുന്ന യാതൊന്നിൻെറയും മ്ലേച്ഛത കാണുവാനോ കേൾക്കുവാനോ സ്നേഹിക്കുന്നവന്നു് സാധിക്കുന്നതല്ല' എന്നു് റസൂൽ (സ. അ) പ്രവചിച്ചിരിക്കുന്നതു് സ്വീക

രിക്കപ്പെട്ട 'ഹദീസിൽ, വന്നിരിക്കുന്നു. തന്മൂലം എനിക്കു് നിൻെറ ശ്രേഷ്ഠത അറിയുവാൻ സാധിച്ചില്ല.' ഇത്രയും പറഞ്ഞു് അദ്ദേഹം താഴെ കൊടുക്കുന്ന അർത്ഥം വരുന്ന നശീദ ചൊല്ലി.

'ഞാൻ സ്നേഹമുള്ളവൻെറ ശ്രേഷ്ഠത സർവ്വതും കണ്ടവനല്ല. തൃപ്തിയുടെ കണ്ണു് ന്യൂനതകൾ കാണുന്നവയിൽ നിന്നു ഒഴിഞ്ഞു നില്ക്കുമെങ്കിലും ഗൌരവം നിറഞ്ഞ കണ്ണുകൊണ്ടു് തൃപ്തിപ്പെടാത്ത നിലയിൽ നോക്കിയാൽ ഇല്ലാത്ത ന്യൂനതകൾ ഒരുവനിൽ കാണുവാൻ സാധിക്കും.' സുൽത്താൻ ഇബ്രാഹിം (റ) അവർകൾ പറയുന്നു. 'ഏതൊരുവൻ ശരീരേച്ഛകൾക്കു് അധീനമായി കഴിയുന്നുവൊ അവൻ പിശാചിൻെറ ദാസനാകുന്നു. ശരീരേച്ഛകളെ നിയന്ത്രിച്ചു ജീവിക്കുന്നവൻ യഥാർത്ഥ ദാസനാകുന്നു. മൂന്നു കാര്യങ്ങളിൽ ശ്രദ്ധ പതിക്കാത്തവനു അനുഗ്രത്തിൻെറ കവാടം അടയ്ക്കപ്പെട്ടുന്നതാകുന്നു. 1) വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ അശ്രദ്ധനായിരിക്കുക. 2) അല്ലാഹുവിനെ ദിക്കർ ചെയ്യുമ്പോൾ അതിലേക്കു് ഫിക്ക്റ് ഇല്ലാതിരിക്കൽ 3) നമസ്കരിക്കുമ്പോൾ ഭയം ഇല്ലാതിരിക്കുക, ഇവയാകുന്നു.

സുൽത്താൻ ഇബ്രാഹിം (റ) രാജപദവികളും മററുമുപേക്ഷിച്ചു് പുറപ്പെട്ട കാലത്തു് അദ്ദേഹത്തിന്നു് മുലകുടി പ്രായത്തിൽ ഒരു കുട്ടി ഉണ്ടായിരുന്നു. മതപഠനത്തിനായി മദ്രസ്സായിൽ പോയിക്കൊണ്ടിരുന്ന കുട്ടിയെ മററു കുട്ടികൾ പിതാവില്ലാത്തവനാണെന്നും മററും പറഞ്ഞു ശല്യപ്പെടുത്തി. വികാരം നിറഞ്ഞ കുട്ടി പ്രായപൂർത്തി വന്നപ്പോൾ മാതാവിനോടു ഇപ്രകാരം ചോദി

ച്ച 'എൻെറ പിതാവ് ആരാകുന്നു? അദ്ദേഹം ഇപ്പോൾ എവിടെ ഉണ്ട്? രാജ്യം ഉപേക്ഷിച്ച പോകുവാൻ കാരണമെന്ത്?' ഈ ചോദ്യങ്ങൾക്കുത്തരമായി സുൽത്താൻ ഇബ്രാഹിമിൻെറ രാജ്യപരിത്യാഗവൃത്താന്തങ്ങൾ ആദ്യന്തം കുട്ടിയെ മാതാവ് കേൾപ്പിച്ചു. പിതാവ് ഇപ്പോൾ മക്കായിൽ ഉണ്ടെന്നു മററു പലരിൽനിന്നും അറിയുവാൻ സാധിച്ചിട്ടുണ്ടെന്നു മാതാവ് കുട്ടിയെ അറിയിക്കുകയുണ്ടായി. ഈ വിവരം ധരിച്ച കുട്ടി തൻെറ പിതാവിനെ കാണുവാൻ അതിരററ ആഗ്രഹത്തോടുകൂടി മക്കായിലേക്കു പോകുവാൻ തീരുമാനിച്ചു. അന്നു ഹജ്ജ്കാലവും സമീപിച്ചിരുന്നതിനാൽ, ഹജ്ജ് കർമ്മം ചെയ്യുവാൻ ആഗ്രഹിക്കുന്നവരും, അതെ സമയത്ത് ഹജ്ജിന് പോകുവാൻ കഴിവില്ലാതെ നിരാശപ്പെടുന്നവരുമായ എല്ലാവരും തൻെറ കൂടെ അനുഗമിക്കുവാൻ രാജ്യമാസകലം ഒരു വിളംബരം മൂലം പരസ്യം ചെയ്തു. അപ്രകാരം നാലായിരം ജനങ്ങൾ കുട്ടിയേയും മാതാവിനേയും അനുഗമിച്ചു. അവർ പരിവാരസമേതം മക്കായിലെത്തി. അവിടെ ഒരു കൂടാരമടിച്ച് താമസം തുടങ്ങി. അവരെ സമീപിച്ച ചില ഫഖീറന്മാരോടു ഇബ്രാഹിം ഇബ്നി അദ്ഹം (റ) അവർകളെപ്പററി ചില അന്വേഷണങ്ങൾ നടത്തി. അദ്ദേഹം ഫഖീറന്മാരുടെ ശൈഖാണെന്നും അവരുടെ ഭക്ഷണച്ചിലവിന്നായി വിറക് ശേഖരിപ്പാൻ കാട്ടിലേക്ക് പോയിരിക്കുകയാണെന്നും ആ ഫഖീറന്മാർ അവരെ ധരിപ്പിച്ചു. തത്സമയം കാടിനെ ലക്ഷ്യമാക്കി കുട്ടി തൻെറ പിതാവിനെ കാണുവാൻ പുറപ്പെട്ടു. കുറെ ദൂരം ചെന്നപ്പോൾ ഒരു വയസ്സൻ ഒരു കെട്ട് വിറക്

മുതുകിൽ കയററി കൊണ്ടു വരുന്നതു കണ്ടു. അതു തൻെറ പിതാവു് തന്നെയായിരിക്കാമെന്നു് കുട്ടി ഊഹിച്ചു. അതിററ സ്നേഹവും, വ്യസനവും കരളിൽ മറച്ചു വെച്ചു്, മകനാണെന്നു് ധരിപ്പിക്കാതെ പിതാവിൻെറ പിന്നാലെ കുട്ടി അനുഗമിച്ചു. ഇബ്രാഹിം ഇബ്നിഅദ്ഹം വിറകു്കെട്ടു് പട്ടണത്തിൽ കൊണ്ടുവന്നു ഇപ്രകാരം ചോദിച്ചു. 'ശുബ്ഹത്തു് കലരാത്തതും, നല്ലതുമായ ഈ വിറകു് വാങ്ങി പകരം നല്ല സാധനങ്ങൾ തരുവാൻ ആരെങ്കിലുമുണ്ടോ?' അപ്പോൾ ഒരു മനുഷ്യൻ വന്നു ഏതാനും റൊട്ടികൾ കൊടുത്തു പകരം വിറകും വാങ്ങി പോയി. ആ റൊട്ടികൾ തൻെറ ശിഷ്യഗണങ്ങളായ ഫഖീറന്മാരെ തീററിച്ച ശേഷം നമസ്ക്കാരാദികൾ കഴിഞ്ഞു അദ്ദേഹം പള്ളിയിലേക്കു പോയി. തൻെറ പിതാവിൻെറ ആ പ്രവൃത്തികളെല്ലാം വളരെ സൂക്ഷ്മതയോടുകൂടി കുട്ടി നോക്കിക്കൊണ്ടിരുന്നു.

തൻെറ ശിഷ്യഗണങ്ങളായ ഫഖീറന്മാരോടു ഇബ്രാഹിം (റ) ഇപ്രകാരം ഉപദേശിച്ചിരുന്നു. 'നിങ്ങൾ അംറദ് ആയ കുട്ടികളെ നോക്കരുതു, അവക്കു് സ്ത്രീകളുടെ വിധിയാണുള്ളതു്. അതുകൊണ്ടു് അവരുമായി കൂടുതൽ സഹകരിക്കരുതു്. പ്രത്യേകിച്ചു, ഹജ്ജ് കാലങ്ങളിൽ വളരെ സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ ഹജ്ജിൻെറ അവസരങ്ങളിൽ സ്ത്രീകളെന്നോ, പുരുഷന്മാരെന്നോ, പ്രായം തികയാത്ത അംറദ് ആയ കുട്ടികളെന്നോ വ്യത്യാസമില്ലാതെ സർവ്വരും ഒരുമിച്ചു കൂടുന്ന ഒരവസരമാകുന്നു.'

എന്നാൽ 'കഅബം' തവാഫ് ചെയ്തുകൊണ്ടിരിക്കുമ്പോഴം, പ്രായം തികയാത്ത ഒരു കുട്ടിയെ സുൽത്താൻ ഇബ്രാഹിം (റ) പല പ്രാവശ്യം നോക്കുകയുണ്ടായി. ഇതു കണ്ടുകൊണ്ടിരുന്ന തൻെറ ശിഷ്യഗണങ്ങളിൽപ്പെട്ട ഒരു ഫഖീർ ഇങ്ങനെ ചോദിച്ചു. 'ശൈഖേ! അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ! ഞങ്ങളോടുപദേശിച്ചതിനു വിപരീതമായി, താങ്കൾ 'തവാഫ്' ചെയ്തപ്പോൾ, അതിസുന്ദരനായ ഒരു കുട്ടിയെ പല പ്രാവശ്യം നോക്കുന്നതു കണ്ടു. അതിന്നു കാരണമെന്താകുന്നു? 'ഞാൻ സർവ്വതും പരിത്യജിച്ചു എൻെറ രാജധാനി വിട്ടിറങ്ങിയ കാലത്തു് എനിക്കു് മുലകുടി പ്രായത്തിൽ ഒരു കുട്ടി ഉണ്ടായിരുന്നു. ഇന്നു ഞാൻ തവാഫ് ചെയ്തപ്പോൾ കണ്ട കുട്ടി എൻേറതാണോ എന്നു ഞാൻ ബലമായി സംശയിച്ചതിനാലാണു് അത്രക്കു് സൂക്ഷ്മമായി നോക്കിയതു്.

പിറെറ ദിവസം അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളിൽപ്പെട്ട ഒരു ഫഖീർ ബൽക്കിലെ രാജകുമാരൻെറ കൂടാരം കണ്ടുപിടിക്കുകയും, അവിടെ തയ്യാറാക്കിയിരുന്ന ഒരു സിംഹാസനത്തിലിരുന്നു് ഒരു സുന്ദരനായ കുട്ടി മുസഹഫ് ഓതികൊണ്ടിരിക്കുകയും കണ്ണുനീർ പൊഴിക്കുകയും ചെയ്യുന്നതായി കണ്ടു. ഫഖീർ സലാം ചൊല്ലി. അനുവാദം കിട്ടിയതനുസരിച്ചു് അകത്തു പ്രവേശിച്ചു. ഫഖീർ കുട്ടിയോടു ചോദിച്ചു. 'താങ്കൾ ആർ? താങ്കളുടെ പിതാവിൻെറ പേരെന്തു്? ഇതിന്നുത്തരമായി കുട്ടി തൻെറ പിതാവായ സുൽത്താൻ ഇബ്രാഹിം ഇബ്നിഅദ്ഹമിൻെറ സർവ്വചരിത്രവും ഫഖീറെ പറഞ്ഞുകേൾപ്പി

ച്ചു. വീണ്ടും കുട്ടി പറഞ്ഞു. 'ഞാൻ എൻെറ പിതാവിനെ ഇതേ വരേക്കും കണ്ടിട്ടില്ല. അടുത്ത ദിവസം മാത്രമാണു് അദ്ദേഹത്തെ എനിക്കു കാണുവാൻ സാധിച്ചതു്. തത്സമയം അദ്ദേഹം എന്നെ നേരിട്ടു കണ്ടാൽ ഓടിപ്പോകുമെന്നു് ഭയന്നു് ഞാൻ അദ്ദേഹത്തെ നേരിട്ടു പരിചയപ്പെട്ടില്ല.' ഇതു കേട്ടപ്പോൾ ഫഖീർ പറഞ്ഞു: 'നിങ്ങൾക്കു് പിതാവിനെ കാണണമെന്നാഗ്രഹമുണ്ടെങ്കിൽ എൻെറ കൂടെ വന്നാൽ ഞാൻ അദ്ദേഹത്തെ കാണിച്ചു തരാം.' അനന്തരം, കുട്ടിയും മാതാവും മററു ചിലരുമായി പിതാവിനെ കാണുവാൻ ഫഖീർ ഒരുമിച്ചു പുറപ്പെട്ടു. ഇബ്രാഹിം (റ) ക അമ്പയിൽ 'റുകുനൽ യമാൻ എന്ന സ്ഥാനത്തിരിക്കുന്നതു് കുട്ടിയുടെ മാതാവു് രാജപദവിയിൽ അലങ്കരിച്ചിരുന്ന ഭത്താവിൻെറ ദയനീയ സ്ഥിതി കണ്ടപ്പോൾ ആ സ്ത്രീയുടെ ഹൃദയത്തിന്നു് ഒരു കോളിളക്കം ഉണ്ടാകുകയും, ധാരധാരയായി കണ്ണുനീർ പൊഴിക്കുകയും ചെയ്തു. ഒടുവിൽ മകനെ വിളിച്ചു ഇങ്ങനെ പറഞ്ഞു. 'കുഞ്ഞുമകനെ! സവ്വശക്തനായ റബ്ബിൻെറ തിരുനാമത്തിൽ, നിൻെറ പിതാവും എൻെറ ഭത്താവുമായ ദേഹം ആ ഇരിക്കുന്നയാൾ തന്നെയാകുന്നു.' അത്ഭുതപരവശരായ ജനങ്ങൾ ഇതു കേട്ടു മുറവിളി കൂട്ടി. ഇതറിഞ്ഞ ഇബ്രാഹിം ഇബ്നിഅദ്ഹം (റ) എഴുന്നേററു വന്നു മകനെ അണച്ചുപിടിച്ചു് ചുംബനം ചെയ്തു. പിന്നീടു് മകനോടു അദ്ദേഹം ഇപ്രകാരം ചോദിച്ചു. 'മകനെ! നീ ഏതു സമുദായത്തിൽ നില കൊള്ളുന്നു?' ഉത്തരം- 'ഞാൻ മുഹമ്മദ് മുസ്തഫാറസൂൽ (സ.അ) തിരുമേനിയുടെ സമുദായത്തിലും മാഗ്ഗത്തിലും

നില കൊള്ളുന്നു.' ഉടനെ അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചു ശേഷം വീണ്ടും ചോദിച്ചു. 'മകനെ! നീ ഖുർആൻ പഠിച്ചിട്ടുണ്ടോ?' ഉണ്ടെന്നുത്തരം പറഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവിനെ വീണ്ടും സ്തുതിച്ചു. പിന്നീട് അവിടെ നിന്നു അദ്ദേഹം പോകുവാൻ ഭാവിച്ചു. ഉടനെ മകൻ പിതാവിനെ തടഞ്ഞുകൊണ്ടു രാജധാനിയിലേക്ക് വരുവാൻ വളരെ നിർബ്ബന്ധിച്ചു. പക്ഷെ അദ്ദേഹം അതൊന്നും ചെവിക്കൊണ്ടില്ല, ഒടുവിൽ മകൻ ഇപ്രകാരം ചോദിച്ചു തുടങ്ങി. 'ഇനി ഞാൻ അങ്ങയെ എപ്പോൾ എവിടെ വെച്ചു കാണും?' ഇബ്രാഹിം ഇബ്നു അദ്ഹം (റ) പറഞ്ഞു. 'നാളെ മഹ്ശറയിൽ വെച്ചു കാണാം.' 'മഹ്ശറയിൽ സർവ്വ സൃഷ്ടികളും കൂട്ടംകൂട്ടമായി കൂടിയിരിക്കുമ്പോൾ ഞാൻ പിതാവിനെ എവിടെയാണ് അന്വേഷിക്കേണ്ടതു്!' എന്നു മകൻ ചോദിച്ചു. സജ്ജനങ്ങളേയും, ദുർജ്ജനങ്ങളേയും വേർതിരിച്ചു നിറുത്തുമ്പോൾ ദുർജനങ്ങളെ നിർത്തിയിരിക്കുന്ന സ്ഥാനത്തു് നീ എന്നെ അന്വേഷിക്കുക' എന്നു പിതാവു് ഉത്തരം നല്കി. പിതാവെ ഞാൻ അവിടെയും അങ്ങയെ കണ്ടില്ലെങ്കിൽ പിന്നെ എവിടെ ഉണ്ടാകും?' എന്നു മകൻ ചോദിച്ചപ്പോൾ, 'സിറാത്തുൽ മുസ്തഖീം' എന്ന പാലത്തിന്നു് സമീപം അന്വേഷിക്കുക' എന്നു പറഞ്ഞു. വീണ്ടും 'അവിടെയും കണ്ടില്ലെങ്കിലൊ?' എന്നു കുട്ടി ചോദിച്ചു. തത്സമയം പിതാവു് പറഞ്ഞു. 'മകനെ സൽകർമ്മങ്ങളേയും, ദുഷ്കർമ്മങ്ങളേയും തൂക്കുന്ന ത്രാസിന്നു് സമീപം അന്വേഷിക്കുക. അപ്പോൾ മകൻ 'പിതാവെ! ത്രാസിന്റെ രണ്ടു തട്ടും തമ്മിലുള്ള ദൂരം അഞ്ഞൂറുകൊല്ലമായിരിക്കെ ഞാൻ ഏതു തട്ടിന്റെ സമീ

മീപമാണ നിൽക്കേണ്ടതു്?' എന്നു ചോദിച്ചു. പിതാവു് മറുപടി പറഞ്ഞു. 'കുഞ്ഞുമകനെ പാപികളെ നിൎത്തുന്ന തട്ടിന്റ സമീപം നീ എന്നെ അന്വേഷിക്കുക.' അപ്പോൾ മകൻ വീണ്ടും ചോദിച്ചു. 'പിതാവെ! ഞാൻ അവിടെയും കണ്ടില്ലങ്കിലോ?' ഉടനെ സുൽത്താൻ ഇബ്രാഹിം (റ) പറഞ്ഞു. 'മകനെ നരകത്തിന്നു് കാവൽ നില്ക്കുന്ന 'മാലിക്ക്'' എന്ന മലക്കിനോട്ടു്, 'ഇബ്രാഹിം എന്ന മൂധേവി ഇവിടെ ഉണ്ടോ എന്നു ചോദിക്കണം' അവിടെയും കണ്ടില്ലങ്കിലൊ എന്നു മകൻ വീണ്ടും ചോദിച്ചപ്പോൾ അദ്ദേഹം സ്വല്പനേരം മൌനം അവലംബിക്കുകയും പിന്നീട്ടു് കൈ ഉയൎത്തികൊണ്ടു കുറച്ചുനേരം നില്ക്കുകയും, തൽക്ഷണം കുട്ടി മരണപ്പെട്ടു നിലം പതിക്കുകയും ചെയ്തു. ആ സംഭവം കണ്ടു അത്ഭുതപ്പെട്ട ഫഖീറന്മാർ അദ്ദേഹത്തോടു ചോദിച്ചു. 'ബഹുമാനപ്പെട്ട ശൈഖേ! ഇതെന്തൊരത്ഭുതമാകുന്നു?' അദ്ദേഹം മറുപടി പറഞ്ഞു. 'ഞാൻ എന്റെ മകനെ തലോടിക്കൊണ്ടു സംസാരിച്ചിരിക്കുമ്പോൾ, ഒരശരീരി കേട്ടു. 'ഹേ ഇബ്രാഹിമെ! എന്നെ അല്ലാതെ മറ്റൊന്നിനേയും, നീ സ്നേഹിക്കുകയില്ലന്നു, നീ സത്യം ചെയ്തിരിക്കെ, ഇപ്പോൾ നീ എന്തുകൊണ്ടാണ മകനെ സ്നേഹിക്കുന്നതു്?' ഈ ശബ്ദം കേട്ടപ്പോൾ ഞാൻ രക്ഷിതാവിനോടു ഇപ്രകാരം പ്രാൎത്ഥിച്ചു 'രക്ഷിതാവേ! നിന്നോടുള്ള സ്നേഹത്തിന്നു് പ്രതിബന്ധം ഉണ്ടായതു ഈ കുട്ടി കാരണമാണു്. അതുകൊണ്ടു്, ഒന്നുകിൽ, ഈ കുട്ടിയുടെ, അല്ലെങ്കിൽ എന്റെ 'റൂഹിനെ' ഇപ്പോൾ എടുക്കണം' എന്നു പ്രാൎത്ഥിച്ചപ്പോൾ കുട്ടിയുടെ

നാമം ആദ്യം ഉച്ചരിച്ചു് പോയതിനാൽ അല്ലാഹു അതു സ്വീകരിച്ചു.'

ഇപ്രകാരം സുൽത്താൻ ഇബ്രാഹിം (റ) മക്കായിൽ പന്ത്രണ്ടു് വർഷം താമസിച്ചു. ഒരു ദിവസം ഇപ്രകാരം ഒരശരീരിയുണ്ടായി. 'നിശ്ചയമായും ഭൂമിയുടെ 'അമാനത്തു്' മരണമടഞ്ഞിരിക്കുന്നു.' ഈ ശബ്ദം കേട്ടു ജനങ്ങൾ വന്നു നോക്കുമ്പോൾ ഭൂമിയുടെ അമാനത്തായ സുൽത്താൻ ഇബ്രാഹിം ഇബ്നിഅദ്ഹം (റ) മരണപ്പെട്ടു കിടക്കുന്നതായി കണ്ടു. സർവ്വലോകപരിപാലകനായ റബ്ബ് അദ്ദേഹത്തിന്നു് നിത്യസമാധാനം നൽകട്ടെ! ആമീൻ!!

ഇബ്രാഹിം ഇബ്നിഅദ്ഹം (റ) സുഹ്ദ് പൂണ്ടപ്പെട്ട കാലത്തു് പ്രതിജ്ഞയായി ചൊല്ലിയ ഒരു ബൈത്തു താഴെ ചേർക്കുന്നു.

തറക്കു് തുൽഖൽക്ക ത്വുറൻ ഫീഹിലാക്കാ ഖഅയ്തം തുൽഇയാല ലൈക്ക അറാക്ക ഫലൌഖത്ത അത്നീ ഫിൽ ഹുബ്ബി ഇർബാലി മാള ന്നൽഫു ആദ ഇലാസിവാക

'രക്ഷിതാവെ! നിൻെറ തൃപ്തി സമ്പാദനത്തിന്നായി ഞാൻ സർവ്വസൃഷ്ടികളേയുമുപേക്ഷിക്കുന്നു. എൻെറ സന്താനങ്ങളേയും മറ്റും ഞാൻ അനാഥകളാക്കുന്നു. നിൻെറ 'ലിഖാ'യെ കാണുവാൻ മാത്രമാണു് ഞാൻ ഇപ്രകാരം ചെയ്യുന്നതു്, 'നിന്നെ ഞാൻ സ്നേഹിക്കുന്നതിനാൽ, എന്നെ നീ, കഷ്ണം, കഷ്ണമായി മുറിച്ചാലും ശരി, നിന്നെ അല്ലാതെ മറ്റൊന്നിനേയും എൻെറ ഹൃദയം ആശിക്കുകയോ, സ്നേഹിക്കുകയോ ചെയ്യുന്നതല്ല.

———

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M08 Acc. No. 45699

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 28 MAR 1975 | | |
| 8 MAY 1976 | | |
| 5 JUN 1981 | | |
| 27 JUL 1981 | | |
| 7 JAN 1982 | | |
| 21 AUG 1987 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

M08
Abd-H

45699

അബ്ദുല്ല. പി. ബി.

ഹസ്രത്ത് ഇബ്റാഹിമുബ്നു അദ്ഹം.

# സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം

## താരീഖുൽ ഇസ്‌ലാം

ലോകോൽപ്പത്തിയും ആദിപിതാവായ ആദമി (അ) ന്റെ സൃഷ്ടിയും തുടങ്ങി എല്ലാ പ്രവാചകരുടെയും ജീവിതഭാഗങ്ങളുടെയും ചരിത്രങ്ങളിലൂടെ, നാലു ഖലീഫമാരുടെ സമ്പൂർണ്ണ ചരിത്രത്തോടെ, പ്രവാചകരുടെ കാലശേഷം നാം ഇന്നെത്തിനിൽക്കുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെയുള്ള ആധികാരികമായ ഇസ്‌ലാം ചരിത്രമാണിത്. അബുൽഫിദാ, വാഖിദീ, ഇബ്‌ന് [illegible] ഇബ്നുഹിശാം, ഇബ്‌നുഖൽദൂൻ എന്നീ പ്രാചീന ചരിത്രകാരന്മാരുടെയും അല്ലാമ: അക്‌ബർഷാഖാൻ നജീബ് ആബാദി തുടങ്ങിയ ആധുനിക പ്രാമാണിക ചരിത്രകാരന്മാരുടെയും ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി [illegible] ചരിത്രപണ്ഡിതന്മാരായ എഴുത്തുകാരടങ്ങിയ [illegible] വിദഗ്ദ്ധസമിതിയുടെ വർഷങ്ങളിലെ അത്യദ്ധ്വാനത്തിന്റെ ഫലമാണിത്.

വില: 30 രൂപ.

---

**ആമിനാ ബുക്ക് സ്റ്റാൾ, തൃശൂർ-1**

ബ്രാഞ്ച്: കോർപ്പറേഷൻ ബസ്സ്സ്റ്റാന്റിന്റെ [illegible] ഭാഗത്ത് തലയുയർത്തിനില്ക്കുന്ന [illegible]സ്സും മുഹ്‌യിദ്ദീൻ പള്ളിയുടെ തെക്കുഭാഗത്തുള്ള ഇടവഴിയിൽ പള്ളിവക സ്ഥലത്തു നിന്നു ആമിനായുടെ ശാഖ പ്രവർത്തിക്കുന്നു.

ആമിനാ ബുക്ക് സ്റ്റാൾ,
മസ്ജിദ് ബസാർ, കോഴിക്കോട്-1.

# ത്ത്
# ബ്റാഹിമുബ്നു അദ്ഹം



AMINA BOOK STALL
TRICHUR-1

പി.ബി. അബ്ദുല്ല

Indic Digital Archive Foundation
gpura.org